fmpb

# FMPB മിത്രസമാചാർ

(for private circulation only)

വാല്യം : 12

ലക്കം : 2

ഫെബ്രുവരി : 2022




**അതു നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ സന്നിധിയിൽ നല്ലതും പ്രസാദകരവും ആകുന്നു. അവൻ സകല മനുഷ്യരും രക്ഷ പ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാനും ഇച്ഛിക്കുന്നു.**

(1തിമൊ. 2:3-4)

**FMPB യുടെ മിഷൻ വയലുകളും മിഷൻ കേന്ദ്ര ങ്ങളും ഇന്ത്യയുടെ ഭൂപട ത്തിൽ കുത്തകളാൽ (·) രേഖപ്പെടുത്തിയിരിക്കുന്നു.**

# ആമുഖം ...

## ദൃഢനിശ്ചയവും തീവ്രതയും ആസൂത്രണത്തിൽ



വ്യവസ്ഥകളുടെയും പ്രവചനാത്മകതയുടെയും ക്രമത്തിന്റെയും ദൈവമായ നമ്മുടെ ദൈവം ആസൂത്രണത്തെ മാനിക്കുന്നു. പിതാവായ ദൈവത്തിന്റെ പദ്ധതി പ്രാവർത്തീകമാക്കുന്നതിനു പുത്രനായ ദൈവത്തെ ഭരമേല്പിച്ചു. പരിശുദ്ധാത്മാവാം ദൈവം അത് നമുക്കു വെളിപ്പെടുത്തി തരികയും നമ്മെ പഠിപ്പിക്കുകയും ചെയ്തു. അതെ, പിതാവിന്റെ പദ്ധതി പുത്രൻ പ്രാവർത്തികമാക്കുകയും പരിശുദ്ധാത്മാവ് നമുക്കു വെളിപ്പെടുത്തി തരികയും ചെയ്തു. എല്ലാ പദ്ധതികളിലും ദൈവത്തിനു ഒരു പങ്ക് ഉണ്ട്. നമുക്കും ഓരു പങ്ക് ഉണ്ട്. പരിശുദ്ധാത്മാവിന്റെയും യേശുക്രിസ്തുവിന്റെയും സഹായത്താൽ നാം ആലോചിക്കുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കേണ്ടത് ആവശ്യമാകുന്നു. നമ്മുടെ ജീവിതങ്ങളിലും ശുശ്രൂഷകളിലും ദൈവം തന്റെ പദ്ധതി നടപ്പിലാക്കുമ്പോൾ ദൈവീക ഉദ്ദേശം വെളിപ്പെടുന്നത് വരെയുള്ള സംഭവികാസങ്ങൾ ദൈവം രൂപകല്പന ചെയ്യുകയും ക്രമീകരിക്കുകയും ചെയ്യും.

ദൈവീക പദ്ധതികളുടെ വിശദ വിവരങ്ങൾ വേദപുസ്തകത്തിലൂടനീളം പ്രതിപാദിച്ചിട്ടുണ്ട്. ദൈവത്തിനു രാജ്യങ്ങൾ, ജനവിഭാഗം, വ്യക്തികൾ എന്നിവയെ കുറിച്ചു പദ്ധതികളുണ്ട്. ദൈവത്തെ അറിയുന്നവർക്കുള്ള ദൈവത്തിന്റെ പദ്ധതിയിൽ രക്ഷയുടെ സുവാർത്ത മറ്റുള്ളവരിലേക്കു എത്തിക്കുക എന്നതാണെന്നു നമുക്കറിയാം. (മത്തായി. 28:19:2; കൊരി.5:20). രക്ഷക്കപ്പുറം ദൈവം നമുക്കു നൽകിയ കൃപാവരങ്ങൾ, താലന്തുകൾ, കഴിവുകൾ എന്നിവ എങ്ങനെ മെച്ചമായ രീതിയിൽ ഉപയോഗിച്ചു നിത്യമായ സ്വാധീനം ചെലുത്താമെന്നും ദൈവത്തിനറിയാം. ദൈവിക പദ്ധതി നമ്മുടെ ജീവിതത്തിൽ വെളിപ്പെടുമ്പോൾ എല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ഉപയോഗിക്കണം (1കൊരി.10:31).

അപ്പൊസ്തലനായ പൗലൊസിന്റെ പദ്ധതികൾ നമ്മുടെ പദ്ധതികൾക്കു മാതൃകയാകുന്നു. പൗലൊസിനും പൗലൊസിന്റെ ശുശ്രൂഷക്കും ലോകത്തിനും വേണ്ടിയുള്ള ദൈവീക പദ്ധതിയിൽ പൗലൊസിന്റെ ആത്മീക മക്കൾ പ്രചോദനം ഉൾക്കൊണ്ടിരുന്നു (അ.പ്ര.9:15-16; റോമർ1:1-15). ദേശത്തിന്റെ രക്ഷ ദൈവീക പദ്ധതിയിൽ ഉൾപ്പെടുന്നതിനാൽ സുവിശേഷം ശ്രവിക്കാത്തയിടങ്ങളിലേക്കു പൗലൊസ് സഞ്ചരിച്ചു (റോമർ15:18-21). തന്റെ ജീവിതത്തിനായുള്ള ദൈവീക പദ്ധതിയെ കുറിച്ചു താല്കാലിക നിഗമനങ്ങളിലെത്തിയ പൗലൊസ് ദൈവത്തിന്റെ ഉദ്ദേശം നിറവേറ്റാൻ സ്വയം തീരുമാനിച്ചു (ഫിലി.1;19-26;2:19-24). ദൈവീക ഇടപെടലിലൂടെ പൗലൊസിന്റെ പദ്ധതികളിൽ മാറ്റം വരുത്തി കൊണ്ടിരുന്നു. പൗലൊസും കൂട്ടരും ദൈവീക വഴിനടത്തലിനെ കുറിച്ചു ജാഗ്രതയുള്ളവരായിരുന്നു (അ.പ്ര.13:1-4;16:4-10;റോമർ15:22). ചില സന്ദർഭങ്ങളിൽ മാനുഷികമായ അല്ലെങ്കിൽ പൈശാചികമായ എതിർപ്പുകൾ പൗലൊസിന്റെ പദ്ധതികൾ മാറ്റുന്നതിനു കാരണമായിട്ടുണ്ട് എന്നാൽ ഇതെല്ലാം നിശ്ചയദാർഢ്യത്തോടുള്ള ദൈവീക പരിപാലനത്തിൻ കീഴിലായിരുന്നു (1തെസ്സ.2:14-18). ദൈവത്തിന്റെ സൃഷ്ടികൾക്കായുള്ള ദൈവത്തിന്റെ പദ്ധതിയെ കുറിച്ചുള്ള ആകമാന അറിവിൽ നിന്നു കൊണ്ട് നമ്മുടെ പദ്ധതികൾ നീയന്ത്രിക്കപ്പെടുകയും നയിക്കപ്പെടുകയും വേണം. വിശേഷിച്ചും ഈ കോവിഡ് 19 മഹാമാരിയുടെ സാഹചര്യത്തിൽ നമ്മുടെ പദ്ധതികൽ നിശ്ചയദാർഢ്യത്തോടും തീവ്രതയോടും വഴക്കത്തോടും കൂടി നടപ്പിലാക്കണം. ദൈവം പലപ്പോഴും അവന്റെ ഇഷ്ടം നിറവേറ്റുന്നത് നാം ഒരിക്കലും സങ്കല്പിക്കാത്തതും ആസൂത്രണം ചെയ്യാത്തതുമായ വഴികളിലൂടെയായിരിക്കും. നമ്മുടെ എല്ലാ പദ്ധതികളും ദൈവത്തിന്റെ പദ്ധതികൾക്കു വിധേയമായിരിക്കണം. നമ്മുടെ പദ്ധതികളിൽ ദൈവം പുനർക്രമീകരണം ചെയ്യുന്നതും പരിഗണിക്കണം.

നിലവിലെ അസ്ഥിരമായ സാഹചര്യത്തിൽ ആസൂത്രണവും നിർവഹണവും നിർണ്ണായകമാകുന്നു. ഈ ഘട്ടത്തിൽ നമ്മുടെ ശുശ്രൂഷയുടെ ആവശ്യങ്ങൾക്കു വേണ്ടിയുള്ള ആസൂത്രണത്തിൽ കൂടുതൽ ദൃഢനിശ്ചയത്തോടും തീവ്രതയോടും കൂടിയ ശ്രദ്ധ നൽകണം. ഉത്സാഹിയുടെ വിചാരങ്ങൾ സമൃദ്ധിഹേതുകങ്ങൾ ആകുന്നു; ബദ്ധപ്പാടുകാരൊക്കെയും ബുദ്ധിമുട്ടിലേക്കത്രേ ബദ്ധപ്പെടുന്നത്. (സദൃ.21:5). ദൈവീക പദ്ധതികൾ കേന്ദ്രീകരിക്കുന്നത് കൂടുതലും നിത്യമായ മൂല്യങ്ങൾക്കു വേണ്ടിയും ദൈവത്തിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും പ്രകടമാക്കുന്ന വഴികൾ മൂർത്തമായ രീതിയിൽ അറിയുന്നതിനും അനുഭവിക്കുന്നതിനുമായിട്ടാകുന്നു. നിരവധി വെല്ലുവിളികൾക്കിടയിൽ ദൈവീക പദ്ധതികൾ നമ്മുടെ ശുശ്രൂഷകളിൽ നടപ്പിലാക്കുവാൻ ദൈവം നമ്മെ നയിക്കുമാറാകട്ടെ!

- ജെ. ജെ. ഹാരീസ് (കമ്യൂണിക്കേഷൻ വിഭാഗം)

"യഹോവയുടെ ആലോചന ശാശ്വതമായും അവന്റെ ഹൃദയ വിചാരങ്ങൾ തലമുറതലമുറയായും നിൽക്കുന്നു. ( സങ്കീ.33:11)"

"നല്ല പ്രവർത്തനമില്ലാതെ നല്ല ആസൂത്രണം ശൂന്യമാകുന്നു."
– മാർഗരറ്റ് ഫെയിൻബർഗ്

"ലക്ഷ്യം ദൃശ്യമാക്കി കൊണ്ടുള്ള ദൈവീക പദ്ധതി അപൂർവ്വമാകുന്നു. ദൈവീക പദ്ധതി നമ്മോടു ഒരു യാത്ര ആവശ്യപ്പെടുന്നു, ആ യാത്ര മുഴുവൻ വഴിതെറ്റലുകളും പെട്ടെന്നുള്ള നിർത്തലുകളും ആശയ ക്കുഴപ്പമുണ്ടാകുന്ന തിരിവുകളും നിറഞ്ഞതാകുന്നു. എന്നാൽ നാം ഗ്രഹിക്കുന്ന എല്ലാ കാര്യങ്ങളിലും ദൈവത്തെ അനുസരിക്കുന്നതിനു ഹൃദയം ഉറപ്പിച്ചാൽ നമ്മുടെ ഒരോ ചുവടുകളും ദൈവഹിതത്തിന്റെ കേന്ദ്രത്തിൽ ആകുന്നു."
– ജോൺ ബനിയൻ

"നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തുവിന്റെ നാളോളം അതിനെ തികെക്കും എന്നു ഉറപ്പായി വിശ്വസിച്ചുമിരിക്കുന്നു." (ഫിലി.1:4)

- മിത്രസമാചാർ FMPB യുടെ ഔദ്യോഗിക പത്രികയാണ്.
- FMPB ഭാരതിയരുടെ മിഷനറി പ്രസ്ഥാനമായി യേശുക്രിസ്തുവിന്റെ സുവിശേഷം എത്തിച്ചേരാത്ത ജനസമൂഹങ്ങൾക്കു എത്തിച്ചുകൊടുക്കുന്നു
- ഭാരതത്തിലുടനീളം സഭകൾ നട്ടുപിടിപ്പിക്കുവാനുള്ള ക്രൈസ്തവ സഭയുടെ ഒരു കരമായി FMPB പ്രവർത്തിക്കുകയാണ്.
- വിവധ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യത്തിൽ FMPB സുവിശേഷം പ്രസംഗിക്കുന്നു.
- സഭകൾ, സ്ഥാപനങ്ങൾ, കുടുംബങ്ങൾ, വ്യക്തികൾ എന്നിവരെ FMPB പ്രാർത്ഥനക്കും ഉദാരമായ സഹായ സഹകരണങ്ങൾക്കുമായി ക്ഷണിക്കുന്നു.


കേരള സോൺ:-

FMPB, ചൂരക്കുഴിയിൽ,
മക്കപ്പുഴ. പി. ഒ, റാന്നി, പത്തനംതിട്ട
Mob: 9495 309 335; 90740 03768
E-mail: sajifmpb@gmail.com



*Publisher & Editor*
**Rev. സുദർശൻ തോമസ്**

മിത്ര സമാചാർ

***FMPB*** യുടെ പ്രതിമാസ സൂനം


| SUBSCRIPTION | INDIA | FOREIGN |
|---|---|---|
| Annual | Rs.100 | Rs.600 |
| Life | Rs.1500 | Rs.5,000 |


H.Q: 29, High School Road, Ambattur,
Chennai - 600 053
Tel: +91-44-2657 0404 Fax: 2657 3353
Cell: 9444394342
E-mail: info@fmpb.org
Web site: www.fmpb.co.in



**Layout and Preparation:**
Communication Dept., fmpb

# ജനറൽ സെക്രട്ടറിയുടെ കത്ത്...



ഉന്നത പദ്ധതികൾ പിന്തുടരുന്നതിൽ പ്രിയ പങ്കാളികളേ,

ഈ വർഷത്തെ നമ്മുടെ ചിന്താവിഷയമായ "ഉന്നതമായ പദ്ധതികൾ പിന്തുടരുക" എന്നത് നമ്മെ ഓർമ്മിപ്പിക്കുന്നത് നമ്മുടെ ജീവിതത്തിലും മറ്റുള്ളവരുടെ ജീവിതത്തിലും ദീർഘകാലം നിലനിൽക്കുന്ന പ്രതിഫലനം സൃഷ്ടിക്കാത്ത മനുഷ്യ നിർമ്മിത പദ്ധതികളുടെ പിന്നാലെ പോകുന്നതിനു പകരം നാം ദൈവത്തിന്റെ ഉന്നതമായ പദ്ധതികളെ പിന്തുടരണം എന്നതാകുന്നു. കൊലൊസ്സ്യർ 3:1 -3 പറയുന്നു "ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തു ദൈവത്തിന്റെ വലത്തു ഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ. നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു."

ഈ വാക്യങ്ങൾ ദൈവമക്കളെ പ്രബോധിപ്പിക്കുന്നത് ഉയരത്തിലുള്ള കാര്യങ്ങളിൽ ഹൃദയം കേന്ദ്രീകരിക്കുക. ഉയരത്തിലുള്ളതു എന്നതു അല്പം കൂടെ വിശദമാക്കി പറയുന്നു ക്രിസ്തു ഇരിക്കുന്നിടമായ ദൈവത്തിന്റെ വലതുഭാഗം. കൂടുതൽ വിശദമാക്കുന്നത് നാം നമ്മുടെ മനസ്സ് കേന്ദ്രീകരിക്കേണ്ടത് ദൈവീക വിഷയത്തോടും ദൈവത്തിന്റെ ദൗത്യത്തോടുമാകുന്നു അല്ലാതെ ലൗകീക വിഷയങ്ങളിലല്ല. ഈ ലോകപരമായ വിഷയത്തിന്റെ പിന്നാലെ ഓടുന്ന ഈ കാലഘട്ടത്തിലെ ക്രൈസ്തവരുടെ ജീവിതത്തിൽ ഇത് എത്രത്തോളം ആവശ്യമായിരിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം ദൈവം ഈ ലോകജീവിതത്തിനു വേണ്ടിയുള്ളതാകുന്നു അല്ലാതെ നിത്യതയോ നിത്യത സംബന്ധമായ കാര്യങ്ങളോ അവരുടെ വിഷയമല്ല. വലിയൊരു കൂട്ടം ജനങ്ങളും ദൈവത്തിന്റെ ഉന്നതമായ പദ്ധതികൾ പിന്തുടരുന്നതിനു പകരം ലോകത്തിന്റെ പിന്നാലെ ഓടുകയാണ്. ഉയരത്തിലുള്ളതു ചിന്തിക്കുന്നതിനു രണ്ടു കാരണം വേദപുസ്തകം ചൂണ്ടികാണിക്കുന്നു. വാ.1 പറയുന്നു, നിങ്ങൾ ക്രിസ്തുവിനോടു കൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു. വാ.3 പറയുന്നു, നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു. ഈ ലോകത്തിനു നമ്മൾ മരിച്ചു ക്രിസ്തുവിനോടു കൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നുവോ എന്നറിയുന്ന അളവു കോലാകുന്നു നമ്മുടെ ഹൃദയവിചാരങ്ങൾ ഉയരത്തിലുള്ളതാണോ, ദൈവത്തിന്റെ ഉന്നതമായ പദ്ധതികൾ നാം പിന്തുടരുന്നുവോ എന്നത്.

## ക്രിസ്തുമസ് പ്രോഗ്രാമുകൾ

ആയിരക്കണക്കിനു യൗവ്വനക്കാർ നമ്മുടെ മിഷൻവയലുകളിൽ ഈ വർഷം ജീവിതത്തിൽ ആദ്യമായി ക്രിസ്തുമസ് ആഘോഷിച്ചു. പലയിടങ്ങളിലും ഭീഷണികളും എതിർപ്പും ഉണ്ടായിരുന്നെങ്കിലും സ്വർഗ്ഗസ്ഥനായ ദൈവം നമ്മുടെ മിഷനറിമാർക്കും വിശ്വാസികൾക്കും ആത്മാവിലും സത്യത്തിലും ക്രിസ്തുവിന്റെ ഒന്നാം വരവ് ആഘോഷിക്കുവാൻ കൃപ നൽകി. ചില മേഖലകളിൽ തുറസ്സായ സ്ഥലത്തു

വെച്ചു ക്രിസ്തുമസ് പ്രോഗ്രാം നടത്തുന്നതിനുള്ള അവസരം അവസാന നിമിഷം നിഷേധിച്ചെങ്കിലും എല്ലാ വിശ്വാസികൾക്കും ക്രിസ്തുമസ് ആഘോഷിക്കുവാൻ ദൈവം കരുണ കാണിച്ചു.

ക്രിസ്തുമസ് നാളുകളിൽ കന്യാകുമാരിയിലെ ചില പള്ളികളിൽ ഞാൻ പ്രസംഗിച്ചു. ദൈവാലയങ്ങളിൽ അവസരം ഒരുക്കി തന്ന എല്ലാ പട്ടക്കാരോടും മൊബലൈസേഷൻ സെക്രട്ടറിമാരോടുമുള്ള നന്ദിയെ ഈ അവസരത്തിൽ രേഖപ്പെടുത്തുന്നു. ഗുജറാത്തിൽ പ്രാരംഭ നാളുകളിൽ പ്രവർത്തിച്ച നമ്മുടെ സീനിയർ മിഷനറി ശ്രീമതി മേരി സ്റ്റെല്ല യുടെ ആത്മകഥ ഡിസംബർ 26 ന് നാഗർകോവിലിൽ വെച്ചു പ്രകാശനം ചെയ്തു. ഗുജറാത്തിലെ ഡാങ്സ് ജില്ലയിലുള്ള ഒന്നിലധികം തലമുറ വിശ്വാസികളുടെയും അക്രൈസ്തവരുടെയും ജീവിതത്തിൽ വലിയ സ്വാധീനം ഉളവാക്കിയ മേരി സ്റ്റെല്ല സഹോദരിയുടെ ജീവിതത്തിനും ശുശ്രൂഷക്കുമായി ഞാൻ ദൈവത്തിനു സ്തോത്രം ചെയ്യുന്നു.

## ശ്രീ. ഹേമചന്ദ്രൻ നിത്യതയിൽ പ്രവേശിച്ചു.

പകരുന്ന പുഞ്ചിരിയുള്ള ആ മനുഷ്യൻ അവസാനമായി ചിരിച്ചത് 2022 ജനുവരി അഞ്ചിനാകുന്നു. FMPB യിൽ നിന്നു വിരമിച്ച മിഷനറി ശ്രീ. ഹേമചന്ദ്രൻ FMPB യിലെ നിരവധി ആദ്യ സംഭവങ്ങളുടെ രചയിതാവായിരുന്നു. ആദ്യ മിഷനറി സ്പോൺസറിങ് ഗ്രൂപ്പായിരുന്ന ട്രിച്ചിയിലുള്ള BHEL പ്രാർത്ഥന ക്കൂട്ടത്തിന്റെ ആദ്യ പ്രെയർഗ്രൂപ്പ് നേതാവായിരുന്നു. ആന്ധ്ര പ്രദേശത്തും നോർത്ത് ഈസ്റ്റ് ഇന്ത്യയിലും മൊബലൈസേഷൻ പ്രവർത്തനത്തിനു ആരംഭം കുറിച്ചു. രണ്ടു ദശാബ്ദത്തിനു മുമ്പ് FMPB യുടെ പ്രവർത്തനത്തിൽ നിന്നു വിരമിച്ചെങ്കിലും അനേക മിഷനറിമാരുടെ ഓർമ്മകളിൽ ഇദ്ദേഹം പുതുമയോടെ നിൽക്കുന്നു. മറ്റുള്ളവരിലേക്കു പകരുന്ന ചിരിയോടു കൂടെ അദ്ദേഹത്തിന്റെ ജീവിതം ഓർമ്മിക്കപ്പെടും അദ്ദേഹത്തിന്റെ പൈതൃകം വരും കാലങ്ങളിൽ പിന്തുടരും.

## ഇതര സംഘടനകളുമായുള്ള മീറ്റിംഗുകൾ

മെഡിക്കൽ മഷൻ ഇന്റർനാഷണൽ, സ്ക്രിപ്ച്ചർ യൂണിയൻ, MUT പരിശീലനം, BBI ബോർഡ് എന്നീ സംഘടനയുടെ നേതാക്കന്മാരെ കാണകയുണ്ടായി. ദൈവരാജ്യത്തിന്റെ വ്യാപനത്തിനു ഈ മീറ്റിംഗുകളെ കർത്താവ് അനുഗ്രഹിച്ചു.

## പുതിയ മിഷനറിമാരെ തിരഞ്ഞെടുത്തു

2022 ജനുവരി എട്ടാം തീയതി FMPB യുടെ തിരഞ്ഞെടുപ്പ് കമ്മറ്റി ചേർന്നു. FMPB യോടു ചേർന്നു പൂർണ്ണ സമയ ശുശ്രൂഷ ചെയ്യുവാൻ സമർപ്പിതരായി മുന്നോട്ടു വന്ന ആറു സഹോദരി സഹോദരന്മാരെ തിരഞ്ഞെടുത്തു. മിഷൻ വയൽ പ്രവർത്തനം ഗ്രഹിക്കുന്നതിനായി തിരഞ്ഞെടുത്ത ആറു പേരും മിഷൻ വയലിലേക്കു പോകുന്നതാണ്. ഇവർ മിഷൻ വയൽ പ്രവർത്തനം ശരിയായ വിധം മനസ്സിലാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## കൊറോണ മൂന്നാം തരംഗം

കൊറോണയുടെ മൂന്നാം തരംഗം ഉയർന്നു വരികയാണ്. രണ്ടാം തരംഗത്തിന്റെ അത്ര തീവ്രമല്ലെങ്കിലും അതു വളരെ വേഗത്തിൽ പടരുകയും ധാരാളം ആളുകളെ ബാധിക്കയും ചെയ്യുന്നു. നമ്മുടെ അനവധി മിഷനറിമാരെയും അവരുടെ കുടുംബാംഗങ്ങളെയും മൂന്നാം തരംഗം ബാധിച്ചെങ്കിലും അവരിൽ മിക്കവാറും എല്ലാവരും വലിയ പ്രശ്നങ്ങളില്ലാതെ സൗഖ്യമായി. കൊറോണക്കെതിരെയുള്ള മുൻകരതലുകൾ അവഗണിക്കരുത്. പ്രാർത്ഥനയിലൂ



# ദൈവിക വീക്ഷണത്തോടുള്ള ആസൂത്രണം

ആസൂത്രണത്തിലെ പരാജയം പരാജയത്തിനായുള്ള ആസൂത്രണമാണ് ഈ പ്രസ്താവന അത്ഥവർത്തായതാകുന്നു. ക്രിസ്തീയ ജീവിതത്തിൽ ആസൂത്രണത്തിനു പ്രധാന പങ്കുണ്ട്. ഒരു സംഘടനക്കു ആസൂത്രണം വളരെ അത്യവശ്യമാകുന്നു. ഒരു പദ്ധതി ഒരു ദർശനമാകുന്നു. ദൈവഹിതം അന്വേഷിക്കുന്ന പ്രക്രീയയും അതു പൂർത്തീകരിക്കുന്നതിനുള്ള വ്യക്തമായ മാർഗ്ഗമാകുന്നു. തന്ത്രപരമായ ആസൂത്രണം വേദപുസ്തകത്തിലെ ആശയം മാത്രമല്ല വേദപുസ്തക നിയോഗം കൂടിയാകുന്നു. മഹാനിയോഗം സ്ഥാപിതമാക്കുവാൻ തിരഞ്ഞെടുത്ത പ്രവർത്തന രീതിയാകുന്നു (മത്തായി 28:18-20).

FMPB എല്ലായ്പോഴും ലക്ഷ്യബോധമുള്ള സംഘടനയാകുന്നു. ഇതിന്റെ ആരംഭം മുതൽ തന്നെ ആസൂത്രണത്തിനു മുൻഗണന നൽകുന്നു. നമ്മുടെ ആദ്യകാല പ്രവർത്തകർ ശില്പികളും ആസൂത്രകരും ആയിരുന്നു. 11 സംസ്ഥാനങ്ങളിലുള്ള 220 ജില്ലകളെ സുവിശേഷീകരിക്കുന്നതിനു 440 മിഷനറിമാരെ പത്തു വർഷത്തിനുള്ളിൽ അയക്കുക എന്നത് 1980 കളിലെ നമ്മുടെ തന്ത്രപരമായ പദ്ധതിയായിരുന്നു, സ്ഥാപനത്തിന്റെ അപ്പോഴത്തെ സ്ഥിതിയിൽ 400% അധികം വളർച്ച ആവശ്യമുള്ള ഭീമാകാരമായ ഒരു സ്വപ്നമായിരുന്നു. എന്നാൽ ദൈവം ആ പദ്ധതിയെ മാനിച്ചു അതു പൂർത്തികരിക്കുവാൻ നമ്മെ സഹായിച്ചു. അതിനെ തുടർന്നു രാജ്യടെയും സർക്കാർ നൽകുന്ന പെരുമാറ്റച്ചട്ടം അനുസരിച്ചും കോറോണക്കെതിരെയുള്ള യുദ്ധത്തിനു ശക്തി പകരാം.

## ദേശീയ ആസൂത്രണ യോഗം

ദൈവം അനുവദിച്ചാൽ 2022 ഫെബ്രുവരി 12,13 തീയതികളിൽ നമ്മുടെ ദേശീയ ആസൂത്രണ യോഗം നടത്തുന്നതായിരിക്കും. യോഗത്തിന്റെ എല്ലാ ക്രമീകരണങ്ങളും നാം ചെയ്യുന്നുണ്ടെങ്കിലും ആ സമയത്തെ ഗവൺമെന്റ് മാനദണ്ഡമനുസരിച്ച് തീരുമാനം എടുക്കുന്നതാണ്. ദേശീയ ആസൂത്രണ യോഗത്തെ തുടർന്നു എക്സിക്യൂട്ടിവ് യോഗവും മിനിസ്ട്രി കൗൺസിലും ഉണ്ടായിരിക്കുന്നതാണ്. ഈ യോഗങ്ങളുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

ദൈവസ്നേഹം കൂടുതൽ അടുത്തു അനുഭവിച്ചറിയുന്നതിനും സർവ്വശക്തിയോടുകൂടെ കർത്താവിനെ സേവിക്കുന്നതിനും പുതുവർഷത്തിൽ നമ്മെ സഹായിക്കുവാൻ ദൈവത്തോടു പ്രാർത്ഥിക്കുന്നു.

കർത്താവിന്റെ ദൗത്യ നിർവഹണത്തിൽ നിങ്ങളുടെ സഹയാത്രികൻ



റവ. എസ് ജോൺ ബർലിൻ

ത്തിന്റെ മുക്കിലും മൂലയിലും സുവിശേഷം എത്തിക്കുന്നതിനു വ്യത്യസ്ഥമായ പദ്ധതികളെ ദൈവം നമുക്കു നൽകി തന്നു. തിരുവചനം വാഗ്ദത്തം ചെയ്യുന്നതു പോലെ "എന്നോടു ചോദിച്ചു കൊൾക ഞാൻ നിനക്കു ജാതികളെ അവകാശമായും ഭൂമിയുടെ അറ്റങ്ങളെ കൈവശമായും തരും" (സങ്കി.2:8). ഈ വിഷയത്തിൽ നാം പ്രചോദിതരാകുന്നതിനും ഉത്സാഹിതരാകുന്നതിനും മാർഗ്ഗനിർദ്ദേശം ലഭിക്കുന്നതിനുമായി ദൈവത്തിങ്കലേക്കും ദൈവവചനത്തിലേക്കും നോക്കണം.

## നമ്മുടെ ദൈവം അത്യന്തികമായി ദീർഘകാല ആസൂത്രകനാകുന്നു.

ദൈവം നമുക്കു സദൃശ്യവാക്യങ്ങളും (16:1–4) മോശ, യോശുവ, നെഹമ്യാവ്, ദാവിദ്, പൗലൊസ് തുടങ്ങി അനേക വേദപുസ്തക നായകന്മാരെ ഉദാഹരണമായും നൽകിയിട്ടുണ്ട്. ആസൂത്രണത്തെ കുറിച്ചുള്ള അടിസ്ഥാന തിരുവചനം പറയുന്നു, "വെളിപ്പാടു ഇല്ലാത്തെടുത്തു ജനം മര്യാദ വിട്ടു നടക്കുന്നു" (സദൃ.29:18). ദൈവത്തെ കൂടാതെയുള്ള ആസുത്രണം ഫലശൂന്യമാണെന്ന ചിത്രം ഇവിടെ തെളിയുന്നു. ദൈവഹിത പ്രകാരമുള്ള ലക്ഷ്യം, ദൈവനാമ മഹത്വത്തിനായി രൂപീകരിക്കപ്പെട്ട ലക്ഷ്യം ദൈവത്തെ പ്രസാദിപ്പിക്കുന്നതായിരിക്കും. തന്ത്രപരമായ ആസൂത്രണം അനിശ്ചിതത്തെ ഇല്ലാതാക്കുകയും സുവിശേഷത്തെ അടിസ്ഥാനമാക്കി തിരുമാനങ്ങൾ എടുക്കുവാൻ മിഷൻ സംഘടനകളെ സഹായിക്കുകയും ചെയ്യും (സദൃ.16:19).

## തന്ത്രപരമായ ആസൂത്രണത്തിനു വേദപുസ്തക അടിസ്ഥാനം

ഭാവിയെ മുൻകുട്ടി കാണുവാനുള്ള ദൈവത്തിന്റെ കഴിവിനെ ഉല്പത്തി 3:15 ൽ പ്രകടമാക്കിയിരിക്കുന്നു. ആദമിന്റെയും ഹവ്വയുടെയും പാപത്തിനുശേഷം വർഷങ്ങൾക്കു മുന്നിലേക്കു നോക്കി കൊണ്ടു ദൈവം പാമ്പിനോടു പറഞ്ഞു, "ഞാൻ നിനക്കും സ്ത്രീക്കും നിന്റെ സന്തതിക്കും അവളുടെ സന്തതിക്കും തമ്മിൽ ശത്രുത്വം ഉണ്ടാക്കും. അവൻ നിന്റെ തല തകർക്കും; നീ അവന്റെ കുതികാൽ തകർക്കും". സാത്താൻ ക്രിസ്തുവിന്റെ കുതികാൽ തകർക്കും, ക്രിസ്തുവിന്റെ കാൽവറിയിലെ വേദനാജനകമായ മരണത്തെ പരാമർശിക്കുന്നു, എന്നാൽ ഇതു കഥയുടെ അവസാനമല്ല. ക്രിസ്തു പാമ്പിന്റെ തലയെ തകർക്കും. ക്രൂശിൽ യേശു മരിച്ച വേളയിൽ വിജയിച്ചെന്നു സാത്താൻ ചിന്തിച്ചിരിക്കാം എന്നാൽ ഈ വലിയ ആത്മീക യുദ്ധത്തിൽ സാത്താൻ ആത്യന്തികമായി പരാജയപ്പെട്ടു. ദൈവത്തിന്റെ ലക്ഷ്യം നിത്യത മുതൽ നിത്യത വരെയുള്ള എല്ലാ ശ്രേണിയെയും ഉൾക്കൊള്ളുന്നതും അവന്റെ ആധിപത്യത്തിന്റെ എല്ലാ ഭാഗങ്ങളിലേക്കും വ്യാപിക്കുന്നതും ആകുന്നു. ഹൃസ്വകാല കാഴ്ചപ്പാടിൽ വസ്തുതകൾ നിയന്ത്രണം വിട്ടു പോകുന്നതായി തോന്നിയേക്കാം എന്നാൽ ദൈവം എല്ലാ കാര്യങ്ങളും മഹത്വകരമായ പൂർണ്ണതയിൽ എത്തും വിധം ക്രമീകരിച്ചിരിക്കുന്നു.

തന്ത്രപരമായി പദ്ധതി തയ്യാറാക്കുന്നതിനു മഹത്തായ ഉദാഹരണമാകുന്നു യേശുക്രിസ്തു, ശിഷ്യന്മാരെ തിരെഞ്ഞെടുത്തു, അവരെ നേതൃത്വത്തിലേക്കു വളർത്തി, ഭൂമിയുടെ അറ്റത്തോളം അവരെ അയച്ചു (അ.പ്ര.1:8). കർത്താവിന്റെ തന്ത്രത്തിൽ പൊതു യോഗങ്ങളും അത്ഭുത പ്രവർത്തികളും ഉൾപ്പെടുത്തിയിരുന്നു. ആത്യന്തികമായി കർത്താവിന്റെ തന്ത്രം അവനെ ക്രൂശിലേക്കും കല്ലറയിലേക്കും പുനരുത്ഥാനത്തിലേക്കും എത്തിച്ചു. സ്വർഗ്ഗം വെടിയുന്നതിനു മുമ്പ് തന്നെ യേശുക്രിസ്തുവിനു മാനവജാതിക്കു വീണ്ടെടുപ്പു നൽകുന്ന പദ്ധതി അറിയാമായിരുന്നു. അതു പൂർത്തീകരിക്കുകയും ചെയ്തു.

## തന്ത്രപരമായ ആസൂത്രണം വേദപുസ്തകത്തിൽ

തന്ത്രപരമായ ആസൂത്രണം ചെയ്തു അതു പ്രാവർത്തീകമാക്കിയ നേതാ

ക്കന്മാരുടെ ഉദാഹരണങ്ങൾ കൊണ്ടു വേദപുസ്തകം നിറഞ്ഞിരിക്കുന്നു.

**മോശെ:** മോശെ തന്ത്രപരമായി ചിന്തിക്കുന്ന വ്യക്തിയാണെന്നു തിരുവചനത്തിൽ വ്യക്തമാകുന്നു. ഈജിപ്തിൽ നിന്നു യിസ്രായേൽ ജനതയെ വിടുവിച്ചതിനു തൊട്ടു പിന്നാലെ ഒരു നേതാവെന്ന നിലയിൽ മോശെ പോരാടുകയായിരുന്നു. ദൈവം ചെയ്ത അത്ഭുതകരമായ കാര്യങ്ങളെ കുറിച്ചു കേട്ട അവന്റെ അമ്മായിയപ്പൻ യിത്രോ മോശയെ കാണുവാൻ വന്നു. നേതൃത്വത്തിന്റെ അമിതഭാരം വഹിച്ചു മോശെ തളരുന്നതു യിത്രോ കണ്ടിട്ടു ഈ വിഷയം കൈകാര്യം ചെയ്യുന്നതിനു ദൈവം നൽകിയ പദ്ധതിയെ മോശയോടു പങ്കുവെക്കുന്നു. എപ്രകാരം ഒരു തന്ത്രപരമായ പദ്ധതി ആസൂത്രണം ചെയ്യാമെന്നു മോശയെ പഠിപ്പിച്ചു. ജോലി ഭാരം മറ്റുള്ളവർക്കു വിതരണം ചെയ്യുക. തത്ഫലമായി മാനുഷിക ശേഷി കാര്യക്ഷമമായി ഉപയോഗിച്ചു ശുശ്രൂഷ പൂർത്തീകരിക്കുക. കനാൻ ഒറ്റു നോക്കുവാൻ ചാരന്മാരെ അയക്കുമ്പോഴും മോശെ തന്ത്രപരമായി ചിന്തിച്ചു.

**യോശുവ:** മോശെയുടെ ശിഷ്യനായ യോശുവയും തന്ത്രപരമായ നേതൃത്വം പ്രകടിപ്പിച്ചു. യോശുവ ആറിൽ ദൈവം യോശുവയ്ക്കു തന്ത്രപരമായി ചിന്തിക്കുന്നതിനു ചെറിയ ഒരു പാഠം നൽകുന്നു. യോശുവ ജനത്തെ വാഗ്ദത്ത നാട്ടിലേക്കു നയിക്കുമ്പോൾ ആ ദേശത്തെ ആദ്യത്തെ ശത്രുവിനെ അവർ നേരിടുന്നു. യെരിഹോ എന്ന ശക്തമായ പട്ടണം. ദൈവം യേശുവെക്കു ഒരു തന്ത്രം നൽകുന്നു. ദൈവത്തിനു സ്വർഗ്ഗത്തിൽ നിന്നു നേരിട്ടു ഇറങ്ങിവന്നു പട്ടണത്തെ തകർത്തുകളയാമായിരുന്നു. എന്നാൽ അതിനു പകരം ദൈവം അവർക്കു ദൈവജനം കൂടി ഉൾപ്പെടുന്ന ഒരു പദ്ധതി നൽകി.

**നെഹമ്യാവ്:** തന്ത്രങ്ങൾ പ്രായോഗികമാക്കിയ ദൈവം നിയോഗിച്ച ഒരു വ്യക്തിയാകുന്നു നെഹമ്യാവ്. യരുശലെമിന്റെ മതിൽ പണിയണമെന്ന ആഗ്രഹം തന്റെ ഹൃദയത്തിൽ ദൈവം നൽകിയ നിമിഷം മുതൽ ദൈവം നൽകിയ ദർശനം പൂർത്തീകരിക്കുന്നതിനു വളരെ വ്യക്തമായ പദ്ധതി തയ്യാറാക്കുകയും അതു പ്രയോഗികമാക്കുകയും ചെയ്തു. നാശനഷ്ടം വിലയിരുത്തി. വിഭവങ്ങൾ ഉറപ്പാക്കി. നേതാക്കന്മാരെ നിയോഗിച്ചു ഓരോരുത്തർക്കും ചുമതലകൾ വിഭജിച്ചു നൽകി. മിതിലിന്റെ പുനർനിർമ്മാണത്തിനായുള്ള നെഹമ്യാവ് തയ്യാറാക്കിയ തെളിവായ പദ്ധതിയുടെ രൂപരേഖ കാണുവാൻ സാധിക്കും.

**ദാവിദ്:** ദാവിദ് ബാല്യ പ്രായം മുതൽ തന്നെ തന്ത്രപരമായി ചിന്തിക്കുന്ന വ്യക്തിയായിരുന്നു. ദാവിദ് ഗോലിയാത്തിനെ തന്റെ ശക്തി കൊണ്ടോ ശക്തമായ ആയുധങ്ങൾ കൊണ്ടോ അല്ല തോല്പിച്ചത്. ദാവിദിനു ദൈവം നൽകിയ തന്ത്രത്താലും ശത്രുവിന്റെ ബലഹിനതയെ ഉന്നം വെച്ചുമാണ് ഗോലിയാത്തിനെ വീഴ്ത്തിയത്. പിന്നീട് ദാവിദിനു ചിന്തിക്കുവാൻ കഴിവുള്ളവരും തന്ത്രപരമായി ആസൂത്രണം ചെയ്യുന്നവരുമായ ആളുകളെ വേണമായിരുന്നു. ദൈവം അവനു യിസ്സാഖാർ പുരുഷന്മാരെ നൽകി (1ദിന. 12:32).

**പൗലൊസ്:** ആദ്യകാല സഭകൾ സ്ഥാപിക്കുന്നതിൽ പ്രധാന പങ്കുവഹിച്ച അപ്പൊസ്തലനായ പൗലൊസ് തന്ത്രപരമായി ആസൂത്രണം ചെയ്യുന്ന വ്യക്തിയായിരുന്നു പൗലൊസിന്റെ മിഷനറി യാത്രയുടെ വിവരണങ്ങൾ വായിക്കുമ്പോൾ പൗലൊസ് തന്റെ ശുശ്രൂഷയുടെ തലവന്മാരെ സ്ഥാപിക്കുവാൻ പ്രധാന പട്ടണങ്ങൾ തിരെഞ്ഞെടുക്കുന്നതായി കാണുവാൻ സാധിക്കും. തനിക്കു അധികം ആളുകളിൽ സ്വാധീനം ചെലുത്തുവാൻ കഴിയുന്ന പട്ടണങ്ങളെയാണ് പൗലൊസ് തിരഞ്ഞെടുത്തത്.

## സദൃശവാക്യങ്ങൾ പറയുന്നു:

തന്ത്രപരമായ ആസുത്രണം സംബന്ധിച്ചു വ്യക്തമായ അനവധി പ്രയോഗിക തത്വങ്ങൾ സദൃശ്യവാക്യങ്ങൾ നൽകുന്നു.

1. സദൃ.15:22 അലോചന ഇല്ലാഞ്ഞാൽ ഉദ്ദേശങ്ങൾ സാധിക്കാതെ പോകുന്നു; ആലോചനക്കാരുടെ ബഹുത്വത്താലോ അവ സാധിക്കുന്നു.
2. സദൃ.16:3 നിന്റെ പ്രവർത്തികളെ യഹോവെക്കു സമർപ്പിക്ക; എന്നാൽ എന്റെ ഉദ്ദേശങ്ങൾ സാധിക്കും.
3. സദൃ. 16:9 മനുഷ്യന്റെ ഹൃദയം തൻെറ വഴിയെ നിരൂപിക്കുന്നു; അവന്റെ കാലടികളെയോ യഹോവ ക്രമപ്പെടുത്തുന്നു.
4. സദൃ.20:18 ഉദ്ദേശങ്ങൾ ആലോചന കൊണ്ടു സാധിക്കുന്നു; ആകയാൽ ഭരണ സാമർത്ഥ്യത്തോടെ യുദ്ധം ചെയ്ക.

## നമ്മുടെ ആസൂത്രണത്തിലും ലക്ഷ്യങ്ങളിലും പരിശുദ്ധാത്മാവിന്റെ പങ്ക്:

### 1. മുമ്പെ ദൈവ രാജ്യം അന്വേഷിക്കുക:

മുമ്പെ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും (മത്തായി.6:33). നാം ഒരു ആസൂത്രണ പ്രക്രിയയിൽ ആയിരിക്കുമ്പോൾ ഇത് എന്താണ് അർത്ഥമാക്കുന്നത്?

**ഒന്നാമതായി** ദൈവത്തിന്റെ പരമാധികാരത്തെ അംഗീകരിക്കുക. നാം പദ്ധതികൾ തയ്യാറാക്കുമ്പോൾ നാം സംസാരിക്കുന്ന എല്ലാറ്റിനും മേൽ ദൈവം കർത്താവാണെന്നും നമ്മുടെ ആസുത്രണ പദ്ധതി ദൈവത്തിന്റെ ഹിതം കണ്ടെത്താനുള്ള ശ്രമം ആണെന്നും നാം അംഗീകരിക്കണം.

**രണ്ടാമതായി** ദൈവത്തിന്റെ രാജ്യം അന്വേഷിക്കുക എന്നത് അർത്ഥമാക്കുന്നത് നമ്മുടെ എല്ലാ താല്പര്യങ്ങളും നാം ദൈവത്തിങ്കലും മറ്റുള്ളവരിലും സമർപ്പിക്കണം. എന്നിട്ടു പറയണം ഇതു സംഭവിച്ചു കാണുവാൻ ഞാൻ ആഗ്രഹിക്കുന്നു എന്നാൽ ഞാൻ ഇതു ദൈവത്തിൽ സമർപ്പിക്കുകയാണ്. തീർച്ചയായും ഇതു ദൈവത്തിന്റെ പദ്ധതി പ്രകാരം ഉള്ളതായിരിക്കാം. എന്നാൽ ആസുത്രണ പ്രക്രീയയിൽ നമ്മുടെ താല്പര്യങ്ങൾക്കു ഊന്നൽ നൽകിയാൽ അതു ദൈവഹിതമാണോ അല്ലയോ എന്നു നമുക്കു അറിയില്ല.

**മൂന്നാമതായി** മുമ്പെ ദൈവരാജ്യം അന്വേഷിക്കുക എന്നത് ദൈവത്തോടും അവന്റെ മഹത്വത്തോടുമുള്ള അഭിനിവേശത്തിൽ നിന്നും വരുന്നതാണ്. മനുഷ്യരെന്ന നിലയിൽ നാം വേഗത്തിൽ നമ്മുടെ യശസ്സും നാം പ്രവർത്തിക്കുന്ന സംഘടനയുടെ മഹത്വവും തേടും. എന്നാൽ നാം വിശ്വാസത്തിൽ വളരുമ്പോൾ നാം അധികമധികം ദൈവത്തിന്റെ മഹത്വം അന്വേഷിക്കും. അങ്ങനെ നാം ദൈവത്തിന്റെ രാജ്യം അന്വേഷിക്കുക മാത്രമല്ല അവൻ രാജാധിരാജാവും കർത്താധികർത്താവുമാണെന്നു വാഴ്ത്തപ്പെടേണ്ടതിനും കൂടിയാകുന്നു.

അതുകൊണ്ട് ആസൂത്രണത്തിനായി നാം ഒരുമിച്ചു കൂടുമ്പോൾ നമ്മുടെ ആഗ്രഹങ്ങളും താൽപര്യങ്ങളും ദൈവസന്നിധിയിൽ സമർപ്പിച്ച് ദൈവരാജ്യം അന്വേഷിക്കുകയും ചെയ്യേണ്ടത് ആവശ്യമായിരിക്കുന്നു. ഈ പ്രതിബദ്ധത മറ്റെന്തിനെക്കാളും അധികം ഭാവിയിലേക്കുള്ള ദൈവത്തിന്റെ പദ്ധതി കണ്ടെത്തുവാൻ നമ്മെ സഹായിക്കും.

### 2. തിരുവചനത്തിന്റെ ഇമ്പസ്വരം ശ്രദ്ധിക്കുക:

പരിശുദ്ധാത്മാവിനാൽ നയിക്കപ്പെടണമെങ്കിൽ നമ്മുടെ പ്രക്രിയകളിൽ ഉടനീളം തിരുവെഴുത്തുകളിലെ ഇമ്പസ്വരം പ്രതിധ്വനിക്കണം. ഉദാഹരണമായി വേദപുസ്തകത്തിലെ ഏറ്റവും ആഴമായ ഉന്നതമായ സ്വരമാണ് മനുഷ്യരുൾപ്പടെയുള്ള തന്റെ സൃഷ്ടിയെ വീണ്ടെടുക്കുവാനുള്ള ദൈവത്തിന്റെ ദൗത്യം. അതുകൊണ്ട് ഒരു ക്രിസ്തീയ

സംഘടനയുടെ തന്ത്രപരമായ ആസൂത്രണത്തിൽ എല്ലായ്പോഴും ദൗത്യനിർവഹണം മുഴങ്ങണം. അതുകൊണ്ട് ആലോചന യോഗത്തിൽ പങ്കെടുക്കുന്നവർ വേദപുസ്തക വീക്ഷണത്തിൽ തങ്ങളുടെ പ്രവർത്തനങ്ങളെ നോക്കണം. ആസൂത്രണത്തിൽ ഏർപ്പെടുമ്പോൾ അവരുടെ മനസ്സും ഹൃദയവും ദൈവവചനത്താൽ നിറയപ്പെടണം. അവസാനം അവരുടെ ലക്ഷ്യങ്ങൾ വേദപുസ്തക മൂല്യങ്ങളോടും മുൻഗണനകളോടും എങ്ങനെ പൊരുത്തപ്പെടുന്നു എന്നതു അവർക്കു കാണിക്കുവാൻ കഴിയണം.

**3 ഇന്നലെകളിൽ ദൈവം നടത്തിയ വഴികളെ മാനിക്കുക.**

ആസൂത്രണം എന്നതിന്റെ നിർവ്വചനം അനുസരിച്ച് ഇതു ഭാവിയെ നയിക്കുന്ന സംരംഭമാണെന്നുള്ളത് ഒരു വസ്തുതയാണ്. എന്നാൽ ആത്മാവിന് ഇടം നൽകുന്ന ആസൂത്രണം ദൈവം പണ്ട് പറഞ്ഞതും ചെയ്തതും ഗൗരവമായി എടുക്കും. കഴിഞ്ഞ കാലങ്ങളിൽ ദൈവം നമ്മുടെ മുൻഗാമികളെ നയിച്ച വിധത്തെ നാം അറിയുകയും ആദരിക്കുകയും ചെയ്യണം.

**4. ദൈവത്തിന്റെ പുതിയ വീഞ്ഞിനു പുതിയ തുരുത്തികൾ ആവശ്യമാണെന്നു തിരിച്ചറിയുക.**

നമ്മിൽ അധിക പങ്കും ഒന്നുകിൽ പഴയ തുരുത്തിയിൽ തുങ്ങിനിൽക്കും അല്ലെങ്കിൽ പെട്ടെന്നു പുതിയ തുരുത്തിയിലേക്കും മാറും. ഒരുപക്ഷേ ചില സന്ദർഭങ്ങളിൽ പഴയതു നമുക്കു വേണം (അവിടെ നാം സുരക്ഷിതരാകുന്നു). ചില സന്ദർഭങ്ങളിൽ പുതിയതു വേണം (അവിടെ നമുക്കു മാറ്റങ്ങൾ വേണം). പഴയതിനെ ആദരിക്കുക, പുതിയതിനു അവസരം നൽകുക ഇതിന്റെ രണ്ടിന്റെയും മദ്ധ്യത്തിൽ ജീവിക്കുക എന്നതു പ്രയാസകരമാകുന്നു. എന്നാൽ ഈ സംഘർഷം ഒഴിവാക്കുവാൻ ക്രിസ്തീയ നേതാക്കന്മാർക്കു സാധ്യമല്ല. ഇത് നമ്മുടെ നേതൃത്വത്തിലെ അനിവാര്യ ഘടകമാകുന്നു. മാറ്റത്തിനായി തുറന്നിരിക്കുന്നത് അപകടമാകുന്നു. ഇത് ഒരാളെ ഭയപ്പെടുത്തുകയും അസ്ഥിരപ്പെടുത്തുകയും ചെയ്യും. എന്നാൽ ഒരു സംഘടനയെ സംബന്ധിച്ചിടത്തോളം മാറ്റത്തെ ചെറുക്കുന്നതും അപകടമാണ്.

വ്യത്യസ്തമായ ക്രീസ്തീയ പാരമ്പര്യങ്ങൾ ആത്മാവ് നയിക്കുന്ന പ്രകാരം വിവിധ രീതികൾക്കു ഊന്നൽ നൽകുന്നു. ചില നേരങ്ങളിൽ ജനങ്ങൾ തങ്ങളുടെ രീതികൾക്കു ഊന്നൽ നൽകുന്നത് നല്ലതാണ്. പ്രഥമമായി തന്ത്രപരമായ ആസൂത്രണത്തിൽ നമ്മുടെ ചിന്തകൾക്കു പ്രാധാന്യതയുണ്ട്. എന്നാൽ വ്യക്തികളായും കൂട്ടമായും നാം കാരണങ്ങൾ നിരത്തുമ്പോൾ പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തോടു തുറന്ന മനസ്സു കാണിക്കണം.

**5. അമാനുഷിക ആത്മീക വരങ്ങൾക്കായി തുറന്നിരിക്കണം**

ഓരോ വിശ്വാസിയിലും ദൈവത്തിന്റെ ആത്മാവ് വസിക്കുന്നുവെന്നും ദൈവമക്കൾ ഒരുമിച്ചു കൂടുന്നതിന്റെ മദ്ധ്യേ ദൈവം വസിക്കുന്നുവെന്നും ദൈവവചനം നമ്മെ പഠിപ്പിക്കുന്നു. നമ്മുടെ ആരാധനകളിലും കൂടിവരവുകളിലും ദൈവാത്മാവിന്റെ വരം ലഭ്യമാകുന്നുവെങ്കിൽ ഈ ഒരു ക്രമീകരണത്തിൽ മാത്രം ദൈവവാത്മാവിന്റെ ശക്തിയെ പിരിമിതപ്പെടുത്തരുത്. തന്ത്രപരമായ ആസൂത്രണ പ്രക്രീയയിൽ ദൈവമക്കളുടെ മദ്ധ്യേ വന്നു ദൈവം അവരെ സഹായിക്കുകയും ശക്തീകരിക്കുകയും ചെയ്യും. അതിനാവശ്യമായ പരിജ്ഞാനം അറിവ്, പ്രവചനം, ആത്മീക വരങ്ങളെ കുറിച്ചുള്ള ഉപദേശങ്ങൾ ശരിയായ തീരുമാനങ്ങൾ എടുക്കുന്നതിനു ആവശ്യമായ പ്രത്യേകമായ ഉൾകാഴ്ചകൾ എന്നിവ നൽകി വഴിനടത്തും. നാം തുറന്നമനസ്സോടെ ദൈവത്തിനു ഉപയോഗിക്കാവുന്ന വിധം ഒരുക്കമുള്ളവരാണെങ്കിൽ ആസുത്രണ യോഗത്തിൽ പ്രത്യേകമായ അമാനുഷിക സഹായം നൽകി നമ്മെ സഹായിക്കും.

### 6. ഓരോ വ്യക്തിയുടെയും പങ്കാളിത്വം തിരിച്ചറിയുക

പ്രായോഗികമായി പറഞ്ഞാൽ, സാമൂഹ്യ പശ്ചാത്തലത്തിൽ ആത്മാവിന്റെ വഴിനടത്തൽ അർത്ഥമാക്കുന്നത് ഒരു ആസൂത്രണ യോഗം ദൈവഹിതം മനസ്സിലാക്കി വിജയകരമാകണമെങ്കിൽ അതിൽ പങ്കെടുക്കുന്ന ഓരോ വ്യക്തിയും കൊടുക്കുന്നതിനും സ്വീകരിക്കുന്നതിനും ഉള്ള നല്ല മനസ്സോടെ ആയിരിക്കണം. എതാണ് ദൈവാത്മാവിൽ നിന്നു ആധികാരികമായതെന്നു പിന്നീട് ആ സമൂഹം തീരുമാനിക്കും. ആദർശപരമായി ഓരോ വ്യക്തിക്കും ദൈവാത്മാവിന്റെ ചാനലാകാനുള്ള സാധ്യത ഉണ്ടായിരിക്കും. ഓരോ വ്യക്തിയും മറ്റുള്ളവരിലൂടെ ദൈവം പറയുന്നതു കേൾക്കുന്നതിനു തിരിച്ചറിയുന്നതിനും തുറന്ന മനസ്സോടെ ഇരിക്കണം. ക്രിസ്ത്യാനികൾ ഐക്യത്തോടെ ഒന്നുച്ചു കൂടുമ്പോൾ, എല്ലാറ്റിലും ഉപരി ക്രിസ്തുവിന്റെ ശരീരമായ സഭയെ പണിതെടുക്കുവാൻ ശ്രമിക്കുമ്പോൾ നമ്മുടെ ആസൂത്രണ പ്രക്രിയ ദൈവാത്മാവിന്റെ വഴിനടത്തലിന്റെ ഫലപ്രദമായ വാഹനമാകും.

### 7. അടിസ്ഥാന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കുക.

നമ്മുടെ ആസൂത്രണത്തിൽ പരിശുദ്ധാത്മാവിനെ ശ്രദ്ധിക്കണമെങ്കിൽ നാം പ്രത്യേകമായി അടിസ്ഥാന വിഷയങ്ങൾ ശ്രദ്ധിക്കണം. അടിസ്ഥാന കാര്യങ്ങൾ ശ്രദ്ധിക്കുക എന്നതു അർത്ഥമാക്കുന്നത് ദൈവാത്മാവ് നമ്മോടു പറയുന്നത് ശ്രദ്ധിക്കുന്നതിനൊപ്പം പരിശുദ്ധാത്മാവ് മറ്റുള്ളവരിലൂടെ പറയുന്നതും ശ്രദ്ധിക്കുക. വാക്കുകൾ മാത്രം ശ്രദ്ധിക്കാതെ അതിന്റെ ഉള്ളിൽ അടങ്ങിയിരിക്കുന്ന അർത്ഥങ്ങളും ശ്രദ്ധിക്കുക. ആസൂത്രണ യോഗത്തിലെ കടുകുമണികൾ ദൈവത്തിന്റെ ഭാവിയിലേക്കുള്ള വാതിലുകൾ ആകുന്നു. കടുകുമണി വലിപ്പത്തിലുള്ള ദൈവഹിതം കണ്ടെത്തുവാൻ ശ്രമിക്കണം.

നാം ആസൂത്രണം ചെയ്യണമെന്നു ദൈവം പ്രത്യക്ഷമായി ആഗ്രഹിക്കുന്നു. ദൈവം നമുക്കു ഉദാഹരണത്തോടു കൂടിയ ധാരാളം തത്വങ്ങൾ നൽകിയിരിക്കുന്നു. ദൈവാത്മാവിന്റെ മാർഗ്ഗനിർദ്ദേശത്തെ അവഗണിച്ച് നമ്മുടെ ആസൂത്രണങ്ങളിലും തന്ത്രങ്ങളിലും ആശ്രിയിക്കരുതെന്നു ദൈവം വ്യക്തമാക്കുന്നു. ദൈവത്തിന്റെ ഹിതം അന്വേഷിച്ച് ദൈവീക നിർദ്ദേശങ്ങൾ അനുസരിച്ച് ദൈവത്തിനു പ്രസാദകരമായ പദ്ധതികൾ തയ്യാറാക്കിയാൽ മാത്രമേ നമ്മുടെ പദ്ധതികൾ വിജയിക്കുകയുള്ളു. നാം ജീവിക്കുന്നതു യഥാർത്ഥമായ ഒരു ലോകത്തിലാണ്. നാം കാണുന്ന ഈ ലോകത്തെക്കാൾ മഹത്തരമായ ഒരു യാഥർത്ഥ്യമായ രാജ്യത്തെ അവതരിപ്പിക്കുമ്പോൾ ദൈവരാജ്യത്തിന്റെ മൂല്യങ്ങൾ കണക്കിലെടുക്കണം. നമ്മുടെ തന്ത്രപരമായ ആസൂത്രണത്തിൽ സംഘടനയുടെ നിലവിലെ അവസ്ഥയിലേക്കു വളരുക എന്നത് ഒരു വെല്ലുവിളിയാകുന്നു. എന്നാൽ നമ്മുടെ ഈ ലോകത്തിലെ ജോലിയെ ദൈവരാജ്യ വീക്ഷണത്തിലൂടെ സമീപിക്കണം. എലിശയുടെ ദാസന്റെ അനുഭവത്തിൽ എലിശ അവനോടു പറഞ്ഞത്, “അതിനു അവൻ: പേടിക്കേണ്ടാ; നമ്മോടുകൂടെയുള്ളവർ അവരോടു കൂടെയുള്ളവരെക്കാൾ അധികം എന്നു പറഞ്ഞു. പിന്നെ എലീശ പ്രാർത്ഥിച്ചു: യഹോവേ, ഇവൻ കാണത്തക്കവണ്ണം ഇവന്റെ കണ്ണു തുറക്കേണമേ എന്നു പറഞ്ഞു. യഹോവ ബാല്യക്കാരന്റെ കണ്ണു തുറന്നു; എലിശയുടെ ചുറ്റും അഗ്നിമയമായ കുതിരകളും രഥങ്ങളും കൊണ്ടു മല നിറഞ്ഞിരിക്കുന്നതു അവൻ കണ്ടു” (2രാജാ. 6:16,17). ദൈവത്തിനു വേണ്ടി വങ്കാര്യങ്ങൾ ചെയ്യുന്നതിനായുള്ള നമ്മുടെ ആസൂത്രണ സമ്മേളനത്തിൽ ദൈവരാജ്യ വീക്ഷണത്തിൽ കാര്യങ്ങൾ നോക്കികാണുവാൻ നമ്മുടെ കണ്ണുകൾ തുറക്കുവാൻ നമുക്കു ദൈവത്തോടു പ്രാർത്ഥിക്കാം.

# കോതമ്പു മണിയായി വീണു





## സഹോ. പി ഹേമചന്ദ്രൻ

**ദേശീയ വീക്ഷണമുള്ള തീഷ്ണതയുള്ള നേതാവ്**

(06.12.1935 - 05.01.2022)

ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡിന്റെ മുൻ അസോസിയേറ്റ് ജനറൽ സെക്രട്ടറി 1980 മുതൽ 2000 വരെ FMPB യിൽ പ്രവർത്തിച്ച സഹോ. പി. ഹേമചന്ദ്രൻ (86) 2022 ജനുവരി 5 ന് തമിഴ്നാട് ട്രിച്ചിയിലുള്ള തന്റെ വസതിയിൽ വെച്ചു നിത്യതയിൽ പ്രവേശിച്ചു.

സഹോ. ഹേമചന്ദ്രൻ ഒരു ബ്രാഹ്മണ കുടുംബത്തിൽ ആണ് ജനിച്ചത്. തന്റെ പിതാമഹൻ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ശ്രീ. ഹോമചന്ദ്രന്റെ പിതാവ് ഒരു വക്കീലായിരുന്നു. തന്റെ പിതാവ് സുവിശേഷീകരണ പ്രവർത്തനത്തിൽ പങ്കാളിയായതിന്റെ സ്വാധീനം വിവിധ പ്രകാരത്തിൽ ഇദ്ദേഹത്തിന്റെ ജീവിതത്തിൽ ഉണ്ടായി. മദ്രാസ് ക്രിസ്ത്യൻ കോളജിൽ Intermediate യും നെല്ലൂരിൽ B.Sc Chemistry യും പഠിച്ചു. 26 -ാമത്തെ വയസ്സിൽ നെയ്‌വേലി ലിഗ്നേറ്റ് കോർപ്പറേഷനിൽ ജോലി ചെയ്തു. ട്രിച്ചിയിൽ വെച്ചു നടന്ന ഒരു ആത്മീക യോഗത്തിൽ വെച്ചു അദ്ദേഹം യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. 1960 ജനുവരി നാലിന് ശ്രീമതി ലളിതയെ വിവാഹം ചെയ്തു. ദൈവം അവർക്കു രണ്ടു ആൺ മക്കളെ നൽകി അനുഗ്രഹിച്ചു. മക്കളായ ഡോ. പോൾ ഗുണചന്ദ്രൻ മെഡിക്കൽ ഡോക്ടറായി ജോലി ചെയ്യുന്നു. ശ്രീ. ജോർജ്ജ് സ്റ്റീഫൻ കുടുംബാംഗങ്ങളോടു ചേർന്നു ദൈവനാമമഹത്വത്തിനായി സാക്ഷ്യമുള്ള ജീവിതം നയിക്കുന്നു. പിന്നീട് ശ്രീ. ഹേമചന്ദ്രനു BHEL ൽ ജോലി ലഭിച്ചതിനെ തുടർന്നു ട്രിച്ചിയിൽ സ്ഥിരതാമസമാക്കി. ഈ കാലഘട്ടത്തിൽ അദ്ദേഹം FMPB യെ കുറിച്ചു കേട്ടു അതിന്റെ കരുത്തുള്ള സഹകാരിയായി തീർന്നു. FMPB യുടെ പ്രാർത്ഥന പോരാളിയായി തീർന്നു. അദ്ദേഹം FMPB യുടെ ഹോണററി ജില്ലാ നേതാവായി അനേക പുതിയ അംഗങ്ങളെയും നേതാക്കന്മാരെയും FMPB യിൽ ചേർത്തു. അദ്ദേഹം ട്രിച്ചിയിലെ മുരുകംപെട്ടിയിൽ നടത്തിയ യോഗത്തിൽ സംബന്ധിച്ചു അവിടെ വെച്ചു പൂർണ്ണ സമയ സുവിശേഷ വേലക്കായി തന്നെ സമർപ്പിച്ചു. ദൈവവിളിയോടുള്ള അനുസരണത്താൽ അദ്ദേഹം BHEL ലെ ഡപ്യൂട്ടി മനേജർ സ്ഥാനം രാജിവെച്ചു 1980 ആഗസ്റ്റ് 1 ന് FMPB യിൽ ചേർന്നു. ആന്ധ്രാ പ്രദേശിൽ FMPB യുടെ പ്രവർത്തനം മൊബലൈസ് ചെയ്യുന്നതിനായി ഇദ്ദേഹത്തെ നിയോ

ഗിച്ചു. അവിടെ സഹോ. സാം പുരുഷോത്തമന്റെ കാർഷെഡ്ഡിൽ FMPB യുടെ മൊബലൈസേഷൻ ആഫീസ് തുറന്നു പ്രവർത്തനം ആരംഭിച്ചു. ഒരാൾ സംഭവനയായി നൽകിയ പഴയ ലാമ്പ്രട്ട സ്കൂട്ടറിൽ സഞ്ചരിച്ച് ചുരുങ്ങിയ കാലം കൊണ്ട് നിരവധി പ്രാർത്ഥനക്കൂട്ടങ്ങൾ ആരംഭിക്കുകയും അനേകരുടെ ജീവിതങ്ങളിൽ സ്വാധീനം ചെലുത്തുകയും ചെയ്തു. മച്ചിലിപട്ടണം, ഗുണ്ടുർ പോലുള്ള പട്ടണങ്ങൾ അദ്ദേഹം സന്ദർശിക്കുമ്പോൾ പ്രാദേശിക നേതാക്കന്മാർ കാർ വാടകക്കു എടുത്തു നൽകും. അദ്ദേഹം നൂറിലധികം കിലേമീറ്ററുകൾ സൈക്കിളിൽ സഞ്ചരിച്ച് നൂറു കണക്കിനു ആളുകളെ സന്ദർശിച്ചിട്ടുണ്ട്. വളരെ ചെറിയ തുക സംഭാവന നൽകുന്നവരെയും അദ്ദേഹം മാസം തോറും സന്ദർശിച്ച് പ്രാർത്ഥിച്ച് പണം സംഭരിക്കുമായിരുന്നു. ഒരു സാഹചര്യത്തിലും അദ്ദേഹം ലജ്ജിച്ചിട്ടില്ല.

ഉത്തരേന്ത്യയിലെയും വടക്കു കിഴക്കൻ ഇന്ത്യയിലെയും ആദ്യത്തെ മൊബലൈസേഷൻ സേക്രട്ടറിയായിരുന്നു സഹോ. ഹേമചന്ദ്രൻ. തെലുങ്കു ഭാഷയിൽ മാസിക പ്രസിദ്ധീകരിക്കുന്നതിനു ആരംഭമിട്ടതും ഇദ്ദേഹമായിരുന്നു. തെലുങ്കു ഭാഷയിലും ഇതര ഭാഷകളിലും ഓഡിയോ, വിഡിയോ കാസറ്റും സിഡികളും പ്രകാശനം ചെയ്യുന്നതിനും ആരംഭമിട്ടത് ഇദ്ദേഹമാകുന്നു. ഉത്തരേന്ത്യയിലെയും വടക്കു കിഴക്കൻ സംസ്ഥാനങ്ങളിലെയും സഭകളിൽ അടിക്കടി നടത്തിയ സന്ദർശനം നിമിത്തം അനവധി പ്രാർത്ഥനക്കൂട്ടങ്ങൾ ഈ ഭാഗങ്ങളിൽ ഉരുവായി. ഉത്തരേന്ത്യയിലും നോർത്ത് ഈസ്റ്റ് ഇന്ത്യയിലുമുള്ള അനവധി സഭകൾ നമ്മുടെ പ്രവർത്തനത്തെ സഹായിക്കുവാനും മുന്നോട്ടുവന്നു. നമ്മുടെ സംഘടനക്കു ദേശീയ മാനം ലഭിക്കുന്നതിനു ഇദ്ദേഹം നല്ല പങ്കു വഹിച്ചു. അതിലുപരി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പാർക്കുന്ന വിദേശ ഇന്ത്യക്കാർക്കു സുവിശേഷ ദർശനം നൽകി അവരുടയിടയിലേക്കു നമ്മുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനും ഇദ്ദേഹം മുൻകൈയ്യെടുത്തു.

അതിനു ശേഷം ശ്രീ. ഹേമചന്ദ്രൻ FMPB യുടെ ആസ്ഥാന മന്ദിരത്തിലെ ഭരണ നിർവഹണ സെക്രട്ടറിയായി ചുമതലയേറ്റെടുത്തു. തുടർന്നു അദ്ദേഹം FMPB യുടെ അസോസിയേറ്റ് ജനറൽ സെക്രട്ടറിയെന്ന ഉന്നത പദവിയിലെത്തി. റവ. ഡോ. ശാമുവേൽ കമലേശൻ നിർദ്ദേശിച്ച ആസൂത്രണ യോഗം FMPB യിൽ പ്രായോഗികമാക്കുന്നതിനു സുപ്രധാന പങ്കു വഹിച്ച വ്യക്തിയായിരുന്നു ശ്രീ. ഹേമചന്ദ്രൻ. നവോദയ ടീമിന്റെ രൂപീകരണത്തിലും പ്രധാന പങ്കു ഇദ്ദേഹം വഹിച്ചു.

2000 ഡിസംബറിൽ അദ്ദേഹം FMPB യുടെ സജീവ സേവനത്തിൽ നിന്നും വിരമിച്ചു ട്രിച്ചിയിൽ താമസമാക്കി. ഇദ്ദേഹം ഒരു നല്ല പ്രസംഗകനും എഴുത്തുകാരനും തീഷ്ണതയുള്ള ഒരു മിഷനറിയും ആയിരുന്നു. FMPB യുടെ അനേക പാട്ടുകൾ ഇംഗ്ലീഷിലേക്കും തെലുങ്കിലേക്കും മൊഴിമാറ്റം നടത്തി. ഈ പാട്ടുകളിൽ ചിലതു തെലുങ്കു സഭകളിൽ പ്രചുര പ്രചാരം നേടി.

FMPB യുടെ മാസികകളിൽ ഈടുറ്റ അനേക ലേഖനങ്ങളും പ്രസംഗങ്ങളും പതിവായി എഴുതിയിരുന്നു എന്നത് വസ്തുതയായിരുന്നു. ദൈവരാജ്യത്തിന്റെ വ്യാപനത്തിനായി അദ്ദേഹം തന്നാൽ ആവോളം അദ്ധ്വാനിച്ചു. ധാരാളം തമാശകൾ പറയുകയും എപ്പോഴും പുഞ്ചിരിക്കുന്ന പെരുമാറ്റത്തോടെ ശാന്തത പാലിക്കുകയും ചെയ്യുമായിരുന്നു. സമ്പന്നരും ദരിദ്രരുമായ ക്രിസ്ത്യാനികളെ അദ്ദേഹം ഒരു പോലെ കണ്ടു പെരുമാറി. ആളുകളുടെ പദവി ഗൗനിക്കാതെ എല്ലാ തരത്തിലുള്ള ആളുകളോടും അദ്ദേഹം

# മിഷനറി ജീവചരിത്രം



## റവ. ഗുരുപാദം പൊൻരാജ്

(1956 - 2009)

തുത്തൂക്കുടിയിൽ പേൾ സിറ്റിയിലെ സമർപ്പണമുള്ള ഒരു ക്രിസ്തീയ കുടുബമായ ശ്രീ. മോസസ്സിന്റെയും ശ്രീമതി. ഡെയ്സിയുടെയും മകനായി 1956 ഡിസംബർ ഒന്നിന് റവ. ഗുരുപാദം പൊൻരാജ് ജനിച്ചു. ശ്രീ. സന്തോഷ് രാജ്, ശ്രീ. സെൽവിൻ ജപരാജ്, ശ്രീമതി മേരി പൊൻ രാജാത്തി എന്നിവർ ഇദ്ദേഹത്തിന്റെ സഹോദരങ്ങൾ ആയിരുന്നു. മാതാപിതാക്കൾ മക്കളെ നല്ല വിദ്യാഭ്യാസം നൽകി ദൈവഭക്തിയിൽ വളർത്തി. സഭ കൂടിവരവുകളിലും സഭാപ്രവർത്തനങ്ങളിലും ഈ കുടുംബം ശുഷ്കാന്തി കാണിച്ചിരുന്നു. ഗുരുപാദം പഠനത്തിൽ മികവ് പുലർത്തിയിരുന്നു. അദ്ദേഹത്തിന്റെ ബുദ്ധി സമാർത്ഥ്യത്തെ അദ്ധ്യപകർ എടുത്തു പറഞ്ഞു പുകഴ്ത്തിയിരുന്നു. പ്രാദേശിക കോളജിൽ ചേർന്നു പഠിച്ചു ബിരുദം കരസ്ഥമാക്കി..

### രക്ഷയുടെ അനുഭവം

1972 ൽ കോളജിൽ പഠിക്കുന്ന നാളിൽ ഒരു യുവജന യോഗത്തിൽ പങ്കെടുക്കുന്നതിനു ഇടയായി. അവിടെ വെച്ചു തന്റെ പതിനാറാമത്തെ വയസ്സിൽ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. തന്റെ മാതാവിനെ പോലെ ഒരു അദ്ധ്യാപകകനാകുവനാണ് താൻ ആഗ്രഹിച്ചത്. അതുകൊണ്ട് B.Sc ബിരുദം കരസ്ഥമാക്കിയ ഉടനെ B.Ed കോഴ്സിനു ചേർന്നു വിജയകരമായി പഠനം പൂർത്തീകരിച്ചു.കുട്ടികളുടെ ഇടയിൽ പ്രവർത്തിക്കുന്ന ഇവാൻജലിക്കൽ യൂണിയന്റെ പ്രവർത്തനത്തിൽ പങ്കാളി

ഇടപഴകി. ശാന്തപ്രകൃതവും പ്രസന്നനുമായ ഇദ്ദേഹത്തെ ഒരു സാഹചര്യത്തിനും നിരാശപ്പെടുത്തുവാനോ മുറുപ്പെടുത്തുവാനോ കഴിയില്ലായിരുന്നു. ബുദ്ധിമാനായ ഇദ്ദേഹം ദൈവവചനത്തിൽ ആഴമായി വേരൂന്നിയിരുന്നു. ഉത്സാഹിപ്പിക്കുകയോ ആത്മീക വർദ്ധനവു വരുത്തുകയോ ചെയ്യാത്ത ഒരു വാക്കുപോലും അദ്ദേഹം പറയാറില്ല. അദ്ദേഹത്തിന്റെ സഹപ്രവർത്തകരെല്ലാവരും അദ്ദേഹത്തെ സ്നേഹിച്ചിരുന്നു. അവർ ഹൃദയംഗമായി അദ്ദേഹത്തെ “ഹേമ അണ്ണൻ” എന്നാണ് വിളിച്ചിരുന്നത്.

2022 ജനുവരി അഞ്ചിന് കർത്താവ് ശ്രീ. ഹേമചന്ദ്രനെ നിത്യതയിലേക്കു വിളിച്ചു ചേർത്തു. ഭൗതിക ശരീരം ട്രിച്ചിയിലെ വരയൂർ ആൾ സെയ്ന്റ്സ് സെമിത്തേരിയിൽ സംസ്കരിച്ചു. ശ്രീ. ഹേമചന്ദ്രന്റെ മനോഹരമായ നല്ല ജീവിതത്തിനായി ഞങ്ങൾ ദൈവത്തെ സ്തുതിക്കുന്നു. അദ്ദേഹത്തിന്റെ പ്രീയ പത്നി ശ്രീമതി. ലളിത ഹേമചന്ദ്രനെയും അവരുടെ രണ്ടു മക്കളെയും അവരുടെ കുടുംബങ്ങളെയും നമ്മുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കാം.

– റവ. ഡോ. ഈ രാജൻ, FMPB

യായി. ഈ കൂട്ടായ്മയിലൂടെ വേദപഠനം നടത്തി ആത്മീകമായി വളർന്നു. പിന്നീട് കോളജിലെ മറ്റു കുട്ടികൾക്കു വേദപഠന ക്ലാസ്സ് എടുക്കുന്ന ഉത്തരവാദിത്വം ഏറ്റെടുത്തു. തന്റെ സാക്ഷ്യമുള്ള ജീവിതത്തിലൂടെ അനേക കുട്ടികളെ ക്രിസ്തുവിങ്കലേക്കു ആനയിച്ചു.

## മിഷനിലേക്കുള്ള ആഹ്വാനം

മറ്റു കുട്ടികളെ ക്രിസ്തുവിന്റെ സുവിശേഷവുമായി നേടുവാൻ ശ്രീ. ഗരുപാദം പൊൻരാജിനെ തന്റെ മാർഗ്ഗദർശിയായിരുന്ന പ്രൊഫ. ഇവാൻ ബാലാസിങ് സഹായിച്ചു. 1977 ൽ ഗുരുപാദം സംബന്ധിച്ച ഇവാൻജലിക്കൽ യൂണിയന്റെ ഒരു ക്യാമ്പിൽ ഇന്ത്യയിൽ സുവിശേഷം എത്രത്തോളം ആവശ്യമാണെന്ന കാര്യം വിശദീകരിച്ചു. ഉത്തരേന്ത്യയിൽ നിന്നു വന്ന മിഷനറിമാരും തങ്ങളുടെ ശുശ്രൂഷയുടെ സാക്ഷ്യം പങ്കുവെച്ചു. ദൈവാത്മാവ് ഗുരപാദത്തിന്റെ ഉള്ളിൽ പ്രവർത്തിക്കുവാൻ തുടങ്ങി. ഒടുവിൽ മിഷനറി പ്രവർത്തനത്തിനായി തന്റെ ജീവിതത്തെ പൂർണ്ണമായി സമർപ്പിച്ചു. ദൈവവേലക്കായുള്ള തന്റെ വിളിയെ തിരുവചനത്തിലൂടെ മറ്റു വിശ്വാസികളുടെ ആലോചനകളിലൂടെയും ദൈവം ഉറപ്പിച്ചു.

ഒരു അദ്ധ്യാപകനായി ജോലി ചെയ്തു തന്റെ കുടുംബത്തിന്റെ സാമ്പത്തീക ബുദ്ധിമുട്ടു തീർക്കണമെന്ന ഒരാഗ്രഹം ഗുരുപാദത്തിനുണ്ടായിരുന്നു. എന്നാൽ ദൈവത്തിനു അദ്ദേഹത്തെ കുറിച്ചു വ്യത്യസ്തമായൊരു പദ്ധതിയാണുണ്ടായിരുന്നത്. ശരിയായ തീരുമാനം എടുക്കുവാൻ കഴിയാത്ത ഒരു അവസ്ഥയിലായി. ക്രമേണ ദൈവം അദ്ദേഹത്തിന്റെ ഉള്ളത്തിൽ പ്രവർത്തിച്ച് ദൈവശുശ്രൂഷക്കായി ഒരുക്കി. അവന്റെ കുടുംബാംഗങ്ങളും രക്ഷിതാക്കളും കർത്താവിന്റെ വേലക്കായി വിട്ടു കൊടുക്കുവാൻ തയ്യാറല്ലായിരുന്നു. അദ്ധ്യാപക ജോലിയോടു ചേർന്നു കർത്താവിന്റെ വേല ചെയ്യുവാൻ അവർ അവനെ ഉപദേശിച്ചു. അദ്ദേഹത്തിന്റെ മാർഗ്ഗദർശിയും പ്രാർത്ഥന സുഹൃത്തുക്കളും ദൈവവേലക്കു മുൻഗണന നൽകുന്നതിനു ഉപദേശിക്കുകയും ദൈവത്തെ അനുസരിക്കുന്നതിനു ഉത്സാഹിപ്പിക്കുകയും ചെയ്തു. വേദശാസ്ത്ര പഠനത്തിലൂടെ ദൈവവേലക്കായി തന്നെ തയ്യാറാക്കി.

ശ്രീ. ഗുരുപാദം പൊൻരാജ് ബഥേൽ ബൈബിൾ ഇൻസ്റ്റിറ്റ്യൂട്ടിൽ ചേർന്നു ഒരു വർഷ പഠനം പൂർത്തീകരിച്ചു. ആ സമയത്തു ഡോ. സാം കമലേശനെ കണ്ടുമുട്ടി. അദ്ദേഹം ഗുരുപാദത്തെ തീയോളജിക്കൽ കോളജിൽ പോയി B.D പഠിക്കുവാൻ ഉത്സാഹിപ്പിക്കുകയും പഠനം സ്പോൺസർ ചെയ്യുകയും ചെയ്തു. അങ്ങനെ ഗുരുപാദം യവത്മാൾ യൂണിയൻ ബിബ്ലിക്കൽ സെമിനാരിയിൽ ചേർന്നു. സ്പോൺസറുടെ സഹായത്തെ കൂടാതെ സെമിനാരിയിൽ പാർട്ട് ടൈം ജോലി ചെയ്തു തന്റെ ആവശ്യങ്ങൾക്കുള്ള പണം കണ്ടെത്തി. ഒരു പട്ടക്കാരനാകുവാനല്ല ഒരു മിഷനറിയാകുവാനാണ് ദൈവം തന്നെ വിളിച്ചതെന്നു ദർശനവും ബോധ്യവും ഗുരപാദത്തിനുണ്ടായിരുന്നു. മിഷനറി വേല ചെയ്യുന്നതിനായി ഒരു മിഷനറി സംഘടനയെ അന്വേഷിച്ചു. FMPB യിൽ അപേക്ഷിച്ചു 1982 മെയ് 17 ന് ഒരു മിഷനറിയായി FMPB യിൽ ചേർന്നു.

## വിവാഹ ജീവിതം

ഫ്രെണ്ട്സ് മിഷനറി പ്രെയർ ബാൻഡ് ഗുജറാത്ത് സംസ്ഥാനത്തിലേക്കു അയച്ചു. ഗുജറാത്തി ഭാഷ പഠിച്ച അദ്ദേഹം 1986 വരെ അവിടെ ശുശ്രൂഷ ചെയ്തു. FMPB മിഷനറിയായിരുന്ന സഹോദരി. വിജയമലരിനെ വിവാഹം ചെയ്തു.

ദൈവം അവരുടെ കുടുംബ ജീവിതത്തെ അനുഗ്രഹിച്ചു ഒരു മകനെ നൽകി. അവർ അവനു സാം ജോണി എന്ന പേർ നൽകി.

## സഭാ സ്ഥാപന ശുശ്രൂഷ

അവർ തങ്ങളുടെ ശുശ്രൂഷ ഗുജറാത്തിൽ തുടർന്നു. 1990 ൽ ഗുരുപാദത്തിനു റീജിനൽ സെക്രട്ടറി പദവി നൽകി. പിപ്പൽവാടയിൽ താമസിച്ചുകൊണ്ട് കുക്ന ആദിവാസികളുടെ മദ്ധ്യേയുള്ള സഭാ സ്ഥാപന ശുശ്രൂഷക്കു നേതൃത്വം നൽകി. 1992 ൽ സംഘടനയുടെ ആവശ്യം പരിഗണിച്ച് ഒടിഷ സംസ്ഥാനത്തിലേക്കു നിയോഗിച്ചു. ഒടിഷയിലെ റൂർക്കലയിൽ താമസിച്ചു കൊണ്ട് റീജിനൽ സെക്രട്ടറിയായി ആ മേഖലയിലെ ശുശ്രൂഷക്കു നേതൃത്വം നൽകി. 1997 മുതൽ അദ്ദേഹത്തോടു വെസ്റ്റേൺ സോണൽ സെക്രട്ടറിയായി ചുമതലയേറ്റെടുക്കുവാൻ ആവശ്യപ്പെട്ടു. പിന്നീട് അദ്ദേഹത്തെ ഉന്നത പഠനത്തിനായി USA യിലേക്കു അയച്ചു. അദ്ദേഹം M.Th പഠനം പൂർത്തീകരിച്ചു ഇന്ത്യയിലേക്കു മടങ്ങിവന്നു. തുടർന്നു നാഗപ്പൂരിൽ താമസിച്ചു കൊണ്ട് ഫീൽഡ് ഡയറക്ടറെ അസിസ്റ്റ് ചെയ്യുവാൻ ആവശ്യപ്പെട്ടു. 2000 ത്തിൽ അദ്ദേഹത്തെ ഗുജറാത്ത് മഹാരാഷ്ട്ര എന്നി സംസ്ഥാനങ്ങളിലെ മിഷൻ പ്രവർത്തനത്തിനു നേതൃത്വം നൽകുവനായി വെസ്റ്റേൺ സോണിലേക്കു സ്ഥലം മാറ്റി. ഏഴു വർഷത്തെ സോണൽ തല ശുശ്രൂഷ പൂർത്തീകരിച്ച അദ്ദേഹത്തിനു FMPB ഫീൽഡ് ഡയറക്ടറുടെ ചുമതല നൽകി.

## അന്ത്യ നാളുകൾ

2009 ൽ എല്ലാ റീജിനൽ സെക്രട്ടറിമാർക്കുമായി നാഗപ്പൂർ ഫീൽഡ് ആഫീസ് ക്യാമ്പസിൽ വെച്ചു ഒരു പരിശീലന പ്രോഗ്രാം സംഘടിപ്പിച്ചിരുന്നു. സെപ്റ്റംബർ 18 ന് പരിശീലന പ്രോഗ്രാമിനു വേണ്ടി അത്യാവശ്യമായ ചില സാധനങ്ങൾ വങ്ങുന്നതിനായി പോയി. റോഡ് ക്രോസ് ചെയ്യുന്ന വേളയിൽ മദ്യപനായ ഒരു ഡ്രൈവർ അദ്ദേഹത്തിന്റെമേൽ വാഹനം ഇടിച്ചു കയറ്റി. രാത്രി എട്ടു മണിക്കാണ് ഇതു സംഭവിച്ചത്. ഉടനെ തന്നെ അദ്ദേഹത്തെ നാഗപ്പൂർ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ഈ കാർ ആപകടത്തിൽ അദ്ദേഹത്തിന്റെ ആന്തരികാവയവങ്ങൾക്കു ഗുരുതരമായി പരിക്കു പറ്റി. ആരോഗ്യ നിലയിൽ വലിയ പുരോഗതിയുണ്ടായില്ല. അതിനാൽ അദ്ദേഹത്തെ വെല്ലൂർ CMC യിലേക്കു മാറ്റുവാൻ FMPB നേതാക്കന്മാർ തീരുമാനിച്ചു. മുംബൈയിൽ നിന്നു ചെന്നയിലേക്കു അദ്ദേഹത്തെ വിമാനത്തിൽ കൊണ്ടുവന്നു. അവിടെ നിന്നു ആംബുലൻസിൽ വെല്ലൂർ CMC യിൽ എത്തിച്ചു. സെപ്റ്റംബർ 24 ന് അദ്ദേഹത്തെ ഇടുപ്പിലും വലതു കൈയ്യിലുമുള്ള ഒന്നിലധികം ഓടിവുകളോടെ വെല്ലൂർ CMC യിൽ പ്രവേശിപ്പിച്ചു. അദ്ദേഹത്തിന്റെ മൂത്രാശയം തകർന്നു പോയിരുന്നു. CMC വെല്ലൂരിൽ ലഭ്യമായ മെച്ചമായ ചികിത്സകൾ നൽകി. സെപ്റ്റംബർ 25 വൈകിട്ട് 6 മണിക്കു അദ്ദേഹത്തിനു ശ്വസിക്കുന്നതിനു ബുദ്ധിമുട്ടനുഭവപ്പെട്ടു. ഏതാനും മിനിട്ടുകൾക്കുള്ളിൽ കുടുംബത്തെയും എല്ലാ മിഷനറിമാരെയും ദുഃഖത്തിലാക്കി കൊണ്ടു അദ്ദേഹം നിത്യതയിൽ പ്രവേശിച്ചു. നല്ല നേതൃപാടവമുള്ള അദ്ദേഹം കഴിവിന്റെ പരമാവധി കർത്താവിനെ സേവിച്ചു. ശരിക്കും അദ്ദേഹം ഒരു മാതൃകയായിരുന്നു. ആസ്ഥാന മന്ദിരത്തിൽ പ്രവർത്തിക്കുന്ന അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി വിജയമലരിനെയും USA യിൽ ആയിരിക്കുന്ന മകൻ സാം ജോണിയെയും ദൈവമായ കർത്താവ് തുടർന്നും ആശ്വസിപ്പിക്കുമാറാകട്ടെ.

– റവ. ഡോ. ഈ രാജൻ, FMPB

# പിന്തുടരേണ്ട കാൽപാടുകൾ



## നിന്നോടെൻ ദൈവമേ! ഞാൻ ചേരട്ടെ

പത്തൊമ്പതാം നൂറ്റാണ്ടിലെ ഗാനരചയിതാക്കളുടെ അസാധരണമായ എണ്ണം സ്തുതി ഗീതങ്ങളുടെ സവിശേഷതയായിരുന്നു. 18, 19 നൂറ്റാണ്ടുകളിൽ ബ്രിട്ടൻ, അമേരിക്ക എന്നിവിടങ്ങളിൽ ഉണ്ടായ മഹത്തായ ആത്മീക നവോത്ഥാനങ്ങളോടെയാണ് ഈ വികസനം ഉണ്ടായതെന്നത് ശ്രദ്ധേയമാകുന്നു. ഇല്ലംണ്ടിലെ ചാർലറ്റ് ഏലിയറ്റ്, സാറാ ആദംസ്, സെസിൽ അലക്സാണ്ടർ, ഫ്രാൻസിസ് ഹാവെർക്ക, അമേരിക്കയിലെ മേരി ലാത്ത്ബറി, അന്ന വാർണർ, കാതറിൻ എസ്ലിംഗ്, ഹാരിയറ്റ് ബ്ലീച്ചർ സ്റ്റോ, ഫോഫ് ഹാരി, എലിസബേത് പ്രെന്റിസ്, ഫാനി ക്രോസ് തുടങ്ങിയ സ്ത്രീകൾ ക്രിസ്തീയ സ്തുതിഗീത സമ്പത്തിൽ വിലയേറിയ രത്നങ്ങൾ സംഭാവന നൽകിയിട്ടുണ്ട്. തീർച്ചയായും ഈ സമർപ്പിതരായ സ്ത്രീ രത്നങ്ങളെ സ്വർഗ്ഗീയ താലന്തുകളോടെ ദൈവം നമുക്കു നൽകിയില്ലായിരുന്നെങ്കിൽ സഭയുടെ സ്തുതീഗീത സമ്പത്ത് കണക്കുകൂട്ടലുകളെക്കാൾ അധികം ദരിദ്രമാകുമായിരുന്നു.

സാറാ ഫ്ളവർ ആദംസ് 1805 ഫെബ്രുവരി 22 നാണ് ജനിച്ചത്. അവൾക്കു അഞ്ചു വയസ്സുള്ളപ്പോൾ മാതാവ് മരിച്ചു. തത്ഫലമായി ആശ്വാസത്തിനു പ്രോത്സാഹനത്തിനുമായി അവൾ തന്നെക്കാൾ രണ്ടു വയസ്സു മൂത്ത സഹോദരി എലിസയിലേക്കു നോക്കി. ജീവതകാലം മുഴുവൻ ഉറ്റ സുഹൃത്തുക്കളായി ജീവിച്ചു. അവരുടെ പിതാവ് ബഞ്ചമിൻ ഫ്ളവർ പുരോഗമന തീവ്രവാദിയായ ഒരു പത്രപ്രവർത്തകനായിരുന്നു. തന്റെ ലേഖനങ്ങൾ നിമിത്തം വളരെ ചെറുപ്പത്തിൽ തന്നെ ജയിൽ വാസം അനുഭവിക്കേണ്ടിവന്നു. 1825 ൽ അദ്ദേഹം മരണപ്പെട്ടതിനെ തുടർന്നു ഈ രണ്ടു സഹോദരിമാർ അവരുടെ പാസ്റ്ററായ വില്യം ജോൺസൺ ഫോക്സിന്റെ വീട്ടിലേക്കു താമസം മാറ്റി. ഇതെല്ലാം അവളെ കർത്താവിങ്കലേക്കു അടുപ്പിക്കുന്നതിനു കാരണമായി തീർന്നു. ചില സമയങ്ങളിൽ ദൈവത്തിന്റെ അടുക്കലേക്കു അടുപ്പിക്കുന്ന സാഹചര്യത്തിലൂടെ കടന്നു പോകുവാൻ ദൈവം നമ്മെ അനുവദിക്കുന്നു.

വില്യം ജോൺസൺ ഫോക്സിന്റെ സ്തുതി ഗീതങ്ങളുടെയും വാക്യങ്ങളുടെയും ശേഖരത്തിലുൾപ്പെടുത്തുന്നതിനായി നിരവധി ഗീതങ്ങൾ രചിക്കുന്നതിനു തന്റെ സഹോദരിയോടു ചേർന്നു നിന്നു ആദംസ് പ്രവർത്തിച്ചു. ഉല്പത്തി പുസ്തകത്തിൽ വായിക്കുന്ന ബഥേലിൽ യാക്കോബിനുണ്ടായ ദർശനം ഭൂമയിൽ വെച്ചിരിക്കുന്ന സ്വർഗ്ഗ

ത്തോളം എത്തുന്ന കോവേണിയിലൂടെ സ്വർഗ്ഗദൂതന്മാർ കയറുകയും ഇറ ങ്ങുകയും ചെയ്യുന്ന കാഴ്ചയിൽ പ്ര ചോദനം ഉൾക്കൊണ്ട് 1841 ൽ അവൾ "നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ" കീർത്തനം എഴുതി. ഈ കീർത്തനം ആഗോള തലത്തിൽ പ്രസിദ്ധവും ജനപ്രീയവും ആയി തീർന്നു.

ദൈവ സാമീപ്യത്തിനായുള്ള അഭിലാ ഷത്തെയും വിശ്വാസത്തെയും പ്ര തിഫലിപ്പിക്കുന്ന ഇതുവരെ എഴുതിയ തിലേക്കും ഏറ്റവും മെച്ചമായ കീർത്ത നമായി " നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ" എന്ന ഗാനത്തെ അനേകർ പ രിഗണിക്കുന്നു. ഉല്പത്തി 28:11-17 വരെ യുള്ള സംഭവത്തെ അടിസ്ഥാനമാക്കി യാണ് "നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ" എന്ന കീർത്തനം എഴുതിയത്. സഹോദരനായ ഏശാവിന്റെ കോപ ത്തെ ഭയന്നു ഓടിയ യാക്കോബ് ഒരു മലഞ്ചരിവിൽ ഏകനായി കല്ല് തലയ ണയായി വെച്ചു കിടന്നു കിടന്നുറങ്ങു ന്നു. അവിടെ അവൻ ഒരു സ്വപ്നം കാണുന്നു സ്വർഗ്ഗത്തോളം എത്തുന്ന കോവേണി അതിലൂടെ ദൈവദൂത ന്മാർ കയറിയിറങ്ങുന്നു. പ്രഭാതത്തിൽ അവൻ ഉണർന്നു ഉന്മേഷവനായി സ്വ പ്നം കണ്ട സ്ഥലത്തിനു ബഥേൽ, ദൈവത്തിന്റെ ഭവനം എന്നു പേർ നൽകി.

ബഥേൽ എന്ന വാക്കിന്റെ അർത്ഥം "ദൈവത്തിന്റെ ഭവനം". ദൈവത്തോടു ചേർന്നു വസിക്കുക എന്നത് ഒരോ വ്യക്തിയുടെയും ഹൃദയത്തിന്റെ അഭി ലാഷമാകുന്നു. ജീവിതത്തിന്റെ അവ സാന നിമിഷത്തിലല്ല! ദൈവത്തോടു ചേരേണ്ടത്. ജീവിത കാലത്തു ദൈവമ ക്കാളായി ദൈവത്തിന്റെ ഭവനക്കാരായി അവനോടു കൂടെ വസിക്കുക എന്നതു ഉൾപ്പെടുന്നു (എഫെ.2:19). സഭാപ്ര സംഗി നമുക്കു മുന്നറിയിപ്പു നൽകു ന്നു. നിന്റെ സൃഷ്ടാവിനെ ഓർത്തു കൊൾക; ദുർദ്ദിവസങ്ങൾ വരികയും എനിക്കു ഇഷ്ടമില്ല എന്നു നീ പറയുന്ന കാലം സമീപിക്കുകയും ചെയ്യും. (സഭാ.12:1). നാം പ്രായമാകുന്തോറും ദൈവത്തോടു കൂടുതൽ അടുത്തു ജീവിക്കണം. ചിലർ യൗവ്വനകാലത്തു ക്രിസ്ത്യാനികളാകുന്നതിൽ പരാജ യപ്പെട്ടിരിക്കാം, എന്നാൽ സംശയം ഒട്ടും വേണ്ട അവർ ദൈവത്തിങ്കലേക്കു വരുവാൻ ദൈവം ദീർഘക്ഷമയോടെ കാത്തിരിക്കുന്നു (2പത്രോ. 3:9).

അഞ്ചു ഖണ്ഡികയുള്ള ഈ കീർത്തന ത്തിൽ 2,3,4 ഖണ്ഡികകളിൽ കൂടുതൽ വിവരങ്ങൾ നൽകുന്നു. ആദംസിന്റെ ഈ കീർത്തനത്തിന്റെ പ്രധാന വിഷയം "ദൈവത്തോടു ചേർന്നിരിക്കുക" എന്ന താകുന്നു. ഈ കീർത്തനം മൂഴുവൻ പാടുന്ന ഒരു വ്യക്തിയുടെ കാതുക ളിൽ "നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ", അല്ലെങ്കിൽ "നിന്നോടെൻ ദൈവമേ" എന്ന പ്രസ്താവന പതിനാറു പ്രാവശ്യം പ്രതിധ്വനിക്കും. ഈ കീർത്ത നം ദൈവത്തോടുള്ള വ്യക്തപരമായ ബന്ധവും വിശ്വാസവും പ്രതിഫലിപ്പി ക്കുന്നു, എക്കാലത്തെയും യഥാർത്ഥ ക്രിസ്ത്യാനികളുടെ ജീവിതത്തിൽ ഇത് സാധാരണമാണ്. ഈ പാട്ടു പാടു മ്പോൾ പരിചിതമല്ലാത്ത ഒരു ഭൂ പ്ര ദേശത്തിലൂടെ അലഞ്ഞു നടക്കുന്ന യാക്കോബിനെ നാം കാണുന്നു. ഇരു ട്ടിൽ മാലാഖന്മാർ പ്രത്യക്ഷപ്പെട്ടു കല്ലുപോലെ ഉറഞ്ഞു പോയ ദുഃഖ ത്തിൽ നിന്നു എഴുന്നേൽക്കുവാൻ ആഹ്വാനം നൽകുന്നു. പ്രഭാതം പെ ാട്ടിവിടരുന്നതിനായി ആകാംഷയോടെ കാത്തിരിക്കുന്നു. പിന്നെ ഉണർന്നു സ്തുതിച്ചു പാടി തലയിണയാക്കിയ കൽത്തൂണിനെ ബഥേലാക്കുന്നു. കരു

ണാമയനായ ദൈവ സാന്നിധ്യത്തിലേക്കു എന്നെ ഉണർത്തിയ സ്ഥലത്തെ അനുസ്മരിക്കുന്ന അടയാളമാക്കി മാറ്റുന്നു.

അവളുടെ കീർത്തനത്തിൽ യാക്കോബിന്റെ അവസ്ഥയുടെ ഇരുട്ടും ഭയാനകതയും ഉണർത്തുന്നതിൽ ആദംസ് ഭയപ്പെട്ടില്ല. യാക്കോബ് ഒരു വാഗ്ദത്ത സന്തതിയായിരുന്നു എങ്കിലും അവൻ അപൂർണ്ണനായ ഒരു വ്യക്തിയായിരുന്നു. സഹോദരനോടു താൻ ചെയ്തതു നിമിത്തം തന്നെ കൊല്ലുവാൻ ശ്രമിക്കുന്ന സഹോദരനെ ഭയന്നു ഓടുകയായിരുന്നു. എങ്ങുമെത്താതെ ആരും ആശ്രയമല്ലാതിരിക്കുന്ന ഒരു അർദ്ധരാത്രിയുടെ കുറ്റാക്കുറ്റിരിട്ട്, തനിക്ക് ഈ ലോകത്തിലെ ഏറ്റവും മോശമായ തണയിണ മാത്രമുണ്ട്. ജീവിതത്തിന്റെ ഈ ഭയാനകമായ ചുറ്റുപാടിൽ ദൈവത്തോടു ചേർന്നിരിക്കേണ്ട ആവശ്യകത അവൻ മനസ്സിലാക്കി. ആദംസ് ഇതെല്ലാം വരച്ചു കാണിച്ചിട്ടു ഉറപ്പു നൽകുന്നു "എൻ സ്വപ്നത്തിലുമേ നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ." ആ രാത്രിയിൽ ദൈവം സ്വപ്നത്തിലൂടെ യാക്കോബിന്റെ അടുക്കൽ ഇറങ്ങിവന്നു. കോവണിയിലൂടെ ദൈവദൂതന്മാർ കയറിയിറങ്ങുന്നതു യാക്കോബ് കണ്ടു. ഗമനാഗമന പാതയിലൂടെ ആദംസ് മനസ്സിലാക്കുന്നത് "നീ എന്നെ നടത്തും പാത എല്ലാം"; "ദൂതർ എന്നെ വിളിക്കുന്നേ". അവൾ സ്വപ്നത്തിൽ നിന്നുണരുമ്പോൾ ദൈവത്തിനു യാഗപീഠം പണിയും, ആ സ്ഥലത്തിനു ദൈവത്തിന്റെ ആലയം എന്നു പേർ നൽകും, കൽത്തൂണിനെ ബഥേലാക്കും. കല്ലുപോലുള്ള ദുഃഖത്തെ ദൈവത്തോടുള്ള ആഴമായ ബന്ധത്തിന്റെ ഓർമ്മയാക്കും. അവസാന ഖണ്ഡികയിൽ അവൾ ഉണരുന്നതിനു മുന്നമേ മരിച്ചു പോയാലും അവൾ ദൈവത്തോടു ചേർന്നിരിക്കും. സ്വർഗ്ഗിത്തിലേക്കുള്ള ജീവിത യാത്രയുടെ ഒരു ചെറിയ യാത്രാ വിവിരണമാകുന്നു ഈ കീർത്തനം.

1848 ൽ സാറ ആദംസ് മരിക്കുമ്പോൾ തന്റെ കീർത്തനമായ "നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ" എന്നതു ഇത്രത്തോളം മഹത്വകരമാകും എന്നു കരുതിയിരുന്നില്ല. "നിന്നോടെൻ ദൈവമേ ഞാൻ ചേരട്ടെ" എന്ന കീർത്തനം അന്ത്രാരാഷ്ട്ര അംഗീകാരം നേടി. വിക്ടോറിയ രാജ്ഞി, എഡ്വേർഡ് ഏഴാമൻ രാജാവ്, അമേരിക്കൻ പ്രസിഡണ്ടായ വില്യം മക്കിൻലി എന്നിവരുടെ പ്രീയപ്പെട്ട ഗാനമായി തീർന്നു. ബാപ്റ്റിസ്റ്റ് മന്ത്രി ജോൺ ഹാർപ്പറിന്റെ സംസ്കാര ചടങ്ങിൽ ഈ ഗാനം പാടി. ടൈറ്റാനിക്ക് മുങ്ങുമ്പോൾ ഈ ഗാനം ആലപിക്കുവാൻ ആദ്ദേഹമണ് ഗായകസംഘത്തോട് ആവശ്യപ്പെട്ടത്. വർഷങ്ങളായി അവളുടെ കീർത്തനമായ "നിന്നോടെൻ ദൈവമേ! ഞാൻ ചേരട്ടെ" വിവിധ സ്ഥലങ്ങളിൽ ചില സുപ്രധാന സന്ദർഭങ്ങളിൽ പാടിയിട്ടുണ്ട്. ലോകമെമ്പാടുമുള്ള എല്ലാ ക്രൈസ്തവരുടെ ഇടയിലും ഈ ഗാനം പ്രസിദ്ധവും ജനകീയവും ആകുന്നു. ഇന്നും ഈ ഗാനം പ്രാധാന്യതയോടെ പ്രചാരത്തിലുണ്ട്.

(ഇത് ഒരു ചരമഗീതമല്ല എന്നാൽ ജീവിതത്തിൽ വിവിധ വെല്ലുവിളികൾ നേരിടുന്നവർ ഭീതികരമായ സന്ദർഭങ്ങളിലൂടെ കടന്നു പോകുന്നവർക്കു ജിവീതത്തെ അഭിമുഖീകരിക്കുന്നതിനു പ്രത്യാശ പകർന്നു തരുന്നതാണ്. കോവിഡ് 19 തരംഗങ്ങൾ ദേശമെങ്ങും വ്യാപിക്കുമ്പോൾ അതിന്റെ ഭീകരതയനുഭവിക്കുന്നവർക്കും അദൃശ്യനായ ശത്രുവിനോടു പടപൊരുതുന്നവർക്കും ഇതിൽപരം പ്രത്യാശയും ആശ്വസവും പകരുന്ന മറ്റെന്തുണ്ട്?)

– സഹോ.ഡേവിഡ് ബെന്നി

# നക്തിയ ഹൻവാട് സഭാ ചരിത്രം

## അഹ്വ മിഷൻ വയൽ, ഗുജറാത്ത്



റവ. എൽ മാസിലാമണി

ഗുജറാത്ത് സംസ്ഥാനത്തിൽ ഡാങ്സ് ജില്ലയിലുള്ള ഒരു ഇടത്തരം ഗ്രാമമാകുന്നു നക്തിയ ഹൻവാട് ഗ്രാമം. നക്തിയ ഹൻവട് ഗ്രാമത്തിലെ 2011 ലെ കണക്കനുസരിച്ച് സാക്ഷരത നിരക്ക് 55.96% ആയിരുന്നു. അന്ന് ഗുജറാത്തിന്റെ സാക്ഷരത 78.03%. ഇന്ത്യയിലെ പഞ്ചായത്തു രാജ് നിയമപ്രകാരം നക്തിയ ഹൻവാടിന്റെ ഭരണം നിർവഹിച്ചിരുന്നത് ഗ്രാമീണരാൽ തിരഞ്ഞെടുക്കുന്ന സർപഞ്ച് (ഗ്രാമത്തലവൻ) ആകുന്നു. നക്തിയ ഹൻവാടിലെ ആകെ ജനസംഖയിലെ 99.11% പട്ടിക വർഗ്ഗക്കാർ ആകുന്നു. ഈ ഗ്രാമത്തിൽ പട്ടിക ജാതിക്കാർ ആരുമില്ല. വിവിധ ജോലികളിൽ ഏർപ്പെട്ടിരിക്കുന്ന 477 പേരിൽ 449 പേർ കൃഷിക്കാരും (ഭൂവുടമകൾ അല്ലെങ്കിൽ സഹ ഉടമകൾ) മൂന്നു പേർ കർഷക തൊഴിലാളികളുമാകുന്നു.

### ആരംഭം

8.5.1981 ൽ ശ്രീ. എൽ മാസില മണിയും അദ്ദേഹത്തിന്റെ ഭാര്യ ശ്രീമതി. വൻമതിയും രണ്ടു വയസ്സും എട്ടു മാസവും പ്രായമുള്ള മൂത്തമകൻ എം ജോൺ കിങ്സ്ലിയും ചേർന്നു പിപ്പൽവാടയിൽ വാടക വീട്ടിൽ താമസിച്ചു കൊണ്ട് അഹ്വ മിഷൻ വയൽ ആരംഭിച്ചു. താമസവിന സമീപത്തിലെ ജുനാർ ഗ്രാമത്തിലുള്ള ജനങ്ങൾ സുവിശേഷത്തോടു താൽപരരാണെന്നു മനസ്സിലാക്കി. 30.11.1981 ൽ അവർ ജുനാർ ഗ്രാമത്തിലേക്കു പോയി. വളരെ വേഗത്തിൽ ജുനാർ ഗ്രാമത്തിൽ എതിർപ്പുണ്ടായതിനാൽ മിഷനറിയും കുടുംബവും 30.8.1982 ൽ അഹ്വയിലേക്കു താമസം മാറ്റി. ഈ എതിർപ്പിന്റെയും ഉപദ്രവത്തിന്റെയും നാളുകളിൽ അഹ്വ സി എൻ ഐ സഭയിലെ പട്ടക്കാരൻ റവ. റ്റി. വി. ഗ്വായ്ക്കാട് മിഷനറിയെയും കുടുംബത്തെയും വളരെയധികം സഹായിച്ചു. ഡോളിയാമ്പർ ഗ്രാമത്തലവൻ മനു ബായി മിഷനറിയെയും കുടുംബത്തെയും ആ ഗ്രാമത്തിലേക്കു ക്ഷണിച്ചതിനാൽ മിഷനറിമാർ 12.3.1983 ൽ ഡോളിയാമ്പർ ഗ്രാമത്തിലേക്കു താമസം മാറ്റി. ചുറ്റുപാടുമുള്ള ഗ്രാമങ്ങളിലേക്കു സുവിശേഷം പ്രചരിപ്പിക്കുന്നതിനു

തന്ത്രപ്രധാന സ്ഥലമായി ഈ ഗ്രാമം മാറി. അയൽ ഗ്രാമങ്ങളിലേക്കു സുവിശേഷം വ്യാപിപ്പിക്കുന്നതിനു വിശ്വാസികൾ FMPB മിഷനറിമാരുടെ സഹായം അഭ്യർത്ഥിച്ചു.

ഡാക്സ് ജില്ലയുടെ കിഴക്കൻ അതിർത്തിയായ സഹിയാദ്രി മലനിരകളിലാണ് നക്തിയ ഹൻവാട് ഗ്രാമം സ്ഥിതി ചെയ്യുന്നത്. ഈ ഗ്രാമത്തിനു സമീപത്തുള്ള മലനിര മലമ്പാതയിലൂടെ താണ്ടിയാൽ മഹാരാഷ്ട്രയിലെ ദുലെ ജില്ലയിലെത്തും. ഈ ഗ്രാമത്തിലെ ആദ്യ വിശ്വാസിയാകുന്നു ദാമുബായി രാമ്തുബായി. ഈ ഗ്രാമത്തിൽ ദൈവ സഭ സ്ഥാപിക്കുന്നതിനു കാരണക്കാരനും ഇദ്ദേഹമാകുന്നു. എപ്രകാരമാണ് അദ്ദേഹം ക്രിസ്ത്യാനിയായതെന്ന കഥ അദ്ദേഹത്തിന്റെ വാക്കുകളിൽ ശ്രദ്ധിക്കാം:

“ഞാൻ പുകവലിക്കുന്നവനും മദ്യപാനിയും വിഗ്രഹങ്ങളെ ആരാധിക്കുന്നവനുമായ ഒരു വ്യക്തിയായിരുന്നു. ഇതെല്ലാം എന്നെ ദാരിദ്ര്യത്തിലേക്കു തള്ളിവിട്ടു. എന്റെ ഉള്ളിൽ എനിക്കു സമാധാനമില്ലായിരുന്നു. എന്റെ ഭവനത്തിന്റെ സമാധാനവും നഷ്ടപ്പെട്ടു. എന്റെ ഭാര്യ നെഞ്ചു വേദനയാൽ കഷ്ടപ്പെട്ടു. തണുപ്പു കൊണ്ടു അവളുടെ കൈകാലുകൾ വിറയ്ക്കുമായിരുന്നു. എന്റേതായ മാർഗ്ഗത്തിലൂടെ അവളുടെ സൗഖ്യത്തിനായി ശ്രമിച്ചു. ഞാൻ മന്ത്രവാദികളെ (ഭഗത്ത്) വിളിച്ചു. കോഴികളെയും ആടിനെയും ബലി കഴിക്കുന്നതിനായി അയാൾക്കു നൽകി. എന്നാൽ അവൾക്കു രോഗത്തിൽ നിന്നു സൗഖ്യം ലഭിച്ചില്ല. ചികിത്സയിലൂടെ സൗഖ്യം നൽകുന്നതിനായി ഞാൻ ഡോക്ടറന്മാരെ സമീപിച്ചു. അവൾക്കു ആയുർവേദ ചികിത്സ നൽകി. ഇതിനാൽ ഒന്നും അവൾക്കു സൗഖ്യം ലഭിച്ചില്ല. ബിൽബാരി ഗ്രാമത്തിൽ പുനിയ ബായി എന്ന ക്രസ്ത്യാനി ജീവിക്കുന്നുണ്ടായിരുന്നു. അയാൾ എന്നോടു യേശുവിൽ വിശ്വസിച്ചാൽ എന്റെ ഭാര്യക്കു സൗഖ്യം ലഭിക്കുമെന്നു പറഞ്ഞു. ബുനിയ ബായിയോടു എന്റെ ഭാര്യയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുവാൻ ഞാൻ ആവശ്യപ്പെട്ടു. പുനിയബായി പ്രാർത്ഥിച്ചതിനെ തുടർന്നു എന്റെ ഭാര്യ സുഖം പ്രാപിച്ചു. ഡോളിയാമ്പർ ഗ്രാമത്തിൽ മിഷനറി എൽ. മാസിലമണി പ്രവർത്തിക്കുന്നുണ്ടെന്നു കേട്ടു ഞാൻ ഡോളിയാമ്പർ ഗ്രാമത്തിൽ ചെന്നു അദ്ദേഹത്തെ കണ്ടു. ഞാൻ സഭയിലെ അംഗമായി. നക്തിയ ഹൻവാട സഭയുടെ ആരംഭം മുതൽ അതിന്റെ സഭാമൂപ്പനായി ഞാൻ കർത്താവിനെ സേവിക്കുന്നു”.

സൗഖ്യം പ്രാപിച്ചതിനെ തുടർന്നു ദാമുബായി ജാരി ഗ്രാമത്തിലെ ഞായറാഴ്ച ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. FMPB യുടെ സുവിശേഷകൻ ഭരത് ബായി എല്ലാ വെള്ളിയാഴ്ചയും ദാമുബായിയുടെ ഭവനത്തിൽ രാത്രി യോഗങ്ങൾ നടത്തി. ആദ്യ യോഗത്തിൽ അഞ്ചു കുടുംബം സംബന്ധിച്ചു. ഈ മിറ്റിംഗിലൂടെ ദൈവം രോഗികളെ സൗഖ്യമാക്കുന്ന വിവരം ഗ്രാമവാസികളിൽ എത്തി. ഭാര്യയുടെ രോഗ സൗഖ്യത്തിനായി അലഞ്ഞുനടന്ന ഒരു വ്യക്തിയായിരുന്നു നാതുബായി ഗംഗാജി ബായി.

അദ്ദേഹം തന്റെ സാക്ഷ്യം പങ്കുവെക്കുന്നു:

“എന്റെ പേര് നാതുബായി ഗംഗാജി ബായി എന്നാകുന്നു. എന്റെ ഭാര്യ രക്ത



സ്രാവത്താലും ആസ്മ രോഗത്താലും കഷ്ടപ്പെടുകയായിരുന്നു. ഞങ്ങൾ മന്ത്രവാദത്തിനായി ധാരാളം പണം ചിലവഴിച്ചു. ഡോക്ടറന്മാർ അവൾക്കു ഗുളികകൾ നൽകി. അതു കഴിച്ചപ്പോൾ അവൾ ശർദ്ദിക്കുവാൻ തുടങ്ങി. അതു കൊണ്ടു അവൾ ഗുളിക കഴിക്കുന്നതു നിർത്തി. ഇവിടെ സത്സാംഗ് നടത്തുന്ന ഒരു മതവിഭാഗം ഉണ്ടായിരുന്നു. എന്റെ ബന്ധുക്കളിൽ ഒരാളാണ് ഇതു നടത്തുന്നത്. അതിനാൽ ഞങ്ങൾ അവിടെ ചെന്നു. അയാൾ പറഞ്ഞു ഇതൊരു വലിയ രോഗമാണ് സൗഖ്യത്തിനായി മറ്റെന്തെങ്കിലും ചെയ്യുവാൻ ആവശ്യപ്പെട്ടു".

ഈയവസരത്തിൽ നാതുബായിയുടെ ഭാര്യ അവളുടെ സകല രോഗങ്ങൾക്കും എപ്രകാരമാണ് സൗഖ്യം ലഭിച്ചതെന്നു പങ്കുവെക്കുന്നു:

"എന്റെ മകൻ ബാലിയ ഒരു ചെറു ബാലനായിരുന്നു. എനിക്കു നടക്കുവാൻ കഴിയില്ല. അതുകൊണ്ട് ഞാൻ എന്റെ മക്കളുടെ കൂടെ ഇവിടെയിരിക്കാമെന്നു പറഞ്ഞു. ഞങ്ങളുടെ ഗ്രാമത്തിലുള്ള ഏക ക്രിസ്ത്യാനിയാകുന്നു ദാമുബായി. സുവിശേഷകൻ ഭാരത് ബായി അവന്റെ ഭവനത്തിൽ പതിവായി വരാറുണ്ട്. ക്രിസ്തീയ യോഗത്തിൽ പോകുന്നതിനു ആഗ്രഹിക്കുന്നുവെന്നു ഞാൻ എന്റെ ഭർത്താവിനോടു പറഞ്ഞു. ക്രിസ്ത്യാനികൾ തങ്ങളുടെ പ്രീയപ്പെട്ടവരുടെ മരണ സമയത്തു കരയുകയില്ലെന്നു ഗ്രാമത്തിലുള്ളവർ എന്നോടു പറഞ്ഞു എന്നെ നിർത്സാഹപ്പെടുത്തി. ആ യോഗത്തിൽ സംബന്ധിച്ചാൽ എനിക്കു സൗഖ്യം ലഭിക്കുമെന്ന നിശ്ചയം എനിക്കുണ്ടായിരുന്നു. അങ്ങനെ ഞാൻ ആ യോഗത്തിൽ സംബന്ധിച്ചു. അവിടെയുള്ള വിശ്വാസികളും സഭാമൂപ്പന്മാരും സുവിശേഷകരും എനിക്കു വേണ്ടി പ്രാർത്ഥിച്ചു. അവരുടെ പ്രാർത്ഥന എന്നെ സൗഖ്യമാക്കി. അങ്ങനെ ഞങ്ങൾ യേശു ക്രിസ്തുവിൽ വിശ്വസിച്ചു കർക്കാടി സഭയിലെ അംഗങ്ങളായി. എല്ലാ വെള്ളിയാഴ്ചയും ദാമുബായിയുടെ ഭവനത്തിലെ രാത്രി യോഗത്തിൽ പോയി സംബന്ധിക്കും. ഞായറാഴ്ച ആരാധനക്കായി ഞങ്ങൾ ജാറി ഗ്രാമത്തിലേക്കു പോയി".

1987 മുതൽ ദാമുബായിയുടെ ഭവനത്തിൽ FMPB സുവിശേഷകർ നടത്തുന്ന യോഗത്തിൽ ജനങ്ങൾ പങ്കെടുക്കുവാൻ തുടങ്ങി. ഒന്നര വർഷത്തോളം ഈ യോഗം ദാമു ബായിയുടെ ഭവനത്തിൽ നടന്നു കൊണ്ടിരുന്നു. ഭാരത് ബായ്, സമ്പത്ത് ബായ് എന്നിവരാണ് യോഗങ്ങൾ നടത്തുവാനായി വന്നിരുന്നത്. ഈ സുവിശേഷകരിലൂടെയും സഭാമൂപ്പന്മാരായ ദാമു ബായി, നാതുബായി എന്നിവരിലൂടെയും അനേകർ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഞായറാഴ്ച ആരാധനയിൽ പങ്കെടുക്കുവാൻ വിശ്വാസികൾ ജാറി ഗ്രാമത്തിലേക്കു പോയിരുന്നു.

## എതിർപ്പുകളുടെ മദ്ധ്യത്തിൽ സഭ വളരുന്നു.

പ്രാദേശിക രാഷ്ട്രിയ നേതാക്കളുടെ സ്വാധീനത്താൽ തന്റെ ഗ്രാമത്തിലുള്ളവർ സുവിശേഷത്തെ എതിർത്തതിനെ കുറിച്ചു നാതു ബായി പറയുന്നു:

"ഞങ്ങളുടെ ഗ്രാമത്തിലുള്ള ജനങ്ങൾ ദേദുബായി എന്ന രാഷ്ട്രീയ നേതാവിനെ കാണുവാൻ ചെന്നു. മരം മുറിക്കുന്നവരുടെ സഹകരണ സംഘത്തിന്റെ നേതാവാണ് ഇദ്ദേഹം. അവരുടെ ഗ്രാമത്തിൽ നടക്കുന്ന ക്രിസ്ത്യാനികളുടെ യോഗം നിർത്തുവാൻ ആവശ്യപ്പെട്ടു. അദ്ദേഹം ഞങ്ങളെ വിളിച്ചു. ഞാൻ അഹ്വ മിഷനറിയോടും ദാമുബായിയോടും കൂടെ അയാളെ ചെന്നു കണ്ടു. അയാൾ ഞങ്ങ

ളോടു ഗ്രാമത്തിൽ വിഭാഗികത ഉണ്ടാക്കരുതെന്നു ആവശ്യപ്പെട്ടു. ആഘോഷങ്ങൾ പണം നൽകുവാൻ ഞങ്ങളോടു ആവശ്യപ്പെട്ടു. അങ്ങനെ പണം നൽകുവാൻ കഴികയില്ലെന്നു ഞങ്ങൾ മറുപടി പറഞ്ഞു. ഗ്രാമത്തിലെ മറ്റെന്തു സാമൂഹ്യ ഉന്നമന പ്രവർത്തനത്തിനും വേണ്ട സഹായം നൽകാമെന്നും പറഞ്ഞു".

ദേദു ബായിയുമായുള്ള മിറ്റീഗിനെ കുറിച്ചു റവ. എൽ മസിലാമണി മിഷൻ വയൽ ചരിത്രത്തിൽ ഇപ്രകാരം രേഖപ്പെടുത്തയിരിക്കുന്നു:

"മഹാറിയ ബായി എന്ന വ്യക്തിയോടുള്ള ബന്ധത്തിൽ നക്തിയ ഹൻവടിലെ എതിർപ്പു സംബന്ധമായി എൽ മാസിലാമണി, ദാമുബായി, മറ്റൊരു വിശ്വാസി എന്നവരോടു ചേർന്നു ദേദു ബായിയെ അദ്ദേഹത്തിന്റെ അഹ്വായിലുള്ള ജംഗിൾ മണ്ഡലി ആഫീസിൽ ചെന്നു കാണുകയുണ്ടായി. അയാൾ മിഷനറിയോടു വളരെ മോശമായി സംസാരിച്ചു. വിശ്വാസികൾ അവരുടെ പരമ്പരാഗത വിശ്വാസം അനുസരിക്കണമെന്നു ഞങ്ങളെ ബോധ്യപ്പെടുത്തുവാൻ ശ്രമിച്ചു".

ഒന്നര വർഷം കഴിഞ്ഞപ്പോൾ ഭട്ടിയ ബായി ഇപ്പോഴത്തെ ദൈവാലയത്തിന്റെ സമീപത്തു ഒരു പുതിയ വീടു പണിതു. ദാമുബായിയുടെ വീടിന്റെ മുറി വളരെ ചെറുതായതിനാൽ ഭട്ടിയ ബായിയുടെ ഭവനത്തിലേക്കു 1998 ൽ രാത്രി യോഗം മാറ്റി. ഭട്ടിയ ബായി തന്റെ രോഗിയായ മകളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുവാൻ അപേക്ഷിച്ചു. എന്നാൽ ആ യോഗത്തിൽ വെച്ചു സുവിശേഷം ശ്രവിച്ചപ്പോൾ തന്റെ മകൾ മരിച്ചാലും ഈ വിശ്വാസം വിട്ടു പിന്നോട്ടു പോകയില്ലെന്നു ഉറച്ചു. ക്രിസ്തീയ വിശ്വാസം നിമിത്തം ഇദ്ദേഹവും ഗ്രാമീണരിൽ നിന്നു ഉപദ്രവം അഭിമുഖീകരിച്ചു. അദ്ദേഹം തന്റെ അനുഭവങ്ങൾ പങ്കുവെക്കുന്നു:



"ഞാൻ സ്വയമായി ചാരായം വാറ്റി ഉപയോഗിച്ചിരുന്നു. ഭയങ്കര മദ്യാപാനിയും പുകവലിക്കുന്നവനും ആയിരുന്നു. എന്റെ ജീവിതം ദാരിദ്ര്യത്താൽ തകർന്നു പോയി. എന്റെ ഭവനത്തിന്റെ സമാധാനം നഷ്ടപ്പെട്ടു. എന്റെ മകൾ രോഗത്താൽ കഷ്ടപ്പെട്ടു. അവളുടെ കൈകാലുകൾ നിവർന്നു നിന്നു അവളുടെ കണ്ണിന്റെ ദൃഷ്ടിയും വ്യത്യസ്തമായിരുന്നു. ഞങ്ങളുടെ പരമ്പരാഗത മാർഗ്ഗത്തിലൂടെ സൗഖ്യത്തിനായി ശ്രമിച്ചു. മന്ത്രവാദികളെ വിളിച്ചു കോഴികളെയും ആടിനെയും മറ്റും ദേവിദേവന്മമാർക്കായി ബലിയർപ്പിച്ചു. ചികിത്സക്കും മറ്റുമായി ധാരാളം പണം ചിലവഴിച്ചെങ്കിലും എന്റെ മകൾക്കു സൗഖ്യം ലഭിച്ചില്ല. ഗ്രാമത്തിൽ ക്രിസ്തീയ വിശ്വാസത്തെ അനുഗമിക്കുന്നവരുടെ ജീവിതത്തിൽ ദൈവം സൗഖ്യം നൽകുന്നതു ഞാൻ കണ്ടു. ഞങ്ങളും ക്രിസ്ത്യാനികളാകുവാൻ തീരുമാനിച്ചു. സഭാമൂപ്പനായ ദാമു ബായിയോടു ഞങ്ങളും ക്രിസ്ത്യാനികളാകുവാൻ തയ്യാറാണെന്നു പറഞ്ഞു. സഭാമൂപ്പൻ എന്റെ മകൾക്കു വേണ്ടി പ്രാർത്ഥിച്ചു. ദൈവം ആ പ്രാർത്ഥന കേട്ടു എന്റെ മകളെ സൗഖ്യമാക്കി. ഈ അത്ഭുതം അനുഭവിച്ചറിഞ്ഞ ഞങ്ങൾ യേശുക്രിസ്തുവിൽ വിശ്വസിക്കുവാൻ തുടങ്ങി. അങ്ങനെ ഞങ്ങൾ സഭയിലെ അംഗങ്ങളായി. ഗ്രാമത്തിൽ നടക്കുന്ന വെള്ളിയാഴ്ച യോഗത്തിലും ഞായറാഴ്ച ജാറി ഗ്രാമ

ത്തിൽ നടക്കുന്ന ആരാധനയിലും പതിവായി സംബന്ധിക്കുവാൻ തുടങ്ങി. മൂന്നാഴ്ചക്കുള്ളിൽ അവൾ പൂർണ്ണ സൗഖ്യം പ്രാപിച്ചു. പത്തു വർഷം കഴിഞ്ഞപ്പോൾ അവൾ വീണ്ടും രോഗിയായി. അവളെ ദുലെ, അഹ്‌വ, ചിച്ച്പാട, ബർഡോളി തുടങ്ങിയ പട്ടണങ്ങളിലുള്ള വലിയ ആശുപത്രികളിലെല്ലാം കൊണ്ടു പോയി ചികിത്സിച്ചു. അവൾക്കു സൗഖ്യം ലഭിച്ചില്ല. എന്റെ മകൾ മരിച്ചാലും ക്രിസ്തേശുവിലുള്ള വിശ്വാസം ഞാൻ ഉപേക്ഷിക്കയില്ലെന്നു ഉറച്ചു. എന്റെ മകൾ മരിച്ചു. എന്നാൽ എന്റെ ഭവനത്തിൽ നടന്നു കൊണ്ടിരുന്ന യോഗം തുടർന്നും നടത്തുവാൻ ഞാൻ തീരുമാനിച്ചു. ഞാൻ എന്റെ മകളെ നിത്യതയിൽ പോയി കാണുമെന്ന ചിന്ത എനിക്കുണ്ടായി അതിനാൽ ഈ വിശ്വാസം ഉപേക്ഷിക്കരുത്. ഒരു ദിവസം സുവിശേഷ വിരോധികൾ ഞങ്ങളുടെ യോഗ സ്ഥലത്തിനു വളരെയടുത്തു മറ്റൊരു യോഗം നടത്തുവാൻ തുടങ്ങി. പഞ്ചായത്ത് പ്രസിഡണ്ടാണ് ആ യോഗത്തിനു നേതൃത്വം നൽകുന്നത്. ഞാൻ അവരോടു യോഗം നിറുത്തുവാൻ ആവശ്യപ്പെട്ടു. അവർ ആ യോഗം നിർത്തി. ഒരു വർഷം കഴിഞ്ഞപ്പോൾ ഗ്രാമവാസികൾ എനിക്കെതിരെ തിരിഞ്ഞു. ഗ്രാമത്തലവന്റെ ഭവനത്തിൽ ഒരു യോഗം എനിക്കെതിരെ ചേർന്നു. അവർ ഞങ്ങളെ ഭീഷണിപ്പെടുത്തി. ക്രസ്ത്യാനികളുടെ ജീവിതത്തിലെ ഒരു തെറ്റു ചൂണ്ടികാണിക്കുവാൻ ഞാൻ അവരെ വെല്ലുവിളിച്ചു. ഗ്രാമത്തിലുള്ളവരുടെ ഭവനങ്ങളിൽ ഞാൻ ജോലി ചെയ്യുന്നുണ്ടെന്നു ഞാൻ അവരോടു പറഞ്ഞു. ഞങ്ങളിൽ ഒരു തെറ്റു ചൂണ്ടികാണിച്ചു തരിക. ക്രിസ്തീയ മതം ഞങ്ങളുടെ ഗ്രാമത്തിന് ആവശ്യമില്ലെന്നു അവർ ആവർത്തിച്ചു പറഞ്ഞു കൊണ്ടിരുന്നു. ഞാൻ അവരോടു യോജിക്കാത്തതിനാൽ എന്നെ മർദ്ദിക്കുവാൻ അവർ ആലോചിച്ചു. എന്റെ പ്രവൃത്തിയിൽ എവിടെയെങ്കിലും തെറ്റുകളുണ്ടെങ്കിൽ എന്നെ അടിക്കുവാൻ ഞാൻ ആവശ്യപ്പെട്ടു. ഞാൻ ഗുണ്ടയാണെന്നു അവർ ആരോപിച്ചു. അവർ ഞങ്ങളെ മർദ്ദിച്ചാലും ഞങ്ങൾ വിശ്വാസം ഉപേക്ഷിക്കയില്ലെന്നു ശക്തമായി പറഞ്ഞു. എന്നിൽ കുറ്റമുണ്ടെങ്കിൽ എന്നെ അടിക്കുവാൻ ഞാൻ അവരെ വെല്ലുവിളിച്ചു. തുടർന്നു മൂന്നു വർഷത്തെക്കു അവർ എതിർത്തില്ല. മൂന്നു വർഷം കഴിഞ്ഞപ്പോൾ അവരുടെ ഉത്സവത്തിനു സംഭാവന നൽകുവാൻ ഞങ്ങളോടു ആവശ്യപ്പെട്ടു. ഞാൻ അവരോടു പറഞ്ഞു ഞങ്ങൾ നടത്തുന്ന ഉത്സവത്തിനു നിങ്ങൾ പണം നൽകുവാൻ തയ്യാറാണെങ്കിൽ നിങ്ങളുടെ ഉത്സവത്തിനു ഞങ്ങൾ പണം നൽകാം. അങ്ങനെ അവർ ഞങ്ങളെ എതിർക്കുന്നതു നിർത്തി.”

ഭട്ടിയ ബായിയുടെ ഭവനത്തിൽ രണ്ടു വർഷം രാത്രി യോഗം നടത്തി. ഒരു വർഷത്തിനു ശേഷം നാതു ബായിയുടെ ഭൂമിയിൽ ദൈവാലയത്തിനായ ഉറപ്പുള്ള തറ പണിതു അതിന്മേൽ ഒരു താൽക്കാലിക ദൈവാലയം പണിതു.

## ദൈവാലയ നിർമ്മാണം

1992 ഫെബ്രുവരിയിൽ നക്തിയ ഹൻവട് ഗ്രാമത്തിൽ ദൈവാലയം നിർമ്മിക്കുന്നതിനായി 20,000 രൂപ ലഭിച്ചു. നാതുബായി ഗംഗജിയ ബായിയുടെ സ്ഥലത്തു ഒരു ചെറിയ ദൈവാലയം 1992 ൽ പണിതു. ഈ ദൈവാലയത്തിന്റെ നിർമ്മാണത്തിനു വിശ്വാസികൾ സൗജന്യ വേല ചെയ്തു. അവർക്കു ഒരു നേരത്തെ ഭക്ഷണം നൽകിയിരുന്നു. 21.10.1992 ൽ കോയമ്പത്തൂരിൽ നിന്നു വന്ന റവ. തങ്കസ്വാമി ഈ ദൈവാലയം ദൈവനാമ മഹത്വത്തിനായി സമർപ്പിച്ചു. ഈ ആദ്യ ദൈവാലയത്തിന്റെ സ്പോൺസർ തിരുവനന്തപുരത്തുള്ള ശ്രീ. ജ്ഞാന

പ്രകാശം ആയിരുന്നു. ഈ ദൈവാല യത്തിന്റെ സമർപ്പണ ശുശ്രൂഷ നടത്തി യത് അർദ്ധരാത്രിയിലായിരുന്നു. ഈ സഭയുടെ സമർപ്പണ ശുശ്രൂഷയെ കുറിച്ചു മിഷൻ വയൽ ചരിത്രത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ഇപ്രകാര മാകുന്നു:

“21.12.1992 ൽ കോയമ്പത്തൂരിൽ നി ന്നുള്ള സ്പോൺസർ റവ. തങ്കസ്വാമി, ശ്രീ. ദേവദുരൈ, ശ്രീ. ഡൊമനിക് എന്നിവർ മിഷനറി എൽ മിസിലാമണി യോടൊപ്പം മുന്നറിയിപ്പുകളൊന്നുമി ല്ലാതെ ഒരു ജീപ്പിൽ നക്തിയ ഹൻവാട് ഗ്രാമത്തിലേക്കു ചെന്നു. രാത്രി പത്തു മണിയോടെ വിശ്വാസികൾ എല്ലാവരും ദൈവാലയത്തിൽ ഒരുമിച്ചു കൂടി. സ്വദ്ദേശ സുവിശേഷകൻ ഗോപച്ചന്ദ് ബാ യിയെ രാത്രിയോഗം നടത്തികൊണ്ടി രുന്ന അമസർപാട ഗ്രാമത്തിൽ നിന്നു കൂട്ടിക്കൊണ്ടുവന്നു. രാത്രി പതിനൊന്നു മണിക്കു നക്തിയ ഹൻവട് ദൈവാല യത്തിന്റെ സമർപ്പണ ശുശ്രൂഷ റവ. തങ്കസ്വാമി നിർവഹിച്ചു. എല്ലാവരും രാത്രി 2.30 ന് അവിടെ നിന്നു അഹ്വ യിലേക്കു തിരികെ പോന്നു.”

## 1998 ലെ പീഢനത്തിൽ ദൈവാലയം നശിപ്പിച്ചു

1998 ലെ ക്രിസ്തുമസ് കാലത്തു ഒരു സാധുവിന്റെ നേതൃത്വത്തിലുള്ള മതത്രീവ്രവാദികൾ സ്വദ്ദേശികളെ ക്രസ്ത്യാനികൾക്കെതിരെ തൂണ്ടിവിട്ടു കൊണ്ടു നടത്തിയ സംഘടിതമായ പീഡനത്തിൽ ഈ ദൈവാലയം പൂർ ണ്ണമായി നശിപ്പിച്ചു. ഈ നാളുകളിലു ണ്ടായ എതിർപ്പിൽ ഡാങ്സ് ജില്ലയി ലുള്ള 33 ദൈവാലയങ്ങൾ തകർത്തു. 1998 ലെ പീഢനത്തിൽ 29.12.1998 ൽ ഈ ദൈവാലയം നശിപ്പിച്ചു.

നാതു ബായി ഈ സംഭവം തന്റെ ഓർമ്മയിൽ നിന്നു വിവരിക്കുന്നു:

“1998 ലെ ക്രിസ്തുമസ് കാലഘട്ടത്തിൽ സുവിശേഷ വിരോധികൾ ഞങ്ങളുടെ ഗ്രാമത്തിലെ ദൈവാലയം തകർത്തു. ക്രിസ്തുമതം പിന്തുടരുതെന്നു പ റഞ്ഞു അവർ ഞങ്ങളെ ഭീഷണിപ്പെ ടുത്തി. ഞങ്ങൾ പോലിസിലും കളക്ട റേറ്റിലും പരാതി നൽകി. ഈ വിഷ യത്തിൽ മിഷനറി ഡി അബ്രഹാം ഞങ്ങൾക്കു വേണ്ട നിർദ്ദേശം നൽകി സഹായിച്ചു. ജില്ല കളക്ടർ ഞങ്ങളുടെ ഗ്രാമം സന്ദർശിച്ചു ഗ്രാമത്തിലുള്ളവ രോടു ക്രിസ്ത്യാനികളെ ഉപദ്രവിക്കരു തെന്നു താക്കിതു നൽകി. ഗ്രാമത്തിൽ എല്ലാവർക്കും അവരവരുടെ വിശ്വാസം പിൻപറ്റുവാനുള്ള അവസരം നൽകണ മെന്നും ആവശ്യപ്പെട്ടു. ആ നാളു മുതൽ ഞങ്ങളുടെ ഗ്രാമത്തിൽ എതിർപ്പുകളു ണ്ടായിട്ടില്ല.”

ദൈവാലയം നശിപ്പിച്ചതിനു ശേഷം വിശ്വാസികൾ നാകു ബായിയുടെ മകൻ രത്തൻ ബായിയുടെ വീടിന്റെ വരാന്ത യിൽ ഒരുമിച്ചു കൂടി ദൈവത്തെ ആരാ ധിച്ചു. അതെ സ്ഥലത്തു തന്നെ പുതി യൊരു ദൈവാലയം പണിതു. പുതിയ ദൈവാലയം പണിയുന്നതിനാവശ്യ മായ പണം 2000 ത്തിൽ ലഭിച്ചു. 1998 ൽ നശിപ്പിച്ച ദൈവാലയത്തിന്റെ നഷ്ടപരി ഹാരമായി 16000 രൂപ സഹായധനമായി ഗവൺമെന്റ് നൽകി. 2001 ൽ പുതിയ ദൈവാലയത്തിന്റെ പണി പൂർത്തീക രിച്ചു. പുതുതായി പണിത ദൈവാലയ ത്തിന്റെ സമർപ്പണ ശുശ്രൂഷ 2003 ൽ നടത്തി. മുംബൈയിൽ നിന്നുള്ള പ്രാർ ത്ഥന ഗ്രൂപ്പംഗങ്ങൾ ദൈവാലയ സമർപ്പണ ശുശ്രൂഷക്കു നേതൃത്വം നൽകി. പഞ്ചായത്തു പ്രസിഡണ്ട് ഞങ്ങ ളോടു ഗ്രാമത്തിൽ ദൈവാലയം പണി യരുതെന്നു ആവശ്യപ്പെട്ടു. എന്നാൽ വിശ്വാസികൾ പഴയ ദൈവാലയം നിന്ന സ്ഥലത്തു തന്നെ പുതിയ ദൈവാലയം പണിയുന്നതിനു ഉറച്ചു നിന്നു. 38 അടി

നീളവും 27 അടി വീതിയുമുള്ള മനോഹരമായ ദൈവാലയം പണിതു.

## ശുശ്രൂഷയെ കുറിച്ചും സഭയെ കുറിച്ചുമുള്ള ചില വിവരങ്ങൾ

ഈ സഭയിലെ ആകെ അംഗങ്ങൾ 190. ഉപദ്രവ കാലഘട്ടത്തിൽ 50% വിശ്വാസികൾ പിന്മാറിപ്പോയിരുന്നു. ഇപ്പോൾ 32 കുടുംബത്തിലുള്ള 110 പേർ വിശ്വാസികളായിട്ടുണ്ട്. ഖേൽവാലി ഗ്രാമത്തിൽ നിന്നുള്ള മൂന്നു കുടുംബങ്ങൾ നക്തിയ ഹൻവട് സഭയിലെ ആരാധനയിൽ സംബന്ധിക്കുന്നുണ്ട്. ഞായറാഴ്ച ആരാധനയിൽ 80-85 പേർ പതിവായി പങ്കെടുക്കുന്നു.

നക്തിയ ഹൻവട് ഒരു പാസ്റ്ററേറ്റാകുന്നു. ഇതിന്റെ കീഴിൽ വാഹുതിയ, ഡുമ്രിയ, ഹരിപാട എന്നീ ആരാധനക്കൂട്ടങ്ങളും ഉൾപ്പെടുന്നു. 2016 സെപ്റ്റംബറിൽ റവ. ധനുഷ്ക് ഈ സഭയുടെ പാസ്റ്ററായി ചുമതലയേറ്റെടുത്തു. ഖേൽ ഗ്രാമത്തിൽ ആഴ്ച തോറും രാത്രി യോഗങ്ങൾ നടത്തുന്നുണ്ട്. നക്തിയ ഹൻവടിലെ വിശ്വാസികളും ഈ യോഗത്തിൽ സംബന്ധിക്കാറുണ്ട്. ഈ യോഗം നിമിത്തം ഒന്നു രണ്ടു കുടുംബം നമ്മുടെ സഭയിൽ ചേർന്നു. 2016 ൽ മൂന്നു കുടുംബം സഭയിൽ അംഗങ്ങളായി ചേർന്നു. എല്ലാ വെള്ളളിയാഴ്ചകളിലും രാത്രി എട്ടു മുതൽ 9.30 വരെ പ്രാർത്ഥന യോഗം സഭയിൽ നടത്തുന്നു. ഈ പ്രാർത്ഥനയോഗത്തിൽ 20-25 പേർ പങ്കെടുക്കുന്നു. ഈ പ്രാർത്ഥന ക്കൂട്ടങ്ങൾക്കു സഭാമൂപ്പന്മാർ നേതൃത്വം നൽകുന്നു. പാസ്റ്റർ വല്ലപ്പോഴുമേ പ്രാർത്ഥന യോഗത്തിൽ വരാറുള്ളു.

റവ. എൽ മാസിലാമണി, റവ. ബതുൽ ഭരതൻ, റവ. ഡി. ഏബ്രഹാം എന്നീ മിഷനറി കുടുംബങ്ങൾ ഈ മിഷൻ വയലിൽ മിഷനറിമാരായി പ്രവർത്തിച്ചു. റവ. ബാലിയ ബായ്, റവ. ചിമൻ ബായ്, റവ. ധനുഷ്ക് ബായ് എന്നീ സിഎൻഐ പട്ടക്കാർ ഇവിടെ പാസ്റ്ററന്മാരായി സേവനം അനുഷ്ടിച്ചു. ഈ സഭയിൽ ഓരോ മാസവും 1500 മുതൽ 2000 രൂപ വരെ കാണിക്കയായി ലഭിക്കുന്നു. സ്തോത്രാരധന കാണിക്കയായും ഭവന പ്രാർത്ഥന (വർഷത്തിലൊരിക്കൽ എല്ലാ ഭവനത്തിലും ഒരു പ്രാവശ്യമെങ്കിലും ഭവന പ്രാർത്ഥനകൾ നടത്തും) ഞായറാഴ്ച ആരാധന, ദശാംശം, കൊയ്ത്തുൽസവം ആദ്യഫല ശേഖരണം എന്നിവയിലൂടെ ഒക്കെയാണ് സഭക്കു വരുമാനം ലഭിക്കുന്നത്. വർഷത്തിൽ എട്ടു മാസം ഇവിടെയുള്ള വിശ്വാസികൾ കരിമ്പിൻ തോട്ടത്തിൽ വേല ചെയ്യുന്നതിനു കുടിയേറ്റ തൊഴിലാളികളായി പോകുന്നതിനാൽ ആ മാസങ്ങളിൽ സഭയുടെ വരുമാനം കുറയും.

## പ്രാർത്ഥന വിഷയങ്ങൾ

- യൗവ്വനക്കാരുടെയിലുള്ള ചീട്ടു കളി വലിയൊരു പ്രശ്നമാകുന്നു.
- പിന്മാറ്റക്കാരായവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.
- പുതിയ ആളുകൾ ക്രിസ്തുവിന്റെ സ്നേഹം രുചിച്ചറിയേണ്ടതിനായി പ്രാർത്ഥിക്കുക.
- ഗ്രാമത്തിലുള്ള തൊഴിലില്ലായ്മ വിശ്വാസികളെ ദൂരെ സ്ഥലത്തേക്കു ജോലി തേടി പോകുവാൻ പ്രേരിപ്പിക്കുന്നു. 75% വിശ്വാസികളും ഏട്ടു മാസം എവിടെയെങ്കിലുമൊക്കെ ജോലി തേടി ഗ്രാമത്തിനു പുറത്തു പോകുന്നു. 25% വിശ്വാസികൾ മാത്രമാണ് ഗ്രാമത്തിൽ ശേഷിക്കുന്നത്. ◆

# 1
## ഫെബ്രുവരി
## ചൊവ്വ

### ജന്മദിനാശംസകൾ

ബഞ്ചമിൻ ജോതി;
അരോൺസിങ് നർസാരി;
ശങ്കർ എം; കാന്തി ദേവി ശിവശങ്കർ

## ജമ്മു

### ആർ എസ് പുര & അഖ്നൂർ

**ഡേവിഡ് അയ്യനാർ & മാൻപ്രീത് കൗർ**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. ചാക്ക് തലാബ് ഗ്രാമത്തിലെ രണ്ടു കുടുംബം സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. സുവിശേഷീകരണ യജ്ഞത്തിൽ വിശ്വാസികൾ സ്വമേധയാൽ പങ്കെടുക്കുന്നു. ആഗ്ര ചാക്ക് ഗ്രാമത്തിലെ വാസ്സൻ ലാലിനെ കരളിലുണ്ടായ അണുബാധയിൽ നിന്നും ദൈവവം സൗഖ്യമാക്കി. കോട്ട്ലി ഗ്രാമത്തിലെ മിര്യ ദേവിയെ പൈശാചിക ബന്ധനത്തിൽ നിന്നു ദൈവം വിടുവിച്ചു.

ഭഗത്, ബാത്വാൽ എന്നീ ജാതിക്കൂട്ടങ്ങളെ പൂർണ്ണമായും സുവിശേഷീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പുതുതായി സുവിശേഷം അറിയിച്ച ഇടങ്ങളിൽ നമുക്കു ലഭിച്ച സ്നേഹിതർ സുവിശേഷീകരണ പ്രവർത്തനത്തിൽ നമ്മെ സഹായിക്കുവാൻ മുന്നോട്ടു വരേണ്ടതിനായി പ്രാർത്ഥിക്കുക. പുതിയ ഗ്രാമങ്ങളിൽ നമ്മെ പ്രവേശിക്കുവാൻ അനുവദിക്കാതെ സുവിശേഷത്തെ എതിർക്കുന്ന കുല്ലിയാൻ സമുദായത്തിലുള്ളവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. യേശുവിനെ തള്ളിപ്പറയുന്നതിനു വിശ്വസികളുടെ മേൽ സമ്മർദ്ദം ചെലുത്തുന്ന ഗ്രാമത്തലവന്മാരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിശ്വാസത്തിൽ നിന്നു പിന്മാറിപ്പോയവരുടെ മടങ്ങിവരവിനായി പ്രാർത്ഥിക്കുക. ബഡിയാൽ ഗ്രാമത്തിലെ പവാൻ അപസ്മാരം, ഹൃദയ സംബന്ധമായ രോഗം എന്നിവയിൽ നിന്നും ആഗ്ര ചാക്കിലെ അശ്വനി കുമാർ അന്ധതയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ആഗ്ര ചാക്ക് ഗ്രാമത്തിലെ സാബി ലാൽ, സുരേഷ്, ലക്ഷ്മൺ എന്നിവർ മദ്യാസക്തിയിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക.

## ഹിമാചൽ പ്രദേശ്

### കർസോങ് : സുമിത് കർ തരിയാനി & തുങ്ചിബേനി

ഈ മിഷൻ വയലിൽ നാലു പുതിയ വ്യക്തികളുമായി ബന്ധപ്പെടുവാൻ സാധിച്ചു. റിക്കി മേഖലയിൽ നടത്തിയ അന്വേഷണ ക്യാമ്പ്, വിശ്വാസികളുടെ ക്യാമ്പ് എന്നിവയെ ദൈവം അനുഗ്രഹിച്ചു. എതിർപ്പുകളുടെ മദ്ധ്യെ കർസോങ്ങിലെ ശുശ്രൂഷ പുനാരാരംഭിക്കുന്നതിനും തുടരുന്നതിനും ദൈവം കൃപ നൽകി. റിക്കി, റൂറൽ എന്നീ പ്രദേശങ്ങളിൽ പുതിയ പ്രാർത്ഥനക്കൂട്ടങ്ങൾ രൂപികരിച്ചു. വേദപഠന കൂട്ടങ്ങൾ ആഴ്ചതോറും കൂടിവന്നു വലിയ പ്രശ്നങ്ങൾ ഒന്നുമില്ലാതെ വചനം പഠിക്കുന്നു.

നമ്മുടെ വിശ്വാസിയായ ചന്ദ്രകാന്ത പ്രവർത്തനത്തെ സഹായിക്കുന്നു.. സുവിശേഷീകരണ യജ്ഞത്തിൽ ഏർപ്പെട്ടിരിക്കുന്ന സംഘത്തിന്റെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. വിശ്വാസിയായ അഞ്ജലിയുടെ അമ്മായിയപ്പൻ മദ്യപിച്ചു പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. ഇയാളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. സ്നാനപ്പെടുന്നതിനു തയ്യാറെടുക്കുന്ന മൂന്നു വ്യക്തികളുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക.

ഉപവാസ
പ്രാർത്ഥന
ദിനം

## 2
## ഫെബ്രുവരി
## ബുധൻ

### ജന്മദിനാശംസകൾ

ആർഥർ ജപരാജ്; പ്രഭാകർ എൻ
വസന്ത റാണി ജോർജ്;
റോസില മോസഹാരി;
ജോയ്സ് ശോഭന ജെ;
മർക്കൂസ് മാൾട്ടോ ആർ;
മാനിനി ബബർത്ത;
ജോസഫ് കൃപാകരൻ എസ്

### റിക്കോങ്പിയോ

**പാപ്പു പരസെത് & കൽപന മല്ലിക്**

ഏഴു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. വിശ്വാസികളുടെ ക്യാമ്പ്, യുവജന ക്യാമ്പ്, കുട്ടികളുടെ ക്യാമ്പ്, ആത്മാക്കളെ ആദായപ്പെടുത്തുന്നവരുടെ ക്യാമ്പ് എന്നിവയെ ദൈവം അനുഗ്രഹിച്ചു. ലീലകുമാരി, യോഗിത, സുമിത്ര, കമൽദാസ് ഭാങ്സുന്ദർ, കുൽബാന്ത് എന്നിവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. കുടുംബ പ്രശ്നം നിമിത്തം വിഷം കുടിച്ച ബിന്ദേശ് കുമാരിയുടെ ജീവൻ ദൈവം അത്ഭുതകരമായി രക്ഷിച്ചു.

സുവിശേഷം ശ്രവിക്കാത്തവരെ കുറിച്ചു വിശ്വാസികൾക്കു ആത്മഭാരം ഉണ്ടാകേണ്ടതിനും അവർ സുവിശേഷം പങ്കുവെക്കുന്നതിനു മുന്നോട്ടു വരേണ്ടതിനുമായി പ്രാർത്ഥിക്കുക. ദൈവവചനം ആവേശത്തോടെ ശ്രവിക്കുന്ന ഭാങ്സുന്ദർ, കുൽബന്ത്, അമൻദീപ്, അമൻജീത് എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. നാം പ്രവർത്തിക്കുന്ന രജപുതർ, പണ്ഡിറ്റ്, താക്കൂർ, ബ്രാഹ്മിൺ, സോനാർ, ലോഹാർ, ചമാർ, തിബറ്റിയൻ, തമാങ്, സർഫാ (നേപ്പാളി) എന്നീ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യേ ആത്മീക ഉണർവ്വ് ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മോടു ചേർന്നു സുവിശേഷ വേല ചെയ്യുന്നതിനു മുന്നോട്ടു വന്ന ദേവ് സിങ്, കരൻ എന്നീ കുടുംബങ്ങളുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. തിന്മ പ്രവർത്തികളിൽ ഏർപ്പെട്ടിരിക്കുന്ന ഈശ്വർ, സുന്ദർ എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### സുദൃഢമായ പ്രാർത്ഥനയുടെ ശക്തി!

മദ്ധ്യപ്രദേശിൽ നേപാനഗർ മിഷൻവയലിലുള്ള ശിവനാഥിന്റെ കുടുംബത്തിനു 2020 മൺസൂൺ കാലത്തു വളരെ തുച്ഛമായ വിളവു മാത്രമേ ലഭിച്ചുള്ളു. 2021 ന്റെ ആരംഭത്തിൽ ഈ കുടുംബം പലവിധ ബുദ്ധിമുട്ടുകൾ അനുഭവിച്ചു. ശിവനാഥിന്റെ ഭാര്യയുടെ ഗർഭപാത്രത്തിലുണ്ടായ മുഴ നിമിത്തം ശസ്ത്രക്രിയക്കു വിധേയായി. സാമ്പത്തിക ബുദ്ധിമുട്ടു നിമിത്തം മോട്ടർ സൈക്കിൾ പണയപ്പെടുത്തി. അവർ കടഭാരത്താൽ വലഞ്ഞു. വയലും പണയപ്പെടുത്തി. എന്നാൽ അവർ ദൈവത്തിലുള്ള അചഞ്ചലമായ വിശ്വാസത്തിൽ പ്രാർത്ഥിക്കുകയും ക്രിസ്തുയേശുവിൽ വളരുകയും ചെയ്തുവന്നു. ഈ വർഷത്തെ മൺസൂണിൽ അവർക്കു സമൃദ്ധിയായ വിളവ് ലഭിച്ചു. മോട്ടർസൈക്കിൾ തിരികെ എടുത്തു. അവരുടെ കൈയ്യിൽ ആവശ്യത്തിലധികം പണമുണ്ടായി. ദൈവത്തിനു സ്തോത്രം ഇതിനു മുമ്പ് ഈ ദമ്പതികൾ കൂലിവേലക്കായി നഗരങ്ങളിൽ പോകുമായിരുന്നു. എന്നാൽ ഇപ്പോൾ അവർ സ്വന്ത ഭൂമിയിൽ കോതമ്പു കൃഷി ചെയ്യുന്നതിൽ വ്യാപൃതരായിരിക്കുന്നു. ഹല്ലെലുയ്യ!

## 3
## ഫെബ്രുവരി
## വ്യാഴം

### ജന്മദിനാശംസകൾ

മുരുകമ്മാൾ @ എസ്ഥേർ

# പഞ്ചാബ്

## ബുധ്ലാട

### സജ്ജിബ് ആനന്ദ് & പ്രസ്തുത

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. കുടിയേറ്റ തൊഴിലാളിയായ മൂനക് പ്രദേശത്തുള്ള നമ്മുടെ വിശ്വാസി രോഹി റാമിനു ജോലി സ്ഥലത്തു ഗുരുതരമായ പ്രശ്നങ്ങൾ നേരിടേണ്ടി വന്നെങ്കിലും അവൻ സുരക്ഷിതനായി ഭവനത്തിൽ തിരികെ വന്നു. നമ്മുടെ വിശ്വാസികളായ മാൻപ്രീത്, ലൗപ്രീത്, ജാസ്മിൻ എന്നിവർ പഞ്ചാബ് പോലീസിലേക്കുള്ള തിരഞ്ഞെടുപ്പ് പരീക്ഷ പാസ്സായി. സത്യാന്വേഷകനായ വകിലിന്റെ കുടുംബത്തിൽ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. അവർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്നു. തോഹാന ഗ്രാമത്തിലെ ബിത്തു സിങ്, ഭാര്യ പരംജിത് കൗർ എന്നിവരെ ടൈഫോയ്ഡിൽ നിന്നു ദൈവം സൗഖ്യമാക്കി.

ഇവിടെ നടത്തുവാനുദ്ദേശിക്കുന്ന സത്സംഗ് പ്രോഗ്രാമിനായും അതിലൂടെ അനേകർ യേശുവിനെ കണ്ടെത്തേണ്ടതിനായും പ്രാർത്ഥിക്കുക. ദോദ്ഹാട, പത്ഹാട, റാല്ലി, ബച്ചോണ, കനാകാൽ, സിർസ്വാൽ എന്നീ ഗ്രാമങ്ങളിലെ ശുശ്രൂഷ പുരോഗമിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഭവാനി ഘട് ദൈവാലയത്തിനെതിരായിട്ടുള്ള കോടതി കേസ് ശാശ്വതമായി പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കിപ, സേവക് എന്നീ കുടുംബങ്ങളിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലിൽ പോട്ടലുണ്ടായ സേവകിന്റെയും തുടയിൽ മുറിവുണ്ടായ മാക്കാന്റെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളായ രാകേഷ്, മോന, ഗീത, ജാസി എന്നിവർക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

# ഹരിയാന

## ബർവാല

### ബാബുബായ് & സരസ്വതി

നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. സാനിയാന പ്രദേശത്തു ദൈവാലയം പണിയുന്നതിനാവശ്യമായ സ്ഥലം നൽകി ദൈവം അനുഗ്രഹിച്ചു. ഗൈബിപൂറിലെ പോലിബന്നിനെ പൈശാചിക ബന്ധനത്തിൽ നിന്നു ദൈവം വിടുവിച്ചു. ഗൈബിപൂറിലെ രാജുബായിയുടെ പഴകിയ തലവേദന ദൈവം സൗഖ്യമാക്കി.

ആഗലിബന്നിന്റെ കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക. ലളിത ബൻ പൈശാചിക ബന്ധനത്തിൽ നിന്നു മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാരായ സുഭാഷ്, ബബ്ലിബായി എന്നിവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. ഷാദി, സാനിയാന, ചമർക്കേദ, ബുഗാന, ബദാദ് എന്നീ ഗ്രാമങ്ങളിൽ സുവിശേഷ പ്രഘോഷണത്തിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 4
## ഫെബ്രുവരി
## വെള്ളി

## ജന്മദിനാശംസകൾ

ജപകുമാർ പി

### കാലൻവാലി: വിജയകുമാർ & ജബല

നാടകം, സ്കിറ്റ്, വീഡിയോ പ്രദർശനം എന്നീ മൂഖാന്തരങ്ങളിലൂടെ അഞ്ഞൂറില ധികം ദൈവസ്നേഹം രുചിച്ചറിഞ്ഞു. പിന്മാറ്റത്തി ലായ ജഗജിത് കോളനിയിലെ ബിമലയുടെ കുടും ബം, കുൽവിന്ദർ എന്നിവർ വിശ്വാസത്തിലേക്കു തിരകെ വന്നു ആരാധന യോഗത്തിൽ ക്രമമായി പങ്കെടുക്കുന്നു.

പുതുതായി സുവിശേഷം ശ്രവിച്ചവർ യേശു വിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതി നായി പ്രാർത്ഥിക്കുക. കാലൻവാലി ഗ്രാമത്തിലെ റീനയുടെ മാറിടത്തിലുണ്ടായ ട്യൂമറിൽ നിന്നും മോത്തിരാമിന്റെ വൃക്കയിലുണ്ടായ ട്യൂമറിൽ നിന്നും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥി ക്കുക. ദാബവാലി ഗ്രാമത്തിലെ മുസ്കാനെ പൈ ശാചിക ബന്ധനത്തിൽ നിന്നും ദൈവം സൗഖ്യമാ ക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഗുർദിത്തയുടെ കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതി നായി പ്രാർത്ഥിക്കുക.

### ഹരിയാന റീജിയനൻ

### ബിഭാബ പാനി & ബിത്തിക

റാണിയ ഇടത്താവളത്തിലെ സുവിശേഷകൻ നവജോതിനു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. ഫത്തെബാദ് മിഷൻ വയലിലെ ദൈവാലയത്തിന്റെ മേൽക്കു രയുടെ നിർമ്മാണം വിജയകരമായി പൂർത്തീകരിച്ചു.

മിസാസി ജാതിക്കൂട്ടത്തിലെ വിശ്വാസികൾ ക്രിസ്തേശുവിലുള്ള വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നു. ഓട് രജപുതർ, റായ് സിഖ്, ബാൽമി കി, നായ് എന്നീ ജനസമൂഹങ്ങളിൽ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. സമൂ ഹത്തിന്റെ ഉന്നമനത്തിനുതകുന്ന വിധത്തിൽ സാമൂഹ്യ വ്യവസ്ഥിതിയിലും വിദ്യാഭ്യാസ സമ്പ്രദാ യത്തിലും രൂപാന്തിരമുണ്ടാകേണ്ടതിനായി പ്രാർ ത്ഥിക്കുക. ആഭിചാര പ്രവർത്തിയിൽ നിന്നും അന്ധ വിശ്വാസത്തിൽ നിന്നും ജനങ്ങൾ മുക്തരാകേണ്ട തിനായി പ്രാർത്ഥിക്കുക. ശാന്ത് നഗർ, കൈത്താൽ എന്നീ ഗ്രാമങ്ങളിൽ നടത്തിയ അനുധാവന പ്രവർത്തനം വിജയകരമാകേണ്ടതിനായി പ്രാർത്ഥി ക്കുക. എതിർപ്പുകളുടെ മദ്ധ്യെ കിച്ചാ ഗ്രാമത്തിലെ വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കു ന്നു. എതിർപ്പുകളുടെ മദ്ധ്യത്തിൽ ഡോറെഡാം പ്രദേശത്തെ ദൈവാലയ നിർമ്മാണം ഭംഗിയായി പുരോഗമിക്കുന്നു. ഓട്, രജൗട് എന്നി ഗ്രാമങ്ങളിലെ ദൈവാലയ നിർമ്മാണവും ഗബിപൂർ, മാത്തന എന്നീ ദൈവാലയങ്ങളുടെ ചുറ്റുമതിൽ നിർമ്മാണം എന്നിവ വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സാഹു സാനിയാൻ, അബുബ ഷാഹർ, ബുഹുന, കുസിമ്പി എന്നീ ഗ്രാമങ്ങളിൽ ദൈവാലയം നിർമ്മിക്കുന്നതിനു അനുയോജ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### തോഷാം: ജോൺ ഡേവിഡ്സൺ

ആറു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതതാവുമായി സ്വീക രിച്ചു. ദയ, ഭോജ്രാജ്, ബിരാൻ എന്നിവർ സുവി ശേഷത്തോടു താൽപര്യം കാണിക്കുന്നു. ബിരാൻ ഗ്രാമത്തിലെ ബാലവാസ്, പാവൻ, ഭോജ്രാജ് ഗ്രാമത്തിലെ കല എന്നിവർ സഭയിലെ പ്രവർത്ത നങ്ങളിൽ സജീവമായി പങ്കെടുക്കുന്നു. സങ്കർപൂർ, പൻജോക്കര എന്നീ ഗ്രാമങ്ങളിൽ പുതിയ സ്നേ ഹിതരെ നൽകി.

ബാലവാസ് ഗ്രാമത്തിലെ രാജ്പാൽ മദ്യാസക്തിയിൽ നിന്നു വിടുതൽ പ്രാ പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജിന്ദ് ആരാധന കൂട്ടത്തിൽ ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥി ക്കുക. മൂലക്കുരു രോഗത്തിൽ നിന്നു ഗോവിന്ദ് സിങ്, ന്യുമോണിയായിൽ നിന്നു ധൂബ് സിങ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഭാല വാസ് ഗ്രാമത്തിലെ ഫുലോദേവിയെ പൈശാചിക ബന്ധനത്തിൽ നിന്നു ദൈവം വിടുവിക്കേണ്ടതി നായി പ്രാർത്ഥിക്കുക..

**5**

**ഫെബ്രുവരി**

**ശനി**

## ജന്മദിനാശംസകൾ

അർപ്പുതം സെൽവി;
ദൈവനായകം ശമുവേൽ;
അനുഗാമി എക്ക;
വെങ്കിട പ്രവീൺ കുമാർ കെ

# ഉത്തർഖാണ്ഡ്

## കിച്ച

### തണ്വാൻസാങ് & ചിങ്കാൻമാഗ്

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. യുവജന ക്യാമ്പും കുട്ടികളുടെ ക്യാമ്പും വിജയകരമായി നടത്തി. നമ്മുടെ പ്രവർത്തനത്താൽ പുതിയ രണ്ടു വ്യക്തികളെ സ്നേഹിതരായി ലഭിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു ദൈവം പരംജിത്തിനെ വിടുവിച്ചു. നമ്മുടെ വിശ്വാസി അതാർ സിങിന്റെ ഉപജീവന മാർഗ്ഗമായി ഒരു ജോലി ലഭിച്ചു.

കരളിൽ അണുബാധയുണ്ടായ ഗുർമെജ് സിങിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസി സുരൻ സിങിനു ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സരാഫ് ജീത്തിനു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന പ്രധാന നേതാക്കന്മാരുടെ യോഗത്തിനായി പ്രാർത്ഥിക്കുക. എതിർപ്പുകളുടെ മദ്ധ്യെ വിശ്വാസികൾ ക്രിസ്തേശുവിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ദിനേശ്പൂർ : രാമസ്വാമി ജറോം & അന്തോണി രാജം

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. രാജ കോളനിയിൽ യോഗങ്ങൾ നടത്തുന്നതിനു ദൈവം കൃപ ചെയ്തു. തേജ ഫൗജയുടെ ഭർത്താവ് തിരികെ വന്നതിനെ തുടർന്നു അവരുടെ ഭവനത്തിൽ സമാധാനം ഉരുവായി. ഡിഗ്രി ബ്ലോക്കിലെ മേറിറാമിന്റെ നേത്ര സംബന്ധമായ രോഗം സൗഖ്യമായി. ബാൽജിത്തിനെ വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും നൈബസ്തി ഗ്രാമത്തിലെ സോമയെ വിളർച്ച രോഗത്തിൽ നിന്നും ദൈവം സൗഖ്യമാക്കി. മുകേദ്പുരേ ഗ്രാമത്തിലെ ഗുർപ്രീതിനു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

കഠിനമായ പ്രയാസങ്ങളിലൂടെ കടന്നുപോകുന്ന തേജ ഫൗജ ഗ്രാമത്തിലെ കിരണിന്റെ കുടുംബത്തിൽ സമാധാനം ഉരുവാകേണ്ടതിനായി പ്രാർത്ഥിക്കുക. തേജ ഫൗജ ഗ്രാമത്തിലെ സുനിതയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. സത്യാന്വേഷകരായ ധൈനമ്പൂർ, കുന്തിദേവി, പാവൻ, അമൻ എന്നിവർക്കു നല്ല ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സൈതാലിഗഞ്ച് ഗ്രാമത്തിലെ മകദയാൽ സിങ് മദ്യാസക്തിയിൽ നിന്നു മുക്തനാകേണ്ടതിനായി പ്രാർത്ഥിക്കുക. ഉജൈജനിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പിന്മാറ്റത്തിലായ ദാവലാദ് ഗഞ്ചിലെ സോനു വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.

## നാനക് മാത്ത

### ശിവകുമാർ & സുശീല മാരക്

ഒമ്പതു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ദെയാരി ഗ്രാമത്തിലെ നാലു കുടുംബങ്ങൾ നമ്മുടെ ആരാധന യോഗത്തിൽ പുതുതായി സംബന്ധിക്കുന്നു. ദെയാരി ഗ്രാമത്തിലെ അവിനാശ്, കല്യാൺപൂർ ഗ്രാമത്തിലെ പാടം എന്നിവരെ പൈശാചിക ബന്ധനത്തിൽ നിന്നു ദൈവം വിടുവിച്ചു.

സ്ലാം നഗറിലെ വീർസിങിനെ മദ്യാസക്തിയിൽ നിന്നും ദൈവം വിടുവിച്ചു. പഴകിയ പ്രമേഹ രോഗത്തിൽ നിന്നും സത്വിന്ദർ സിങിനെയും കഠിനമായ ജലദോഷത്തിൽ നിന്നും രത്തൻഫാരം ഗ്രാമത്തിലെ വിമല കരെയും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ദെയാരി ഗ്രാമത്തിലെ സുഖീന്തർ കരെയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക.

## 6
## ഫെബ്രുവരി
## ഞായർ

### ജന്മദിനാശംസകൾ

പാട്രിക്ക തമിഴ് സെൽവി;
ഹമോം നാബ സിങ്

**മാൽധചൗർ: ശിശുപാൽ & അനിത**

മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. പത്രംപൂർ ഗ്രാമത്തിലെ ഞായറാഴ്ച ആരാധന ഭംഗമില്ലാതെ നടക്കുന്നു. താരി ഗ്രാമത്തിലെ ദൈവാലയത്തിനായുള്ള സ്ഥലത്തിന്റെ പ്രമാണം രജിസ്റ്റർ ചെയ്തു. പഹെസ് പുർദാമിലെ ദൈവാലയ നിർമ്മാണം പൂർത്തീകരിച്ചു പ്രതിഷ്ഠ ശുശ്രൂഷക്കു തയ്യാറായി.

നമ്മുടെ ശുശ്രൂഷയുടെ വ്യാപനത്തിനായി ഒരു സുവിശേഷകനെ നിയോഗിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഊമനായ ബാൻഷിന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. യൗവ്വനക്കാരായ വിശ്വാസികളുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക..

## രാജസ്ഥാൻ

### ശ്രീ ഗംഗ നഗർ

**വി കുമാർ & പാട്രിഷ്യ**

ഒരു ഗ്രാമത്തിൽ സുവിശേഷം പങ്കുവെച്ചു. 3NM ഗ്രാമത്തിലെ സുവിശേഷീകരണ പ്രവർത്തനത്തെ ദൈവം ആശീർവദിച്ചു. ഈ യോഗത്തിൽ പുതിയ സ്നേഹിതരെ ലഭിച്ചു. മജിവാല ഗ്രാമത്തിലെ നമ്മുടെ പുതിയ വിശ്വാസി ജസ്വത്ത് അയൽക്കാരോടു തന്റെ സാക്ഷ്യം പങ്കുവെച്ചു അനേകരെ ക്രിസ്തുവിങ്കലേക്കു നയിക്കുന്നു.

ക്രമമായി വേദപുസ്തകം വായിക്കുന്ന നമ്മുടെ പുതിയ സ്നേഹിതരായ എസ് എസ് ബി കോളനിയിലെ സാജൻ, രോണുക ഗ്രാമത്തിലെ അനോകരാജ്, എത്രാം, രൂപാറാം എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളായ 20Z ഗ്രാമത്തിലെ മാൻദീപ്, മാത്തലിറാട്ടൻ ഫാനിയിലെ ശൈലജ എന്നിവർക്കു അനുയോജ്യമായ ജോലി ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പയോട്ട:

**സത്യപ്രകാശ് & അജ്ഞന മസി**

ഒരു ഗ്രാമത്തിൽ സുവിശേഷം പങ്കുവെച്ചു. വേദപഠന ക്ലാസ്സും ഭവന പ്രാർത്ഥനകളും നമ്മുടെ വിശ്വാസികളുടെ ആത്മീക വളർച്ചക്കു പ്രയോജനപ്പെട്ടു. പ്രാർത്ഥനയാൽ കോട്പുതാലി ഗ്രാമത്തിലെ രാജേന്ദ്രന്റെ പഴകിയ പനി സൗഖ്യമായി.

ഈ പ്രദേശത്തു സജീവമായിരിക്കുന്ന സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ബുച്ചിത കോളനിയിലെ രാജ്വാല, മാൻപുര ഗ്രാമത്തിലെ കാരൻ എന്നിവർക്കു പൈശാചിക ബന്ധനത്തിൽ നിന്നു വിടുതൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സത്നാലി ഗ്രാമത്തിലെ സുമിത്രയെ കാൻസർ രോഗത്തിൽ നിന്നും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## മസ്തിക തലച്ചോർ അപ്രത്യക്ഷമായി!

മദ്ധ്യപ്രദേശിലെ പൻസെമാൽ മിഷൻ വയലിലുള്ള ഘാട്ടിയ ഗ്രാമത്തിൽ സുവിശേഷത്തിനെതിരായി പ്രവർത്തിച്ചു കൊണ്ടിരുന്ന സോമി ബായിയുടെ തലച്ചോറിൽ മുഴ ഉണ്ടായി. അവന്റെ ജീവൻ രക്ഷിക്കുന്നതിനുള്ള പ്രതീക്ഷ ഡോക്ടറന്മാർക്കു നഷ്ടപ്പെട്ടു. അവനെ ഭവനത്തിലേക്കു കൊണ്ടുപോയി. അവന്റെ സ്വന്തക്കാർ അന്ത്യകർമ്മങ്ങൾ നടത്തി. എന്നാൽ അവന്റെ മകൾ നമ്മുടെ സുവിശേഷകരെ പ്രാർത്ഥനക്കായി വിട്ടിലേക്കു ക്ഷണിച്ചു. നമ്മുടെ സുവിശേഷകൻ വിശ്വാസികളോടു ചേർന്നു രാത്രി മുഴുവൻ അവനു വേണ്ടി പ്രാർത്ഥിച്ചു. ദൈവം സോമി ബായിയോടു കരുണ കാണിച്ചു ജീവൻ രക്ഷിച്ചു. സോമിബായി എഴുന്നേറ്റു തന്റെ സാക്ഷ്യം പങ്കുവെച്ചു. അവനും അവന്റെ കുടുംബാംഗങ്ങളും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ദൈവത്തിനു സ്തോത്രം!

## 7
## ഫെബ്രുവരി
## തിങ്കൾ

### ജന്മദിനാശംസകൾ

ദുരൈസ്വാമി കെ ഫ്രാൻസിസ്;
പ്രശാന്ത് മീശല;
പത്മാവതി നായക്;
ധനപുഷ്പം വി; ഹെലൻ മറിയാം ആർ

**അനുപ്ഘട്ട്: ബോദാർ അമൃത് & സുവേര മാർത്ത**

ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഒരു ഗ്രാമത്തിൽ പുതുതായി സുവിശേഷം പ്രഘോഷിച്ചു. 2PGM, 36GB എന്നീ ഗ്രാമങ്ങളിൽ നടത്തിയ പുതു വർഷ ആരാധന അനുഗ്രഹകരമായിരുന്നു. കാലു വേദനയിൽ നിന്നു മാൻപ്രീതിനെയും പഴകിയ ചുമയിൽ നിന്നു ബാബുവിനെയും കർത്താവ് സൗഖ്യമാക്കി. നമ്മുടെ വിശ്വാസി സ്നേഹയുടെ വിവാഹം ക്രിസ്തീയ രീതിയിൽ നടത്തി.

സാഖി, സാമേജ കോത്തി, ഖൊക്കാരവലി, 43GB, വിജയനഗർ എന്നീ പ്രദേശങ്ങളിൽ നടത്തുന്ന സത്സാംഗ് പ്രോഗ്രാമുകളെയും ദന്തോർ, 4LSM,1USS, 34HED എന്നിവിടങ്ങളിൽ നടത്തുവാനുദ്ദേശിക്കുന്ന രാത്രി യോഗങ്ങളെയും ദൈവം അനുഗ്രഹിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യാസക്തിയിൽ നിന്നും നിക്ക സിങ് വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഓരോ ഗ്രാമത്തിലും പ്രാർത്ഥനക്കൂട്ടങ്ങൾ രൂപീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാൻപ്രിതിന്റെയും കുടുംബത്തിന്റെയും മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

## ഉത്തർപ്രദേശ്

### ഗാട്ടംപൂർ

**ജാങ് ഖൊലുൻ തിത്താങ് & നഗൈത്തിയാൻ ചിങ് ഹൗസെൽ**

അഞ്ചു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ദൈവാലയത്തിന്റെ അറ്റകുറ്റ പണിക്കും മറ്റും വിശ്വാസികൾ ദാനങ്ങൾ നൽകി. സന്നദ്ധ പ്രവർത്തകരായ സുനിത, ആരതി, രോഷിനി, പ്രീയങ്ക, മഹിമ എന്നിവർ വിവിധ പ്രകാരത്തിൽ നമ്മുടെ ശുശ്രൂഷയെ സഹായിക്കുന്നു. വിവിധ രോഗങ്ങളിൽ നിന്നും സുമിതയെയും സ്വാതിയെയും ദൈവം വിടുവിച്ചു.

പുതിയ സ്നേഹിതർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു മുന്നോട്ടു വരേണ്ടതിനായി പ്രാർത്ഥിക്കുക. സ്വദ്ദേശ സുവിശേഷകരുടെ സ്ഥലമാറ്റം പ്രക്രിയ സുഗമമായി നടപ്പിലാകേണ്ടതിനായി പ്രാർത്ഥിക്കുക. സരസൗൾ ദൈവാലയത്തിലെ സ്വദ്ദേശ സുവിശേഷകന്റെ പാർപ്പിടത്തിന്റെ അറ്റകുറ്റ പണിയുടെ ആവശ്യങ്ങൾ സന്ധിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. വിവിധ രോഗങ്ങളാൽ വലയുന്ന സത്യാന്വേഷകരെയും വിശ്വാസികളെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### യേശുവിന്റെ രക്തത്താൽ സൗഖ്യം!

ഹരിയാന ബാസ്പൂർ മിഷൻ വയലിലെ ലാൽക്കയാൻ ഗ്രാമത്തിലെ ആറു വയസ്സുള്ള മീന എന്ന പെൺകുട്ടിക്കു രക്താർബുദം ബാധിച്ചു. ഡോക്ടറന്മാർക്കു അവളെ സൗഖ്യമാക്കുവാൻ കഴിഞ്ഞില്ല. ഓരോ ദിവസം കഴിയുന്തോറും രോഗം ഗുരുതരമായി കൊണ്ടിരുന്നു. അവർ നമ്മുടെ പ്രവർത്തനത്തെ കുറിച്ചു കേട്ടപ്പോൾ പ്രാദേശിക സുവിശേഷകനുമായി ബന്ധപ്പെട്ടു അവളുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുവാൻ അഭ്യർത്ഥിച്ചു. ദൈവം പ്രാർത്ഥന കേട്ടു രക്താർബുദത്തിൽ നിന്നു അവൾക്കു പൂർണ്ണ സൗഖ്യം നൽകി. മുഴു കുടുംബവും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഈ അത്ഭുത പ്രവർത്തി അറിഞ്ഞവരും യേശുവിൽ വിശ്വസിക്കുവാൻ തുടങ്ങി. ഹല്ലെലുയ്യ!

## 8
## ഫെബ്രുവരി
### ചൊവ്വ

### ജന്മദിനാശംസകൾ

സിബി സെൽവിൻ സാം;
ഗവിത് സുനിതബൻ റാഷിയബായി;
രേഖ ചാമ്പിയ

### ബുധൽക്കാണ്ട് റീജിയൻ

**എൻ രാജദുരൈ & പ്രേമ**

സുവിശേഷകർക്കും സന്നദ്ധ സേവകർക്കുമായി മൂന്നു ദിവസത്തെ പരിശീലനം പരിപാടി സംഘടിപ്പിച്ചു. FMPB യുടെ മൂല്യങ്ങളും ആചാര വിചാരങ്ങളും ഈ പ്രോഗ്രാമിൽ പങ്കെടുത്ത 13 പേരെ അഭ്യസിപ്പിച്ചു. വിവിധ തടസ്സങ്ങളാൽ സാധിക്കാതിരുന്ന ഷിവ്നി ദൈവാലയത്തിന്റെ ചുറ്റുമതിൽ നിർമ്മാണം നാലു വർഷത്തിനു ശേഷം ആരംഭിച്ചു. പ്രേംനഗർ ദൈവാലയം നിർമ്മാണം ആരംഭിച്ചു. പേരിൽ കൂട്ടുന്ന പ്രക്രിയ വിജയകരമായി പൂർത്തീകരിച്ചു. ക്രീസ്തീയ യൗവ്വനക്കാർ വിശ്വാസികളായ ജീവിത പങ്കാളികളെ അന്വേഷിക്കുവാൻ തുടങ്ങി. ഈ മാസം ഡബ്ര മേഖലയിൽ ജീപ്പ് ടീമിന്റെ പ്രവർത്തനം നടത്തി. ഒറിസ്സയിൽ നിന്നു ഒരു സന്നദ്ധ പ്രവർത്തകനായ രജേഷ് നമ്മോടു ചേർന്നു പ്രവർത്തിക്കുവാൻ തുടങ്ങി.

ലോക്ഡൗണിനു ശേഷം ബിന്ദ് ബാലഭവനത്തിലെ കുട്ടികളെല്ലാവരും ബാലഭവനത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. വരാവുന്ന എല്ലാ അപകടങ്ങളിൽ നിന്നും വിടുവിച്ച് ഝാൻസി, ഭിന്ദ്, ചിന്ദ്വാര എന്നീ ബാലഭവനങ്ങളിലെ ആൺകുട്ടികളും പെൺകുട്ടികളും പരീക്ഷ നല്ലവണ്ണം എഴുതേണ്ടതിനായി പ്രാർത്ഥിക്കുക. ഒരു അപകടത്തിൽ പെട്ടു കൈക്കു പൊട്ടലുണ്ടായ മോത്ത് മിഷൻ വയലിലെ നമ്മുടെ സുവിശേഷകൻ ബാലാദീന്റെ പൂർണ്ണ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. മന്ദന അവസ്ഥയുള്ള സ്ഥലങ്ങളിലെല്ലാം വിശ്വാസികളുടെ എണ്ണം വർദ്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഝാൻസിയിലെ ബാലഭവനത്തിനായി കെട്ടിടം നിർമ്മിക്കുന്ന വസ്തുവിന്റെ രൂപരേഖക്കു അംഗീകാരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കൈംഗഞ്ച്

**എബനേസർ ജി സാം ജപറാണി**

ഒരു വ്യക്തി യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. റാമ്പൂർ ദബിർ ഗ്രാമത്തിൽ പിന്മാറ്റത്തിലായ രണ്ടു പേർ ക്രിസ്തേശുവിലുള്ള വിശ്വാസത്തിലേക്കു മടങ്ങി വന്നു. പ്രിത്വി ദർവാജയിലെ വിശ്വാസിയായ റാണി അയൽക്കാരുടെ എതിർപ്പുകളുടെ മദ്ധ്യത്തിൽ തന്റെ വീടു പണി പൂർത്തീകരിച്ചു. പൈശാചിക ബന്ധനത്തിൽ നിന്നു ഗടിയ ജഗനാഥ് ഗ്രാമത്തിലെ ഉർമ്മിള മനോജിനെ വിടുവിച്ചു. ദുദെര ഗ്രാമത്തിലെ വിശ്വാസി മമതക്കു ഒരു പൈതലിനെ നൽകി ദൈവം ആശീർവദിച്ചു.

പൈതലിന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന വിശ്വാസിയായ ഫൂലൻ ദേവിയുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. മൂന്നു മക്കളെ ഗർഭാവസ്ഥയിൽ നഷ്ടപ്പെട്ട ഫത്തെഗാദ് ഗ്രാമത്തിലെ രോഷിനിക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാലിയ ഗ്രാമത്തിൽ പുതിയ സ്നേഹിതൻ സജ്ജിവനെ തളർവാതത്തിൽ നിന്നും പൈതാൻ ഗ്രാമത്തിലെ ഫൂൽമതിയെ ഉദരത്തിലെ കാൻസറിൽ നിന്നും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

ഉപവാസ
പ്രാർത്ഥന
ദിനം

9
ഫെബ്രുവരി
ബുധൻ

ജന്മദിനാശംസകൾ

ജക്കിനത് ജോയന്ന ഗോവദ;
ദീന കുമാരി ബബർത്ത;
ദുർഗ ദേവി @ രൂത്തു മേരി

## മദ്ധ്യപ്രദേശ്

### ധാർ

**കരുണാകർ ഗർദ & ഗീതാജ്ഞലി**

13 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. കക്കരാട ഗ്രാമത്തിൽ നിന്നു ജോലിക്കായി ഗുജറാത്തിലേക്കു പോയ കുടിയേറ്റ തൊഴിലാളികളെ സഹപ്രവർത്തകർ ചെയ്ത ദുർനടപടികൾ നിമിത്തം വീട്ടുതടങ്കലിൽ ആക്കിയിരുന്നു. പ്രാർത്ഥനയെ തുടർന്നു അവരെ വിട്ടയച്ചു. ദുണിബാട്‌ലി ഗ്രാമത്തിൽ പുതിയ ആരാധനക്കൂട്ടം ആരംഭിച്ചു. ഭിലാല സമുദായത്തിലെ അനിൽ വസക്കെലെ ഈയടുത്ത നാളിൽ സന്നദ്ധ പ്രവർത്തകനായി നമ്മോടു ചേർന്നു. കാണാതെ പോയ നാലു വയസ്സുള്ള പെൺകുട്ടിയെ പ്രാർത്ഥനയെ തുടർന്നു തിരികെ ലഭിച്ചു. കക്കർദ ഗ്രാമത്തിലെ ജാസമ്പായിയെ പൈശാചിക ബന്ധനത്തിൽ നിന്നു ദൈവം വിടുവിച്ചു.

സുവിശേഷ വിരോധികളിൽ നിന്നു ഭീഷണി നേരിടുന്ന വിശ്വാസികളുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. സുവിശേഷീകരണ പ്രവർത്തനം നടത്തുവനുദ്ദേശിക്കുന്ന മാനാവാർ പ്രദേശത്തു സുവിശേഷത്തിനു തുറന്ന വാതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഇൻഡോർ, ബാഗ്ദി എന്നീ പ്രദേശത്തു പ്രാർത്ഥന യോഗം സ്ഥിരമായി നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. ധാർ മിഷൻ വയലിൽ പ്രാർത്ഥന യോഗങ്ങളും ആരാധനക്കൂട്ടങ്ങളും നടത്തുന്നതിനു അനുകൂലമായ സാഹചര്യം ഉരുവാകേണ്ടതിനായി പ്രാർത്ഥിക്കുക.

### ഖാന്തുവ റീജിയൻ

**ഐസക് & സീത**

ഖാന്തുവ ബാലഭവനത്തിന്റെ പ്രതിഷ്ഠ ശുശ്രൂഷ നടത്തി. സ്പോൺസറന്മാരുടെ സാന്നിധ്യത്തിൽ ബാസാലി ദൈവാലയത്തിന്റെ സമർപ്പണ ശുശ്രൂഷ നടത്തി. കഴുത്തിലുണ്ടായ ട്യൂമറിൽ നിന്നു ജുമ്കിയെയും പഴകിയ രോഗത്തിൽ നിന്നു അജയിയെയും രക്തം ശർദ്ദിച്ച ലോകേഷ്ബായിയെയും മലേറിയ രോഗത്തിൽ നിന്നു ബോറുട് ഗ്രാമത്തിലെ സുനിത ബായിയെയും കർത്താവ് സൗഖ്യമാക്കി. കിദ്കി ഗ്രാമത്തിലെ നമ്മുടെ വിശ്വാസിയായ രാധിയാർ മകളുടെ വിവാഹം ക്രിസ്തീയ രീതിയിൽ നടത്തി. കക്കാദ ഗ്രാമത്തിലെ ജാസ്മബായിയെ പൈശാചിക ബന്ധനത്തിൽ നിന്നു ദൈവം വിടുവിച്ചു.

സ്ത്രീജനങ്ങളുടെയും യൗവ്വനക്കാരുടെയും പ്രാർത്ഥനക്കൂട്ടങ്ങൾ പ്രശ്നങ്ങളൊന്നുമില്ലാതെ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസി കരുണാകരിന്റെ കുടുംബത്തിനെതിരായിട്ടുള്ള കോടതി കേസ് ശാശ്വതമായി പരിഹരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കാലിൽ നീർവീക്കമുള്ള നാഗർസിങ്, മൂത്രാശയ സംബന്ധമായ രോഗമുള്ള ശാരദ, അപകടത്തിൽ തലക്കു മുറിവേറ്റ ഷാലോനി, ക്ഷയ രോഗിയായ പാലസിയ ഗ്രാമത്തിലെ സാംനാഥ് എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ഭർത്താവ് ഉപേക്ഷിച്ചു പോയ സുനന്ദയുടെയും രണ്ടു മക്കളുടെയും ഉപജീവന മാർഗ്ഗത്തിനായി പ്രാർത്ഥിക്കുക.

**10**
**ഫെബ്രുവരി**
**വ്യാഴം**

## ജന്മദിനാശംസകൾ

സോളമൻ എ

### നേപാനഗർ

**ജുബരാജ് ഭരതൻ &**
**ഷീബ ജാസ്മിൻ**

ആറു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. മങ്കിലാലും ഭാര്യ സാലിതയും മക്കളും മനോജ താക്കിസ് ആരാധനക്കൂട്ടത്തിൽ പുതുതായി സംബന്ധിക്കുന്നു. നമ്മുടെ സുവിശേഷകൻ സോനാർ ബായിയുടെ മോട്ടർ സൈക്കിൾ കയറി കാലൊടിഞ്ഞ ആടിനെ പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി. ആഭിചാര ക്രിയയാൽ മൻജ്റോഡ് ഗ്രാമത്തിലെ നമ്മുടെ വിശ്വാസിയായ ലതബായിയുടെ ഭവനത്തിന്റെ ഭിത്തി നിറയെ പിറ്റിപിടിച്ച ഈച്ചകൾ പ്രാർത്ഥനയെ തുടർന്നു പറന്നു പോയി. അനേക വർഷത്തെ വിവാഹ ജീവിതത്തിനു ശേഷം നമ്മുടെ വിശ്വാസി കമലബായിക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. അപവാദ പ്രചരണങ്ങൾക്കിടയിലും നേപനഗറിലെ നമ്മുടെ ശുശ്രൂഷ ഭംഗിയായി വർദ്ധിച്ചു വരുന്നു. തുകൈത്താട് ഗ്രാമത്തിലെ ഭാൻവാർ സിങ്. ബാമ്ലഭാത് ഗ്രാമത്തിലെ ജൻഡലാൽ എന്നിവർ ദൈവാലയം നിർമ്മിക്കുന്നതിനു തങ്ങളുടെ വസ്തു ദാനമായി നൽകി.

കുടിയേറ്റ തൊഴിലാളികളുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. വ്യാജ സുവിശേഷകർ വഴി തെറ്റിക്കുന്ന നമ്മുടെ വിശ്വാസികളായ തുകൈതാട് ഗ്രാമത്തിലെ രമേശ് ബാബ, ബദനാപൂറിലെ ദർബാർബായി, ഹെരുഫാത ഗ്രാമത്തിലെ ഗാനാബായി എന്നിവർക്കായി പ്രാർത്ഥിക്കുക. പിന്മാറ്റക്കാരായ ചെയിൻപൂര ഗ്രാമത്തിലെ ദാൽസിങ്, പാനുബായി, പതെൽദാന ഗ്രാമത്തിലെ ശങ്കർ, മുനിബായി എന്നിവർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസിയായ രാജമിനെ ഉപദ്രവിക്കുന്ന മദ്യപാനിയായ ഭർത്താവ് ബിസ്നബായിയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. വിക്രം, ഭിംസിങ് എന്നിവരുടെ കുടുംബങ്ങളിൽ മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രവർത്തനത്തെ വിവിധ പ്രകാരത്തിൽ എതിർക്കുന്ന സൗണ്ട് ഗ്രാമത്തിലെ ധൂം സിങിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

### നിവാലി

**ചന്നമല്ലപ്പ & രൂപ**

ആറു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. മൻസൂർ പ്രദേശത്തു നടത്തിയ ഫിലിം പ്രദർശനം അനുഗ്രഹകരമായിരുന്നു. ദൊങ്കർഗൗൺ, ദിവാനിയ, സാമാനിയ, ബുധഗൗൺ, മോഗരീക, കാൻപുരി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. അനേകർ ജീവിതത്തിൽ ആദ്യമായി യേശുവിന്റെ സ്നേഹം അറിഞ്ഞു.

യേശുവിനെ രക്ഷിതാവായി സ്വീകരിക്കുന്നതിനു തയ്യാറെടുക്കുന്ന കമ്പാനി, പിച്ചോടി, വങ്കാദ് എന്നീ പ്രദേശത്തുള്ള സത്യേന്വേഷകരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. ഘോദിയപാനി ആരാധനക്കൂട്ടത്തിൽ ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. ചട്ടാലി ഗ്രാമത്തിൽ ദൈവാലയം നിർമ്മിക്കുന്നതിനു ആവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**11**
**ഫെബ്രുവരി**
**വെള്ളി**

## ജന്മദിനാശംസകൾ

വിനയകുമാർ ഗുരു

### ദാബ്ര

**സതികാന്ത് പരിച്ച & സാഗരിക പ്രധാൻ**

അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. സഭാദിന ആഘോഷത്തിനെതിരെ ഉരുവായ എല്ലാ എതിർപ്പുകളെയും ഭീഷണികളെയും അതിജീവിക്കുവാൻ ദൈവം സഹായിച്ചു. വിശ്വാസികൾ എല്ലാവരും ക്രിസ്തേശുവിൽ ഉറച്ചു നിൽക്കുന്നു. കിത്തോണ ആരാധനക്കൂട്ടത്തിലെ സഭാമുപ്പന്മാർ പ്രാർത്ഥനയിലൂടെ എല്ലാവരുമായി നിരപ്പ് പ്രാപിച്ചു. ഇപ്പോൾ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

എല്ലാ ആരാധനക്കൂട്ടത്തിലും സഭാമുപ്പന്മാരെ നിയമിച്ചു. മിഘലാൻ, മഹഗോ എന്നീ ആരാധനക്കൂട്ടങ്ങൾ വളർന്നു ഇടവകകളായി രൂപപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. കാര്യവാതിയിലെ ജഗദീശിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ ശുശ്രൂഷകൾക്കു എതിരെ പ്രവർത്തിക്കുന്ന പ്രേം നഗറിലുള്ള മുൻ സുവിശേഷകനും വിശ്വാസികളും മാനസാന്തരപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. സന്നദ്ധ പ്രവർത്തകനായ അതാർ സിങ്ങിനെയും സുവിശേഷകൻ മുകേഷ് മുർമ്മുവിനെയും ദൈവം ശക്തമായി ഉപയോഗിച്ചു അനേകരെ ക്രിസ്തുവിങ്കലേക്കു ആദായപ്പെടുത്തേണ്ടതിനായി പ്രാർത്ഥിക്കുക.

## ബീഹാർ

**അരാരിയ : ആനന്ദൻ**

ബൈജന്തപൂർ, തോന, പെക്പാർ, പുലുക, രങ്കദാഹ എന്നീ ഗ്രാമങ്ങളിൽ നടത്തിയ അനുധാവന പ്രവർത്തനത്തെ ദൈവം ആശീർവദിച്ചു. പെക്പർ ഗ്രാമത്തിലെ സജ്ജൻകുമാറിനെ പൈശാചിക ബന്ധനത്തിൽ നിന്നു ദൈവം വിടുവിച്ചു.

രങ്കദാഹ ഗ്രാമത്തിൽ ആരാധനക്കൂട്ടം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പ്രാർത്ഥനയാൽ പൈശാചിക ബന്ധനത്തിൽ നിന്നു മുക്തനായ മിത്ത്ലേശ് യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പെക്പാർ ഗ്രാമത്തിൽ ആരംഭിച്ച ചെറിയ ആരാധനക്കൂട്ടം ക്രമമായി കൂടിവരേണ്ടതിനായി പ്രാർത്ഥിക്കുക. ബൈജന്തപൂർ ഗ്രാമത്തിലെ നമ്മുടെ വിശ്വാസി റീന കുമാരിക്കു അനുയോജ്യമായ ജീവിത പങ്കാളിയെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**ചാഹതപൂർ: പവാർ ദിനേശ്ബായി & പവാർ ചിലബൻ**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. അനേക ജനങ്ങൾ ആരാധന യോഗത്തിൽ സംബന്ധിക്കുവാൻ തുടങ്ങി. രത്തനപുര ഗ്രാമത്തിലെ ധീരു കുമാർ യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറഞ്ഞു.

സുവിശേഷത്തോടു എതിർപ്പുള്ള ത്രിവേണിഗഞ്ച് ബ്ലോക്ക്, പിപ്ര ബ്ലോക്ക്, സുപാൽ ജില്ല എന്നിവിടങ്ങളിലെ വിശ്വാസികൾ വിശ്വാസത്തിൽ ഉറച്ചു നിൽക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 12
## ഫെബ്രുവരി
## ശനി

### ജന്മദിനാശംസകൾ

ജീവരത്തിന ബ്യുറോ;
റോൻജോയ് നർസാരി

### ഈസ്റ്റേൺ ഗാഞ്ചെറ്റിക് റീജിയൻ

**ബാബു പുഷ്പരാജ് &**
**റെയിച്ചൽ ജോയ്സ്**

റാണിഗഞ്ച് മിഷൻ വയലിൽ ഗോപാൽപൂർ, സഹാർഷ മിഷൻ വയലിലെ ബെജനാഥ്പൂർ, മഹിഷി എന്നീ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടം ആരംഭിച്ചു.

റാണിഗഞ്ച് മിഷൻ വയലിലുള്ള ബിപിൻസാദ, സദാനന്ദസദാ, ബുധ, കൈലാസ് എന്നിവർ മദ്യാസക്തിയിൽ നിന്നും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ പ്രവർത്തനത്തെ കുറിച്ചു അപവാദം പരത്തുന്ന വിദ്യനാഥ് പസ്വാന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

## ജാർഖണ്ഡ്

### ഡാമ്നി

**ജോൺ പോൾ ഹാരീസ് &**
**വിമല ഡെയ്സി**

രണ്ടു സ്ഥലത്തു നടത്തിയ വിബിഎസ് പ്രോഗ്രാമിൽ 60 ൽ പരം കുട്ടികൾ പങ്കെടുത്തു. പഹൈലക്കുടിയ, ലങ്കതഗൊഡ്ഡ എന്നീ ഗ്രാമങ്ങളിൽ നിന്നു 7 പേർ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ആദ്രഗോഡ, ടൊക്ജാദി എന്നീ ഗ്രാമങ്ങളിൽ നിന്നു അനേകർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ബടൗൻ ഗ്രാമത്തിലെ പിന്മാറ്റത്തിലായിരുന്ന ജോഹാൻ മാൾട്ടോ വിശ്വാസത്തിലേക്കു തിരകെ വന്നു. ഗുഡെഗോഡ ഗ്രാമത്തിലെ മമിത മാൾട്ടോയെ അപസ്മാരത്തിൽ നിന്നും ദാന്ദികുടിയ ഗ്രാമത്തിലെ ബർന്നബാസ് മാൾട്ടോയെ കാലിലുണ്ടായ നീർവീക്കത്തിൽ നിന്നും ബാത്പഹാടി പാസ്റ്ററേറ്റിലെ പ്രാദേശിക സുവിശേഷകൻ റവ. ഗബ്രിയേൽ മാൾട്ടോയുടെ മകൾ മാർത്ത മാൾട്ടോയെ പെട്ടന്നുണ്ടായ രോഗത്തിൽ നിന്നും ദൈവം വിടുവിച്ചു.

താതഗബിട്ട ഗ്രാമത്തിലെ നമ്മുടെ വിശ്വാസികളെ ഉപദ്രവിക്കുന്ന ചുച്ചി മേസയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. പുതിയ വിശ്വാസികളായ ഗമാലിയേൽ മാൾട്ടോയെയും ദാന്ദിക്കുടിയ ഗ്രാമത്തിലെ പരമേശ്വർ മാൾട്ടോയെയും മറ്റുള്ളവരെയും യേശുവിനെ അനുഗമിക്കുന്നതിനു തടസ്സം നിൽക്കുന്ന പഹലെക്കുടിയ ഗ്രാമത്തിലെ ജനങ്ങളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഗാദിമാക്കോ ഗ്രാമത്തിലെ അബ്രഹാം മാൾട്ടോ, കുതാമു ഗ്രാമത്തിലെ മത്തിയാസ് മാൾട്ടോ എന്നിവർ മദ്യാസക്തിയിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ദോന്ദിഗോട ഗ്രാമത്തിലെ യാക്കൂബ് മാൾട്ടോ അടിക്കടി അപസ്മാര രോഗത്താൽ വലയുന്നു. ബിട്ടച്ചപ്പടി ഗ്രാമത്തിലെ മേസ, കത്തഗൈ, ജിർക്കിബിട്ട ഗ്രാമത്തിലെ ബൈജ്നാഥ്, ദത്തിക്കുടിയ ഗ്രാമത്തിലെ ആദിയ എന്നിവർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. വിശ്വാസത്തിൽ നിന്നു പിന്മാറിപ്പോയ ലീല ധോണി ഗ്രാമത്തിലെ ബർന്നബാസ്, ഡുമ്രി കെപു ഗ്രാമത്തിലെ മർക്കൂസ്, ഡോനിഗൊഡ്ഡയിലെ ദേവദാസ്, കെർക്കുടിയായിലെ മർക്കൂസ്, ദെന്തിക്കുടിയ ഗ്രാമത്തിലെ ജോയൽ എന്നിവർ വിശ്വാസിത്തിലേക്കു മടങ്ങിവരേണ്ടതിനായി പ്രാർത്ഥിക്കുക.

## 13
## ഫെബ്രുവരി
## ഞായർ

### ജന്മദിനാശംസകൾ

സ്റ്റെല്ല പ്രഭുദാസ്;
സജ്ജീപ് കുമാർ ആന്ധ്രാപ്;
കാമ്പങ് താബ;
ഗുർപ്രീത് കൗർ; വയലറ്റ് ഹൻസ്ത;
ബർന്നബാസ് സൊറൻ

### റാഘട്ട് : **തിമോത്തി കുമാർ & മുത്തു സെൽവി**

പത്തു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. രണ്ടു ദിവസത്തെ ഉപവാസ പ്രാർത്ഥനയെ ദൈവം ആശീർവദിച്ചു. അനേക വിശ്വാസികൾ ആത്മീകാനുഗ്രഹം പ്രാപിച്ചു. പഹാടിയ പാസ്റ്ററേറ്റിൽ നടത്തിയ നക്ഷത്രമേള വളരെ അനുഗ്രഹകരമായിരുന്നു.

സഭാമൂപ്പന്മാർ അവരുടെ സഭയുടെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക വിഭ്രാന്തിയിൽ നിന്നു സുരേന്ദർ ബസ്രയും റൂബിലാലും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന റിജിനൽ കൺവൻഷന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികൾക്കെതിരെ ആഭിചാര ക്രിയ ചെയ്യുന്ന പിണ്ടെർഗരിയ ഗ്രാമത്തിലെ ശിബ ടുഡു, ജാംകെന്ദർ ഗ്രാമത്തിലെ ബാബുറാം, ഡങ്ക ഗ്രാമത്തിലെ സാനിറാം, ലോദ മുർമ്മു, പഹാത്പൂർ ഗ്രാമത്തിലെ ഡങ്ക, ജത്തരായ് എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ബോക്കുവ ദൈവാലയത്തിലെ വിശ്വാസികളുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക.

### സന്താൾ ശിഷ്യത്വ ശുശ്രൂഷ
### **സുധാകരൻ & ഫ്ളോറൻസ്**

കഠിന ശൈത്യത്തിന്റെ മദ്ധ്യത്തിലും പദ്ധതിയിട്ട എല്ലാ പ്രോഗ്രാമുകളും വിജയകരമായി നടത്തി. ശ്രീ. ജോർജ്ജിന്റെ സഹായത്താൽ തെലോ മിഷൻ വയലിലെ എല്ലാ കുട്ടികൾക്കും നല്ല വസ്ത്രം നൽകി. നമ്മുടെ വിശ്വാസികൾക്കു അവരുടെ നെൽ വയലുകളിൽ നിന്നു നല്ല വിളവ് ലഭിച്ചു. സന്താൾ വെസ്റ്റ് ബംഗാൾ റീജിയനിൽ വേദപഠന ക്ലാസ്സും പരിശീലന പ്രോഗ്രാമുകളും ക്രമീകൃതമായ വിധം നടത്തുന്നു.

പൗലുസ് മാറാണ്ടിയുടെ പിതാവിന്റെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. സുലൈമാൻ മാറാണ്ടിയുടെ വിവാഹം അനുഗ്രഹകരമായി നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. സന്താൾ മിഷനറിമാരായ ലുബിൻ മുർമ്മുവിന്റെയും സോലോമി ഹസ്താക്കിന്റെയും വിവാഹ ആവശ്യങ്ങൾ സന്ധിക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കുക. വയോജന വിദ്യാഭ്യാസ പ്രോഗ്രാം വിജയകരമായി സംഘടിപ്പിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ധംധമിയ മിഷൻ വയലിൽ വേദപഠന ക്ലാസ്സുകൾ ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ നീങ്ങേണ്ടതിനായി പ്രാർത്ഥിക്കുക.

### വിശ്വാസം പ്രകടമാക്കി!

ഹിമാചൽ പ്രദേശിൽ രാമ്പൂർ മിഷൻ വയലിലെ ബുദ്ധ മത പശ്ചാത്തലത്തിൽ ജീവിക്കുന്ന ഡോൽമ നവ മാദ്ധ്യമത്തിലൂടെ ശ്രവിച്ച പ്രസംഗത്താൽ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. കഴിഞ്ഞ രണ്ടു മാസമായി നമ്മുടെ ആരാധന യോഗത്തിൽ സംബന്ധിച്ചു വരുന്നു. റാമ്പൂർ ബുഷഹറാറിൽ അവൾ ഒരു ചെറിയ ചൈനിസ് ഭക്ഷണ ശാല നടത്തുന്നു. അവളുടെ ക്രിസ്തീയ വിശ്വാസത്തിനു വിഘ്നമാകുന്ന എല്ലാ ഫോട്ടകളും കടയിൽ നിന്നും എടുത്തുമാറ്റി. ഈ നടപടിയിൽ അവളുടെ മക്കൾ അസ്വസ്ഥരായി. അവൾ യേശുവിൽ വിശ്വസിക്കുന്നതു അവർക്കു ഉൾക്കൊള്ളുവാൻ കഴിഞ്ഞില്ല. ഭക്ഷണശാലയിൽ സഹായിക്കുവാൻ അവർ തയ്യാറായില്ല. കുടുംബത്തിലെ എതിർപ്പിന്റെ മദ്ധ്യത്തിലും നിസഹായ അവസ്ഥയിലും വിശ്വാസത്തിൽ ഉറച്ചു നിൽക്കുന്നു. ദൈവം നമ്മുടെ സങ്കേതവും കോട്ടയും കഷ്ടത്തിൽ ഏറ്റവും അടുത്ത തുണയും എന്ന് ഉറച്ചു വിശ്വസിച്ച് ബിസിനസ്സ് തുടരുന്നു. ദൈവത്തിനു സ്തോത്രം!

**14**
**ഫെബ്രുവരി**
**തിങ്കൾ**

ജന്മദിനാശംസകൾ

ലാൽ നുൻ മാവി ഹ്മർ

## വനാഞ്ചൽ റീജിയൻ

**ബാഗി സതീഷ് &**
**എം രത്ന കുമാരി**

ചാന്തോപാനി മിഷൻ വയലിലെ ആദ്യ വിശ്വാസിയായി ഫൂൽകുമാരി ദേവി യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഗോപിച്ചന്ദ് മിഷൻ വയലിൽ ദൈവാലയ വസ്തുവിനെ സംബന്ധിച്ചുള്ള തർക്കം നിമിത്തം ആരാധന യോഗം നിർത്തിവെച്ച പിക്കിടിപാട ഗ്രാമത്തിൽ ഞായറാഴ്ച ആരാധന പുനരാരംഭിക്കുവാൻ ദൈവം കൃപ ചെയ്തു. ഗോപികാന്ദർ മിഷൻ വയിലിലുള്ള ദാമിചുവ ഗ്രാമത്തിലെ മുനി റാണിയെ പഴകിയ തലവേദനയിൽ നിന്നു ദൈവം വിടുവിച്ചു.

റീജിനൽ നേതൃത്വ പരിശീലന കേന്ദ്രത്തിനു ചുറ്റുമതിൽ പണിയേണ്ടതിനായി പ്രാർത്ഥിക്കുക. ഉടനെ നടത്തുവാനുദ്ദേശിക്കുന്ന പ്രദേശിക സുവിശേഷകരുടെ പരിശീലന പ്രോഗ്രാമിനായി പ്രാർത്ഥിക്കുക. ദലാഹി പ്രദേശത്തുള്ള പഹാർപൂർ, സിബാക്കോൾ, സോനുവാടി, മനോഹർ ചൗക്ക് എന്നീ ആരാധനക്കൂട്ടത്തിലുള്ളവരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. കാൽസാദ, ചപുടിയ, അസ്ന, ഗോൾദാഹ്, ഗോലി എന്നീ ഗ്രാമങ്ങളിലുള്ളവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഖാരോനി മിഷൻ വയലിലുള്ള പാക്കുടിയ പ്രദേശത്തെ ചൗക്കോശാല, ഡൊന്തുവ, ചുനാർ ബുജ് എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ലാദേബട ഗ്രാമത്തിലെ പിന്മാറ്റക്കാരായ ജിത്തേന്ദർ ദെഹ്റി, രാജേന്ദർ ദെഹ്റി, ധർമ്മേന്ദർ ദെഹ്റി, മഹാദേവ് ദെഹ്റി, സോനെ ദെഹ്റി എന്നിവരുടെ മടങ്ങിവരവിനായി പ്രാർത്ഥിക്കുക. കാന്തിക്കുണ്ട് മിഷൻ വയലിൽ സുവിശേഷവേലയെ എതിർക്കുന്ന പൊദൈദിഹ് ഗ്രാമത്തിലുള്ളവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

# പശ്ചിമ ബംഗാൾ

## മെഘ്ലിഗഞ്ച്

**ജന്നീസ് & സുഗന്ധി പുഷ്പം**

അഞ്ചു ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. ഏഴു ഗ്രാമങ്ങളിൽ പകലും രാത്രിയിലും യോഗങ്ങൾ നടത്തി. സഹാർഷ പ്രദേശത്തു സുവിശേഷ വേല ചെയ്യുന്നതിനു പ്രാരംഭ പഠനം വിജയകരമായി പൂർത്തീകരച്ചു.

തെറ്റായ രാഷ്ട്രീയ സമ്പ്രദായത്തിലേക്കു ആകൃഷ്ടരായ യൗവ്വനക്കാരുടെ മനസ്സിൽ മാറ്റങ്ങൾ ഉണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. മദ്യത്തിനു അടിമകളായി പ്രത്യേകിച്ചു ഉത്സവ വേളകളിൽ തിന്മ പ്രവർത്തികൾ ചെയ്യുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. രാജബാൻസി ജനങ്ങളുടെ ഇടയിൽ ക്രിസ്തീയ സമുദായത്തെ കുറിച്ചുള്ള തെറ്റിദ്ധാരണകൾ പൂർണ്ണമായി മാറേണ്ടതിനായി പ്രാർത്ഥിക്കുക. സമൂദായത്തിൽ അനാരോഗ്യകരമായ ആചാരങ്ങൾ നടപ്പിലാക്കുന്നതിനു മേൽനോട്ടം വഹിക്കുന്ന നേതാക്കന്മാരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

# 15
## ഫെബ്രുവരി
## ചൊവ്വ

### ജന്മദിനാശംസകൾ

ദാനിയേൽ തോമസ്;
മേഴ്സി ദെബോര സെന്തിൽ;
വസാവെ എലേശ് പ്രഭു; അയ്യനാർ എം

### പാക്കുഹാട്ട്

**രാമകൃഷ്ണ @ ഏലീയാസ് & അഞ്ജലി**



മാനിക്പൂർ ഗ്രാമത്തിലെ രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവവുമായി സ്വീകരിച്ചു. 18 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. സുവിശേഷീകരണ പ്രവർത്തനത്തെ ദൈവം ആശീർവദിച്ചു അനേകർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. സൽബോനി, ഉലാതുർ എന്നീ പ്രദേശത്തു സണ്ടെസ്കൂൾ, ചെറിയ പ്രാർത്ഥനക്കൂട്ടം എന്നിവ സജീവമായി നടക്കുന്നു. മാനിക്പൂർ ഗ്രാമത്തിലെ വിശ്വാസികൾ സജീവമായി നമ്മുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുകയും സ്വമേധയാ സംഭാവനകൾ നൽകുകയും ചെയ്യുന്നു. ഉത്തർ കർമ്മ ആരാധനക്കൂട്ടത്തിൽ സിർജോൻ സൊറൻ, ബാപി മൂർമ്മു, സൽബോണ ആരാധനക്കൂട്ടത്തിൽ ചുങ്കി ടുഡു, ഉജിത് മൂർമ്മു, ഉലാതൂർ പ്രദേശത്തു രാംസൊറൻ കുടുംബം, കുതുക്കു ഗ്രാമത്തിൽ ബാബുലാൽ മുർമ്മു, മനിക്പൂർ മേഖലയിൽ വകിൽ ഹെംബ്രം, സാഷോൽ ഹെംബ്രം കുടുംബം എന്നിവരെ സഭാമൂപ്പന്മാരായും ആരാധനക്കു നേതൃത്വം നൽകുന്നതിനുമായി നിയോഗിച്ചു. നമ്മുടെ വിശ്വാസി കല്പന മുർമ്മുവിന്റെ കുടുംബത്തിൽ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.



പക്കുഹാട്ട് മിഷൻവയലിൽ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. മാനസിക രോഗത്തിൽ നിന്നു മിരാതി മുർമ്മുവും അപസ്മാര രോഗത്തിൽ നിന്നു മാരാൻ മുർമ്മുവിനും ചുബിലാലിനും സൗഖ്യം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഈയടുത്ത നാളിൽ ക്ഷയരോഗത്താലും കരളിലുണ്ടായ അണുബാധയാലും നിത്യതയിൽ പ്രവേശിച്ച ബുദ്ധൈ മുർമ്മുവിന്റെ കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. സത്യാന്വേഷകരായ ഉലത്തൂർ ഗ്രാമത്തിലെ ശ്രീനാഥ് മുർമ്മു, പിണ്ടെർഗാടിയ ഗ്രാമത്തിലെ താലു സൊറൻ, കുതുക്കു ഗ്രാമത്തിലെ സിബിലാൽ മുർമ്മു, സർബോണ ഗ്രാമത്തിലെ ദേന മുർമ്മു, ശ്രീനാഥ് മാറാണ്ടി, സുന്ദർബാൻ ഗ്രാമത്തിലെ മോശെ ടുഡു, കൊയിനദിഗി ഗ്രാമത്തിലെ സുദിർ മാറാണ്ടി, രാമു മാർദി, ചാന്ദ് മുനി ബസ്ര, മാൽധോപാറ ഗ്രാമത്തിലെ സുനിറാം സൊറൻ, ചഗോല ബക്കയിലെ നേത സൊറൻ, പനാപൂർ ഗ്രാമത്തിലെ സരസ്വതി, ഹെലനഡെങ്ക ഗ്രാമത്തിലെ ശുശീൽ മുർമ്മു, ഹൊപ്നി മുർമ്മു, പിരടോള ഗ്രാമത്തിലെ സുഭാഷ് മാറാണ്ടി, ജംടോള ഗ്രാമത്തിലെ ചാന്തോൻ സൊറൻ, മന്ദോൻ സൊറൻ, മണിക്പൂർ ഗ്രാമത്തിലെ ഗഞ്ചെൽ മുർമമു, ഗൊഹാജെ ഗ്രാമത്തിലെ നവീൻ സൊറൻ, കുരൻജ ഗ്രാമത്തിലെ സോനാാശ് ടുഡു, സിൽത്താനി ഗ്രാമത്തിലെ അനന്തോ ബസ്ര എന്നിവർ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പുള്ളിപ്പുലിയിൽ നിന്നു സംരക്ഷിച്ചു!

ഉത്തർപ്രദേശിൽ ദിനേശ്പൂർ മിഷൻ വയലിലെ ഡൗലട്ഗഞ്ച് ഗ്രാമത്തിലുള്ള നമ്മുടെ വിശ്വാസികൾ കാട്ടിൽ വിറകു ശേഖരിക്കുവാനായി പോയി. മടങ്ങിവരുന്ന വഴിയിൽ ഒരു പുള്ളിപ്പുലി അവർക്കെതിരെ വന്നു. അവർ ദൈവത്തോടു രക്ഷിക്കുന്നതിനായി പ്രാർത്ഥിച്ചു. പുള്ളിപ്പുലി അവരെ ഉപദ്രവിക്കാതെ കടന്നു പോയി. അവർ അത്ഭുതകരമായി രക്ഷപ്പെട്ടു. ദൈവത്തിനു സ്തോത്രം.

ഉപവാസ
പ്രാർത്ഥന
ദിനം

# 16
**ഫെബ്രുവരി**
**ബുധൻ**

## ജന്മദിനാശംസകൾ

പൊൻ ലത ജെ;
സതീഷ് കുമാർ സി

### താപാൻ : കിങ്സ്ലി ലിവിങ്സ്റ്റൺ & ആർ ഡെൽഫിൻ

നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മാനസിക വിഭ്രാന്തിയിൽ നിന്നു മുനു ടുഡുവിനെയും വിവിധ രോഗങ്ങളിൽ നിന്നു സാനിൻ കിസ്കു, നിരാല ഹെബ്രം, ബുധിലാൽ ഹസ്ത എന്നിവരെയും കർത്താവ് സൗഖ്യമാക്കി. സുവിശേഷീകരണ പ്രവർത്തനത്തെയും വ്യക്തഗത സുവിശേഷവേലയെയും ദൈവം അനുഗ്രഹിച്ചു. മുരൈപ്പൂർ ഗ്രാമത്തിലെ വിശ്വാസികൾ സുവിശേഷീകരണ പ്രവർത്തനത്തിൽ പങ്കാളികളായി.

നുറുൾ ഗ്രാമത്തിലെ വിശ്വാസികൾക്കു ആരാധിക്കുന്നതിനായി ഒരു താൽക്കാലിക ആലയമെങ്കിലും പണിയേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികൾ സാക്ഷ്യമുള്ള ജീവിതം നയിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അനേക വ്യക്തികൾ യേശുവിനെ അംഗീകരിക്കുന്നതിനും ഈ പ്രദേശത്തു ആത്മീക ഉണർവ്വ് ഉണ്ടാകേണ്ടതിനായും പ്രാർത്ഥിക്കുക. ബിർബിരി, സിയഗഞ്ച്, മുലാനിപൂർ കന്തബാരി എന്നീ ഗ്രാമങ്ങളിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## അസം

### നോർത്ത് ഈസ്റ്റേൺ റീജിയൻ

**സി എച്ച് ജോൺ & വേണി**

17 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നാരായൺപൂർ മിഷൻ വയിലിലെ സത്രാംഗ്, രംഗജാൻ എന്നീ പ്രദേശത്തെ ജനങ്ങൾ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. ഗോഗമുക്ക് മിഷൻ വയലിൽ കരപ്തോകാർ ഗ്രാമത്തിൽ സുവിശേഷം അറിയിക്കുന്നതിനു അവസരം ലഭിച്ചു. ലൊക്കറ മിഷൻ വയലിലെ അഞ്ജലി മിലി കാൻസർ രോഗത്തിൽ നിന്നു സുഖം പ്രാപിച്ചു. രക്തസമ്മർദ്ദത്താലുണ്ടായ ആഘാതത്തിൽ നിന്നു നമ്മുടെ മിഷനറി രബിന്ദ്ര മുർമ്മുവിനെ ദൈവം രക്ഷിച്ചു.

പധുമിനി ഗ്രാമത്തിലെ സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. മിഷിങ്, ഡിയോറി എന്നി ജാതിക്കൂട്ടങ്ങളിലുള്ള യൗവ്വനക്കാരായ വിശ്വാസികൾക്കു അനുയോജ്യരായ ജീവിത പങ്കാളികളെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നാരായൺപൂർ, കലബാരി എന്നീ മിഷൻ വയലുകളിൽ ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. മാനസികമായി തകർന്നു ചില മാസങ്ങളായി ഭവനത്തിൽ നിന്നു കാണാതെ പോയ അക്കോൾ ഡൊലെ തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.

## ഛത്തീസ്ഘട്ട്

### ബൈയാത്താൻ 1

**മുത്തുകുമാർ & നേത്രാവതി**

സുർജാപൂർ ആരാധനക്കൂട്ടത്തിലെ നമ്മുടെ സുവിശേഷകൻ റാംരാജ് സിറിയെ ആരാധന നടത്തുന്ന വേളയിൽ പോലീസ് കസ്റ്റഡിയിലെടുത്തെങ്കിലും അപകടം കൂടാതെ വിട്ടയച്ചു. ദർഗ, പഞ്ച, കാര എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. പിത്തലക്ക ഗ്രാമത്തിൽ നടത്തിയ 10 മണിക്കൂർ സ്തോത്ര ആരാധനയിൽ അനേകർ പങ്കെടുത്തു അനുഗ്രഹം പ്രാപിച്ചു. പട്ചൗലി ഗ്രാമത്തിലെ റിഷിരാജ്, നാരായൺ പ്രസാദ്, സന്തോഷ് കുമാർ സിങ് എന്നിവർ താൽപര്യപൂർവ്വം സുവിശേഷം ശ്രവിച്ചു.

ഈയടുത്ത നാളിൽ നിത്യതയിൽ പ്രവേശിച്ച അവിനാശിന്റെ കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. മോനിക്കയുടെ കുടുംബത്തിൽ സമാധാനം ഉരുവാകേണ്ടതിനായി പ്രാർത്ഥിക്കുക. പവർകോ ഗ്രാമത്തിലെ ബിംസെന്നിനെ അധരത്തിലെ കാൻസർ രോഗത്തിൽ നിന്നും പഞ്ച ഗ്രാമത്തിലെ പ്രീതിയെ പഴകിയ തലവേദനയിൽ നിന്നും ബൈജനത്പൂർ ഗ്രാമത്തിലെ പ്രീയങ്കയെ മാനസിക രോഗത്തിൽ നിന്നും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**17**
**ഫെബ്രുവരി**
**വ്യാഴം**

ജന്മദിനാശംസകൾ

രുഹമ്മ ഗുരു;
വങ്കലോപുടി ചാന്ദിനി

### ബൈയാത്താൻ 2

### തങ്ചിനിലാൻ & വുങ്ത്താൻചിങ്

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. ഗോണ്ട സമുദായത്തിൽ അനേകരോടു സുവിശേഷം പങ്കുവെക്കുന്നതിനു ദൈവം നമ്മെ സഹായിച്ചു. ചിർഗുഡ, പിപ്ര എന്നീ പ്രദേശത്തു പുതിയ ആരാധനക്കൂട്ടങ്ങൾ ആരംഭിച്ചു.

വ്യാജ കേസ് ചുമത്തി ജയിലിൽ അടച്ച ചിർഗുഡ ഗ്രാമത്തിലെ വിശ്വാസി വിജയ് ജയിൽ മോചിതനാകേണ്ടതിനായി പ്രാർത്ഥിക്കുക. ഗോണ്ട് ജനവിഭാഗത്തിന്റെ മദ്ധ്യെ ആത്മീക വർദ്ധനവ് ഉരുവാകേണ്ടതിനായി പ്രാർത്ഥിക്കുക. ഇവിടുത്തെ പ്രവർത്തനങ്ങൾ ഫലപ്രദമാകുന്നതിനു കൂടുതൽ സുവിശേഷകരെയും സന്നദ്ധ സുവിശേഷകരെയും ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പിപ്ര ഗ്രാമത്തിലെ തർബുരനാഷ് മദ്യാസക്തിയിൽ നിന്നു വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ചാമ്പ

### രാമേശ്വർ ദയാൽ നിർമ്മൽ & മധുകല

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ജാറ, പാങ്കൗൺ എന്നീ രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു. 12 ഗ്രാമങ്ങളിൽ നടത്തിയ അനുധാവന പ്രവർത്തനത്തെ ദൈവം ആശീർവദിച്ചു. അനേക വിശ്വാസികൾ യേശുക്രിസ്തുവിനോടുള്ള സമർപ്പണത്തെ പുതുക്കി.

സെമറിയ, ഉറൈഹ, റാസോന്ത, സോന എന്നീ ഗ്രാമങ്ങളിൽ ദൈവാലയം നിർമ്മിക്കുന്നതിനുള്ള വസ്തുവിന്റെ രജിസ്ട്രേഷൻ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളായ മജ്ജു, ഫോലി, ജ്യോതി യാദവ്, രജനി, പ്രീയങ്ക, പുഷ്പ, ഫിലേശ്വരി, ഉഷ കുറെ, മീന യാദവ് എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ശൈശവ വിവാഹം, മദ്യപാനം, വ്യഭിചാരം എന്നീ സാമൂഹ്യ തിന്മകളിൽ നിന്നു ഈ മിഷൻ വയലിലുള്ളവർ മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളുടെയും മിഷനറിമാരുടെയും സുവിശേഷകരുടെയും ആരോഗ്യത്തിനായി പ്രാർത്ഥിക്കുക.

### ഫൽഫോട

### കിങ്സ്ലി ഐസക് ജോൺസൺ & മീന

13 സ്ഥലത്തു നടത്തിയ ഭജൻ യോഗത്തെ ദൈവം ആശീർവദിച്ചു. യൗവ്വനക്കാരുടെയും സന്നദ്ധ പ്രവർത്തകരുടെയും ഇടയിൽ നടത്തുന്ന വേദപഠന ക്ലാസ്സ് ഭംഗിയായി നടക്കുന്നു. സെളംബ ഗ്രാമത്തിൽ മൂന്നു ദിവസത്തെ ഉപവാസ പ്രാർത്ഥന നടത്തി.

ലിപ്ര ഗ്രാമത്തിലെ നമ്മുടെ വിശ്വാസിയായ പുത്രം റത്തിയയുടെ നെൽവയൽ സുവിശേഷ വിരോധികൾ തീയിട്ടു നശിപ്പിച്ചു. ഇവിടുത്തെ എതിർപ്പുകളെ നേരിടുന്നതിനു നമ്മുടെ സുവിശേഷകർക്കും മിഷനറിമാർക്കും ദൈവിക പരിജ്ഞാനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. രത്തിയ സമുദായത്തിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

# 18
## ഫെബ്രുവരി
## വെള്ളി

**ജന്മദിനാശംസകൾ**

തേജസ്വിത ബബർത്തോ;
സുക്കിൻലാൽ സി

### ഘട്ട്ഘോര
### ദിന വാൽവി & ഷൈല ബുസാരെ

ബങ്കേത ഗ്രാമത്തിലെ അഞ്ചു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. ഏഴു ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. ദാനിക്കുണ്ടി ഗ്രാമത്തിൽ ഉണർവ്വ് യോഗം സംഘടിപ്പിച്ചു. ഈ യോഗത്തിൽ അഞ്ചു ഗ്രാമങ്ങളിലെ ജനങ്ങൾ ആവേശത്തോടെ പങ്കെടുത്തു.

കാരമുട ആരാധനക്കൂട്ടത്തിലുള്ളവരുടെ ആത്മീക വർദ്ധനവിനായി പ്രാർത്ഥിക്കുക. കരടിയുടെ കടിയേറ്റു കാലിന്റെ എല്ലിൽ പൊട്ടലുണ്ടായ രാധികയുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. ശരീരത്തിൽ പുകച്ചിൽ അനുഭവപ്പെടുന്ന മങ്കുലുബായിയുടെ വിടുതലിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു പത്തർപഹാട് ഗ്രാമത്തിലെ പ്രിയങ്ക മുക്തയാകേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളായ സന്തോഷ് സോനി, നാദനിസോനി എന്നിവർക്കു മക്കൾ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ലുടെഗ്
### ഡേവിഡ് മസിഹ് & നിഷ

മുപ്പത്തിമൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ദൈവനാമ മഹത്വത്തിനായി കൊയ്ത്തുൽസവം നടത്തി. നമ്മുടെ സുവിശേഷകന്റെ ഭാര്യ രോഗം ബാധിച്ച് ഗുരുതരാവസ്ഥയിലെത്തിയെങ്കിലും പ്രാർത്ഥനയാൽ സുഖം പ്രാപിച്ചു.

നമ്മുടെ വിശ്വാസി രമാവതിയെ ആരാധനയിൽ സംബന്ധിക്കുന്നതിനു തടസ്സം നിൽക്കുന്ന ജനങ്ങളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. അപസ്മാര രോഗത്തിൽ നിന്നു സിർപ്പൂർ ഗ്രാമത്തിലെ പങ്കജ്, അഗസ്റ്റസ്, മഞ്ഞപിത്തത്തിൽ നിന്നു അമർ ബാബു, മാനസിക രോഗത്തിൽ നിന്നു കുമുസ്ത ആരാധനക്കൂട്ടത്തിലെ സരസ്വതി എന്നിവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### പാലി : ദിത്തുങ്ബൗ കെ & സനലങ്

ഒരു ഗ്രാമത്തിൽ സുവിശേഷം പങ്കുവെച്ചു. തെളിയമാർ, പാസാൻ, ഗോണ്ട് എന്നീ സമൂഹത്തിന്റെ മദ്ധ്യെ രൂപീകരിച്ച സമിതി യോഗത്തെ ദൈവം അനുഗ്രഹിച്ചു. സില്ലി ഗ്രാമത്തിലെ ധരമിനെ ഹെർണിയ രോഗത്തിൽ നിന്നു ദൈവം സൗഖ്യമാക്കി.

കുടിയേറ്റ തൊഴിലാളികളായി ഹൈദ്രബാദിലേക്കു പോയ നാലു കുടുംബങ്ങളുടെ സുരക്ഷിതത്വത്തിനായി പ്രാർത്ഥിക്കുക. ആരാധന യോഗത്തിൽ സംബന്ധിക്കാതിരിക്കുന്ന വിശ്വാസികളായ ഗണേശ് റാം, മങ്കിനി ബായി, രാംകുമാർ, സരസ്വതി, അക്ദാൻബായി, സ്വാരഹ് എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. കാഞ്ചൻപൂർ ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസി പിങ്കിയും മക്കളും തടസ്സങ്ങളില്ലാതെ ആരാധനയിൽ സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളെ ആരാധനയിൽ സംബന്ധിക്കുന്നതിനു അനുവദിക്കാത്ത മജ്ഗാവൻ ഗ്രാമത്തിലുള്ളവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഹർദി, ജോഗിപൂർ എന്നീ ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിക്കുന്നതിനു അവസരം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**19**
**ഫെബ്രുവരി**
**ശനി**

## ജന്മദിനാശംസകൾ

അൻപു മലർ എൽ

### വദ്രാപ് നഗർ

**ഭൂപതി & പവുലിൻ മേരി**

പർത്തികാല, മരുവപ്പാറ, കൊട്ടിയപാറ എന്നീ മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ഈ കഴിഞ്ഞ വർഷം ഒരു വിശ്വാസിപോലും പിന്മാറിപ്പോയില്ല. ഒഗാരി, സരാക്പൂർ, ലമക്കെരി എന്നീ ഗ്രാമങ്ങളിൽ ആരാധനയോഗം ക്രമമായി നടക്കുന്നു.

ഈ മിഷൻ വയലിലുള്ള 120 ഗ്രാമങ്ങളിലും സുവിശേഷം പ്രഘോഷിക്കേണ്ടതിനായി പ്രാർത്ഥിക്കുക. സുവിശേഷ വിരോധികളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ലമോറി ഗ്രാമത്തിലെ സിതയുടെ മാതാവിനെ തളർവാതത്തിൽ നിന്നും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ഗുജറാത്ത്

### ദഹെഗാം

**കുമാരൻ & ജലിൻ**

നമ്മുടെ യൗവ്വനക്കാരായ വിശ്വാസികളിൽ ചിലർ പോലീസ് തിരെഞ്ഞെടുപ്പ് പരീക്ഷ പാസ്സായി. വിവിധ രോഗങ്ങളിൽ നിന്നു ദൈവം ജാൻവി ബന്നിനെ കർത്താവ് സൗഖ്യമാക്കി. അയാൾ മദ്യപാന സ്വഭാവം ഉപേക്ഷിച്ചു. പ്രാർത്ഥനയുടെ ഫലമായി സത്യാമ്വേഷകനായ ചന്ദ്രിക ട്യൂമറിൽ നിന്നു സൗഖ്യം പ്രാപിച്ചതിനെ തുടർന്നു ആരാധന യോഗത്തിൽ പങ്കെടുക്കുന്നു. ചേക്ക പാഗി ഗ്രാമത്തിലെ ലളിത, ദശെല ഗ്രാമത്തിലെ കോക്കിലബൻ എന്നിവരെ സർപഞ്ചുകളായി (ഗ്രാമത്തലവന്മാരായി) തിരഞ്ഞെടുത്തു.

ക്രിസ്തുമസ് പ്രോഗ്രാമിൽ പങ്കെടുത്ത എല്ലാ സത്യാമ്വേഷകരും യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ജനങ്ങളുടെ മനസ്സിൽ രൂഢമൂലമായ ജാതി വ്യവസ്ഥയുടെ അടിമത്വത്തിൽ നിന്നു അവർ വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പഴകിയ പുറം വേദനയിൽ നിന്നു പൂർണ്ണ സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### മാൻസ

**ചെല്ലദുരൈ & കനകനേശം**

വിശ്വാസികളായ ആറു യൗവ്വനക്കാർക്കു പോലീസ് സേനയിൽ ജോലി ലഭിച്ചു. ദാമേദ ഗ്രാമത്തിലെ ഗ്രാമത്തലവൻ ദിനേശ്ബായി താക്കോർ നമ്മുടെ ആരാധന യോഗത്തിൽ സംബന്ധിക്കുന്നു. ഉനാവ, ദമേദ, ദോദുസൻ, ദാമന്യ, എട്ട, സങ്കർപുര എന്നീ ഗ്രാമങ്ങളിൽ സുവിശേഷത്തിനു തുറന്ന വാതിൽ ലഭിച്ചു.

പ്രാദേശിക നേതാക്കന്മാർ അവരവരുടെ ആരാധനക്കൂട്ടത്തിന്റെ നേതൃത്വം ഏറ്റെടുക്കുന്നതിനു മുന്നോട്ടു വരേണ്ടതിനായി പ്രാർത്ഥിക്കുക. എല്ലാ വിശ്വാസികളും ഭവന പ്രാർത്ഥന യോഗത്തിൽ ക്രമമായി സംബന്ധിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അപസ്മാരത്തിൽ നിന്നു രാകേഷും മാനസിക രോഗത്തിൽ നിന്നു രജ്ജിത് ബായിയും ഗർഭപാത്ര കാൻസറിൽ നിന്നു ഭാവനബന്നും സുഖം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പർമാർ, താക്കോർ, രാവെൽ, വാഘരി, സെൻമ എന്നീ ജാതിക്കൂട്ടങ്ങളുടെ മദ്ധ്യേ സുവിശേഷത്തിനു തുറന്ന വാതിൽ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

**20**
**ഫെബ്രുവരി**
**ഞായർ**

## ജന്മദിനാശംസകൾ

ഗുണ ചന്ദ്ര പായിക്;
ജോൺസൺ വി

### സൂറത്ത്: മാധവറായ് & ജപതങ്കം

13 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഒരു ഗ്രാമത്തിൽ സുവിശേഷം അറിയിച്ചു. അനിത ബൻ, രോസൻ, ബിപിൻബായി, രാജേഷ്ബായി, നിലേഷ്ബായി, ആൽബർട്ട്ബായി, അമൃതബൻ, സുമിത്രബൻ എന്നിവരുടെ ഭവനങ്ങളിൽ നടത്തിയ രാത്രി യോഗങ്ങളെ ദൈവം ആശീർവദിച്ചു.

യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയുന്നതിനു തയ്യാറെടുക്കുന്ന 15 വ്യക്തികളുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസി സവിതബന്നിനു ഒരു പൈതലിനെ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കുസൽബായി, ആൽബർട്ട്ബായി എന്നീ കുടുംബങ്ങളിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### മോതപോണ

### ശമുവേൽ സുബ്രമണി & സുശീല

കാബറോളി, ബറായ് എന്നീ ഗ്രാമങ്ങളിലുള്ള 12 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സഭാദിന ആഘോഷത്തിൽ ബണാടി, മാനപോണ എന്നീ ഗ്രാമങ്ങളിലുള്ള വിശ്വാസികൾ ക്രിസ്തേശുവിലുള്ള അവരുടെ സമർപ്പണത്തെ പുതുക്കി. കാരായ ഗ്രാമത്തിലെ മാഗൻബായി ശ്വസന സംബന്ധമായ പ്രയാസത്തിൽ നിന്നു ദൈവം വിടുവിച്ചു. അമാബായി ഗ്രാമത്തിലെ രാമിയായെ ബൈക്ക് അപകടത്തിൽ ദൈവം പരിപാലിച്ചു.

സുവിശേഷകർ തങ്ങളുടെ പരിശീലനം വിജയകരമായി പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. തൊണ്ടക്കു കാൻസർ ബാധിച്ച ഗോവിന്ദന്റെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസി മീനബന്നിനു പൈതൽ ജനിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഉമർഗാം: ആസീർ മോസസ് & അമൃത ഗോൾഡ

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. മുകേഷ് ബായി, ജമ്ശുബായി രാമൻബായി എന്നിവർ നമ്മോടു ചേർന്നു ശുശ്രൂഷ ചെയ്യുന്നു.

നിക്കോളി പ്രദേശത്തുള്ള പിന്മാറ്റക്കാർ വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. മാണഗ്രാമത്തിലെ ദക്കലബായിയുടെ വേർപാടിൻ ദുഃഖത്തിലായിരിക്കുന്ന കുടുംബാംഗങ്ങളുടെ ആശ്വാസത്തിനായി പ്രാർത്ഥിക്കുക. ഈയടുത്ത നാളിൽ സുവിശേഷം ശ്രവിച്ച ഉമർഗാം, ജറോലി, ഗുണ്ടുർ എന്നീ പ്രദേശത്തുള്ളവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ദാദ്ര നഗർ ഹാവേലി

### ഖാൻവേൽ: അരുൾ ആസീർ & സുഗുണ

മധുബൻ പ്രദേശത്തുള്ള 49 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. മദ്യാസക്തിയിൽ നിന്നു ഭാരതിബന്നിന്റെ ഭർത്താവിനെ കർത്താവ് വിടുവിച്ചു. കാലിലുണ്ടായ ബലഹീനതയിൽ നിന്നു ജയദീപ്, വിക്കി എന്നിവരെ പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കി.

നമ്മുടെ വിശ്വാസികളുടെ മക്കളായ തെമെക്കബെൻ, അമിത് എന്നിവർ പത്താം ക്ലാസ്സിലെ പരീക്ഷ വിജയിക്കേണ്ടതിനായി എഴുതുക. വിശ്വാസികളുടെ വിവാഹം ദുരാചാരങ്ങളൊന്നുമില്ലാതെ ക്രിസ്തീയ രീതിയിൽ നടത്തേണ്ടതിനായി പ്രാർത്ഥിക്കുക.

## 21
## ഫെബ്രുവരി
## തിങ്കൾ

### ജന്മദിനാശംസകൾ

തിലക് എസ്

# മഹാരാഷ്ട്ര

## അക്കൽകുവ

### ജഗമോഹൻ സിങ് & സ്വാതി

31 ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. പുനെർവാസൻ, സെൽതപാനി എന്നീ ഗ്രാമങ്ങളിൽ ആരാധനക്കൂട്ടങ്ങൾ ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

സുവിശേഷം ആവേശത്തോടെ ശ്രവിച്ച 31 ഗ്രാമങ്ങളിലുള്ളവർ യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അക്കൽകുവ, പുനെർവാസൻ, സെൽതപാനി എന്നീ ഗ്രാമങ്ങളിലെ ആരാധന യോഗത്തിൽ പങ്കെടുക്കുന്നവരുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. നമ്മുടെ മിഷനറിമാർക്കു പ്രാദേശിക ആദിവാസി ഭാഷ പഠിക്കുന്നതിനു ആവശ്യമായ ദൈവീക പരിജ്ഞാനം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## അല്ലപ്പള്ളി

### എലിശ ഡൈമെ

അഞ്ചു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. ക്രമീകരിച്ച എല്ലാ പ്രോഗ്രാമുകളും തടസ്സങ്ങളില്ലാതെ നടത്തി.

ബിമിനി ഗ്രാമത്തിലെ പുതിയ സ്നേഹിതരായ കോദപ്പെയുടെ കുടുംബത്തിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ചിദക്നാർ ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനാവശ്യമായ വസ്തു ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മെയിലറാം ഗ്രാമത്തിലെ സുനിത മാധവിയെ പഴകിയ പുറം വേദനയിൽ നിന്നും അശ കുഷ്റാമിനെ അരിവാൾ രോഗത്തിൽ നിന്നും ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ബോറാഡി

### ഓംപ്രകാശ് & സപ്ന

അമ്പാദുക് ഗ്രാമത്തിലെ ഒമ്പതു വ്യക്തികൾ യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു. വഘോദര, ഉബാദുയ, ജാമ്നിയ എന്നീ മൂന്നു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. കേവാസിപാട, സാമരിയ, ഷഹാന, രജ്ജീര, എന്നീ ഗ്രാമങ്ങളിൽ വേദപഠന ക്ലാസ്സുകൾ ആരംഭിച്ചു. വഘപാൽ, പവർപാട, നിമിജിരി എന്നീ ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തനം നടത്തി. വിശ്വാസികൾ ആത്മീക ജീവിതത്തിൽ പുതുക്കം പ്രാപിച്ചു.

ബുധകി വിഹിർ ഗ്രാമത്തിലെ മുനിലാൽ ബായി, ദേവപാട ഗ്രാമത്തിലെ ദയറാം കുടുംബം, തേമാമ്പ ഗ്രാമത്തിലെ നമദേവ് എന്നിവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. തളർവാതത്തിൽ നിന്നു ഉമറാദ് ഗ്രാമത്തിലെ കർമ്മബായി, അന്ധതയിൽ നിന്നു ദബപാട ഗ്രാമത്തിലെ റുബീസ്, മാനസിക വിഭ്രാന്തിയിൽ നിന്നു ചക്കാദു ഗ്രാമത്തിലെ സുഖ്ദേവ് ബായി, അപസ്മാര രോഗത്തിൽ നിന്നു വകദപാട ഗ്രാമത്തിലെ വസന്തബായി എന്നിവരുടെ സൗഖ്യത്തിനായി പ്രാർത്ഥിക്കുക. നമ്മുടെ വിശ്വാസികളെ ആരാധന യോഗത്തിൽ സംബന്ധിക്കുന്നതിനു തടസ്സം നിൽക്കുന്ന ബുദകി വിഹിർ ഗ്രാമത്തിലെ ജോതിബായിയുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക.

**22**
**ഫെബ്രുവരി**
**ചൊവ്വ**

### എട്ടപ്പള്ളി

**കുൽദീപ് സിങ് & ഗുരുപ്രീത് ഗൗർ**

കസുൻസുർ, പരസാൽഗോടി എന്നീ ഗ്രാമങ്ങളിലെ 23 വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പർസൽകൊണ്ടു ഗ്രാമത്തിലെ കുകു ഗവാടെ, ഉദരകണ്ടാലി എന്നീ കുടുംബങ്ങൾ പുതുതായി ആരാധന യോഗത്തിൽ സംബന്ധിക്കുന്നു.

മാദിയ, സമിതി എന്നീ ഗ്രാമങ്ങളിൽ സുവിശേഷത്തിന്റെ വാതിൽ തുറക്കേണ്ടതിനായി പ്രാർത്ഥിക്കുക. സഭാമൂപ്പന്മാർ അവരവരുടെ ആരാധനക്കൂട്ടങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഹൽവാര, കസുൻസുർ എന്നീ ഗ്രാമങ്ങളിൽ ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. നമ്മുടെ സുവിശേഷകർ ആത്മഭാരത്തോടെ ശുശ്രൂഷ ചെയ്യേണ്ടതിനായി പ്രാർത്ഥിക്കുക.

### ജിമ്മലഗാട്ട് (സിരോൻച)

**ശ്രീനിവാസ് ലാസറസ് & സുനിത**

ഒരു ഗ്രാമത്തിൽ സുവിശേഷം പ്രഘോഷിച്ചു. സുവിശേഷീകരണ യത്നത്തെയും അനുധാവന പ്രവർത്തനങ്ങളെയും ദൈവം ആശീർവദിച്ചു. ആഭിചാര പ്രവർത്തകനായ സുധാകർ മാധവി പൈശാചിക ബന്ധനത്തിൽ നിന്നു വിടുതൽ പ്രാപിച്ചു. പെർക്കബട്ടി ഗ്രാമത്തിലെ വേദാന്ത മാധവിയെ ട്യൂമറിൽ നിന്നും ലക്ഷ്മി അത്രാമിനെ മരണ ശയ്യയിൽ നിന്നും രൂപാലിയെ മാനസിക രോഗത്തിൽ നിന്നും ദർശവാദ ഗ്രാമത്തിലെ ആര്യനെ ഹൃദയ രോഗത്തിൽ നിന്നും ദൈവം സൗഖ്യമാക്കി.

ഉടനെ നടത്തുവാനുദ്ദേശിക്കുന്ന പ്രോഗ്രാമുകളുടെ വിജയത്തിനായി പ്രാർത്ഥിക്കുക. സത്യാന്വേഷകരായ ജിമ്മലഗാട്ട ഗ്രാമത്തിലെ ബബാറോ ധർഗെ, അതിഷ്, തുമ്മല ബോസ ഗ്രാമത്തിലെ പാണ്ടു മാധവി, രമേശ് മാധവി, കോദഗുഡം ഗ്രാമത്തിലെ രാകേഷ് കോത്ത, ബാപു റാവു വാദഗരി, ബോറംപള്ളി ഗ്രാമത്തിലെ വെങ്കിട് ദുർഗെ, കിഷ്ടായ, രാമചന്ദ്ര എന്നീ കുടുംബങ്ങളുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. നന്ദിഗൗൺ ഗ്രാമത്തിലെ പ്രഗണ്യ, എറഗ്ഗട്ട ഗ്രാമത്തിലെ ശാരദ എന്നിവരെ മാനസിക രോഗത്തിൽ നിന്നും വെങ്കിട്ടയുടെ മാതാവിനെ വൃക്ക സംബന്ധമായ രോഗത്തിൽ നിന്നും ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കാളയുടെ ആക്രമണത്തിൽ നിന്നു രക്ഷിച്ചു!

ഛത്തീസ്ഘട്ടിൽ പാലി മിഷൻ വയലിലെ മിഷനറി ദിതുങ്ബൗ ബിലാസ്പൂർ റെയിൽവേ സ്റ്റേഷൻ തന്റെ ഭാര്യ സനലങ്ങിനോടു കൂടെ ട്രെയിൻ കാത്തിരിക്കുകയായിരുന്നു. ഒരു കാള പുറകിൽ കൂടി വന്നു സനലങ്ങിനെ കുത്തി താഴെയിട്ടു അവളുടെ മുട്ടിനു പരുക്കു പറ്റി. അവൻ സഹായത്തിനായി ഉറക്കെ നിലവിളിച്ചപ്പോൾ ചില ആളുകൾ അവളെ രക്ഷിക്കുന്നതിനായി ഓടിവന്നു. എന്നാൽ കാള പിന്മാറുവാൻ തയ്യാറായില്ല. ദൈവത്തിന്റെ വലിയ കൃപയാൽ മിഷനറി കാളയുടെ മുൻ കാൽ പിടിച്ചു വലിച്ചതിനെ തുടർന്നു കാള ഓടിപ്പോയി. അവളെ ഉടനെ തന്നെ കോട്ട ആശുപത്രിയിൽ കൊണ്ടു പോയി പ്രഥമ ശുശ്രൂഷ നൽകി. തങ്ങളുടെ മക്കളെ വാർഷീക അവധിക്കു കൂട്ടിക്കൊണ്ടുവരുന്നതിനായി ഏറിയ ബുദ്ധിമുട്ടോടെ അവൾ ഹൗറയിലേക്കും ദീമാപൂറിലേക്കും യാത്ര ചെയ്തു. നമ്മുടെ മിഷനറിയുടെ ഭാര്യക്കു നൽകിയ സംരക്ഷണത്തിനായി ദൈവത്തിനു സ്തോത്രം!

ഉപവാസ
പ്രാർത്ഥന
ദിനം

# 23
## ഫെബ്രുവരി
## ബുധൻ

### ജന്മദിനാശംസകൾ

ഐസക്ക് രാജാ ഡി;
സെന്തിൽ കുമാർ @ തിമോത്തി;
അനിത പ്രഭ വിക്ടോറിയ ഡി;
ഈമണ്ടി അനുരാധ ഇ;
ഷൈനി സ്നേഹ വർഗീസ്

### നേർ മിഷൻ വയൽ & ഖാന്തേഷ് ഭിലി പരിഭാഷ

**അജയ്കുമാർ ലിമ & പ്രത്യാശിനി**

ഒമ്പതു ഗ്രാമങ്ങളിൽ സുവിശേഷം അറിയിച്ചു, നമ്മുടെ വിശ്വാസി സുനിലിന്റെ കുടുംബത്തിൽ ഒരു മകൻ ജനിച്ചു. വിവിധ രോഗങ്ങളാൽ കഷ്ടപ്പെട്ട ബാന്ധനെ ഗ്രാമത്തിലെ ബലിറാമിന്റെ കുടുംബത്തെ ദൈവം സൗഖ്യമാക്കി.

തടസ്സങ്ങളില്ലാതെ പരിഭാഷ പ്രവർത്തനം നടക്കേണ്ടതിനായി പ്രാർത്ഥിക്കുക. പെർസജ്പുർ ഗ്രാമത്തിലെ വിശ്വാസികളുടെ ആത്മീക വളർച്ചക്കായി പ്രാർത്ഥിക്കുക. തേലാരി ജാതിക്കൂട്ടങ്ങളുടെ ഇടയിൽ ആരാധന യോഗം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. കലാമ്പിർ ഗ്രാമത്തിൽ ദൈവാലയം പണിയുന്നതിനു അനുവാദം ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### കുന്തമോടി

**ബിദ്യുത് കുമാർ സിങ്**

രണ്ടു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. പിമ്തി, ബട്ലിബാരി എന്നീ ഗ്രാമങ്ങളിൽ നടത്തിയ രാത്രി യോഗത്തെ ദൈവം ആശീർവദിച്ചു. അരിവാൾ രോഗത്തിൽ നിന്നു അമൃത്, ഈശ്വർ എന്നിവരെ ദൈവം സൗഖ്യമാക്കി. നമ്മുടെ വിശ്വാസി രബിന്ദ സർക്കാർ നടത്തിയ മത്സര പരീക്ഷ വിജയിച്ചു.

നമ്മുടെ പ്രവർത്തനത്തിനുള്ള തടസ്സങ്ങൾ നീങ്ങി പ്രവർത്തനം വിജയകരമാകേണ്ടതിനായി പ്രാർത്ഥിക്കുക. സറീര വേദനയിൽ നിന്നു രമിതിബായിയും കാലു വേദനയിൽ നിന്നു പെർവി ബായിയും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### അവർ മാലാഖമാർ ആയിരുന്നുവോ!

മദ്ധ്യപ്രദേശിൽ നേപനഗർ മിഷൻ വയലിലുള്ള 65 വയസ്സുള്ള നിങ്ങാൽ ബാബ രോഗത്താൽ ഗുരുതരാവസ്ഥയിലെത്തി. ഒരാഴ്ചയോളം ഭക്ഷണം കഴിച്ചില്ല. ഭാര്യയും മക്കളും ബന്ധുക്കളും അവൻ മരിക്കും എന്നു ചിന്തിച്ചു ദുഃഖിതരായി. ഒരു ദിവസം അവൻ തന്റെ രോഗകിടക്കയിൽ ഏകനായി ഭവനത്തിൽ കിടക്കുകയായിരുന്നു. ഭവനത്തിൽ മാറ്റാരും ഉണ്ടായിരുന്നില്ല. എല്ലാവരും ജോലിക്കായി പോയിരുന്നു. നമ്മുടെ സന്നദ്ധ സുവിശേഷകൻ കൈലാസും ഭാര്യ സലിതയും അവനു വേണ്ടി പ്രാർത്ഥിക്കുന്നതു കണ്ടു. പെട്ടെന്നു ആരോഗ്യനില മെച്ചപ്പെടുന്നതായി അവനു തോന്നി. ഉടനെ നിങ്ങാൽ ബാബ അവർക്കു നന്ദി പറഞ്ഞു യാത്രയാക്കുവാൻ പുറത്തേക്കു വന്നു. അവനെ അതിശയപ്പെടുത്തി വീടിനു പുറത്ത് അവൻ ആരെയും കണ്ടില്ല. അന്നു മുതൽ അവൻ തന്റെ ആരോഗ്യം വീണ്ടെടുക്കുവാൻ തുടങ്ങി. ഇപ്പോൾ അവൻ ആരോഗ്യവാനായിരിക്കുന്നു. പിന്നീട് അവൻ കൈലാസിനെയും ഭാര്യയെയും കണ്ടപ്പോൾ അവർ വീട്ടിൽ വന്നു പ്രാർത്ഥിച്ചതിനുള്ള നന്ദി അറിയിച്ചു. എന്നാൽ അവർ ആ ദിവസം അവിടെ ചെന്നില്ല എന്നു പറഞ്ഞു. ആ ദിവസം നിങ്ങാൽബാബയുടെ ഭവനത്തിൽ ചെന്നു അയാളെ സൗഖ്യമാക്കിയത് നമ്മുടെ കർത്താവ് ആകുന്നു. ദൈവത്തിനു മഹത്വം!

## 24
## ഫെബ്രുവരി
## വ്യാഴം

### തലസാരി

**വിജയ്ബാബു & ദേവ കൃപൈ**

നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. മുർബാദ്, ഡൊങ്കർമാൽ എന്നീ പ്രദേശത്തുള്ള അനേകർ സുവിശേഷത്തോടു താൽപര്യം കാണിക്കുന്നു. സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ഒരു കമ്പനിയിലുള്ള നമ്മുടെ വിശ്വാസി സുനിൽബായിയുടെ ജോലി നഷ്ടപ്പെടാതിരിക്കുന്നതിനായി പ്രാർത്ഥിക്കുക. സോനാലിബായിയുടെ കുടുംബത്തിൽ ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. നന്ദാബന്നിനെ നേത്ര രോഗത്തിൽ നിന്നു ദൈവം വിടുവിച്ചു.

മന്ത്രവാദിയായ കിഷൻ ബായിയുടെ രോഗം വിശ്വാസികളുടെ പ്രാർത്ഥനയാൽ ദൈവം സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക. നാഗച്ചേരി, ദോഹാലെ എന്നീ പ്രദേശത്തു ആത്മീക ഉണർവ്വുണ്ടാകേണ്ടതിനായി പ്രാർത്ഥിക്കുക. ഈ പ്രദേശത്തുള്ള 114 ഗ്രാമങ്ങളിലും ക്രിസ്തീയ വിശ്വാസികൾ ഉരുവാകേണ്ടതിനായി പ്രാർത്ഥിക്കുക.

### തലോട ബാല ഭവനം

**യേശു പ്രകാശ് & സുനന്തബൽ**

ബാലഭവനത്തിലെ 54 കുട്ടികളും മറ്റു സഹപ്രവർത്തകരും സുഖമായിരിക്കുന്നു. കുട്ടികൾക്കു വേണ്ടി നടത്തിയ എല്ലാ ആത്മീക പ്രോഗ്രാമുകളെയും ദൈവം അനുഗ്രഹിച്ചു.

ബാലഭവനത്തിലെ എല്ലാ കുട്ടികളും അവധിക്കാലം കഴിഞ്ഞു മടങ്ങിവരേണ്ടതിനായി പ്രാർത്ഥിക്കുക. പത്താം ക്ലാസ്സിലെ കുട്ടികൾ നല്ലവണ്ണം പഠിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അടുക്കള, ഓഫീസ് മുറി, സ്റ്റാഫ് മുറി എന്നിവയുടെ നിർമ്മാണം വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### നാം ദൈവത്തെ അന്വേഷിക്കുമ്പോൾ അവൻ നമ്മെ ഒരിക്കലും തള്ളിക്കളകയില്ല!

ജാർഖണ്ഡിൽ ലാൽമട്ടിയ മിഷൻ വയലിലുള്ള സിത്തിലിയ ഗ്രാമത്തിലെ അനിൽ മുർമ്മുവിന്റെ ഭാര്യയും മക്കളും പതിവായി ഞായറാഴ്ച ആരാധനയിൽ സംബന്ധിക്കുമ്പോൾ അനിൽ കുമാർ പല ഉപാധികൾ പറഞ്ഞു ജോലിക്കായി പുറത്തു പോകുന്നു. അങ്ങനെ ദിവസങ്ങൾ കടന്നു പോയി. അനിൽ കുമാറിന്റെ കഴുത്തിൽ ഒരു പരു ഉണ്ടായി. അവന്റെ ഭാര്യ അവനോടു ആരാധനയിൽ സംബന്ധിക്കുവാൻ ആവശ്യപ്പെട്ടു അവിടെ വിശ്വാസികൾ അവനു വേണ്ടി പ്രാർത്ഥിക്കുമെന്നു പറഞ്ഞു. അങ്ങനെ അവൻ ദൈവാലയത്തിൽ പോയി. എല്ലാ വിശ്വാസികളും അവനു വേണ്ടി പ്രാർത്ഥിച്ചു. കുറഞ്ഞ ചിലവിൽ അവനു സൗഖ്യം ലഭിക്കുവാൻ ദൈവം സഹായിച്ചു. പിന്നീട് സ്വന്തമായി ഭവനം പണിയുന്നതിനു ഗവൺമെന്റ് സഹായം ലഭിച്ചു. എന്നാൽ ആദ്യ പാദത്തിൽ ലഭിച്ച തുക കൊണ്ടു സർക്കാർ നിഷ്കർഷിച്ച വിധം പണിതു രണ്ടാമത്തെ ഗഡുവിനു യോഗ്യനായില്ല. വീടിന്റെ പണി പൂർത്തീകരിക്കാത്തതിനാൽ അവനെ ജയിൽ ഇടും എന്നു ചിന്തിച്ചു. ഭാര്യയും മക്കളും നിസഹായരാകും എന്ന ചിന്ത അവനെ അലട്ടി. അവൻ പ്രാർത്ഥിക്കുവാൻ തുടങ്ങി. ഏഴു ദിവസം അവൻ തുടർമാനമായി പ്രാർത്ഥിച്ചു. എട്ടാം ദിവസം ഓഫീസർ അവന്റെ വീട്ടിൽ വന്നു രണ്ടാം ഗഡു നൽകി. ഇപ്പോൾ അവർ സന്തോഷമായി ആ ഭവനത്തിൽ പാർക്കുന്നു.. സർവ്വശക്തനായ ദൈവത്തിനു മഹത്വം!

## 25
## ഫെബ്രുവരി
## വെള്ളി

### ജന്മദിനാശംസകൾ

എയ്ഞ്ചൽ ജപ എസ്;
സുബ്ര ബാഗ്;
സാരഥി അരുൺ കുമാർ;
സുമതി ആർ; നീതു കെ എം

### വടാലി

**മൂർത്തി & ഭാരതി**

14 ഗ്രാമങ്ങളിൽ സുവിശേഷം പങ്കുവെച്ചു. വാട്ചിൽ ഗ്രാമത്തിൽ നടത്തിയ കുട്ടികളുടെ യോഗത്തിൽ 15 അക്രൈസ്തവർ പങ്കെടുത്തു. ഉബദാഗ്ട് ഗ്രാമത്തിൽ ടൈഫോയ്ഡിനാൽ കഷ്ടപ്പെട്ട മുന്നി ബായിയെ കർത്താവ് സൗഖ്യമാക്കി.

കുത്തുടെ ഗ്രാമത്തിലെ അനിൽ ബായിയെ മദ്യപാനത്തിൽ നിന്നു ദൈവം വിടുവിക്കേണ്ടതിനായി പ്രാർത്ഥിക്കുക. അന്ധ്രധത്ബാരി, ഉബദാജ്ഡ് എന്നീ ഗ്രാമങ്ങളിലെ ആരാധന യോഗത്തിൽ സംബന്ധിക്കുന്ന കുടുംബം യേശുവിനെ രക്ഷിതാവായി സ്വീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. നിമ്പോര ഗ്രാമത്തിലെ ലക്ഷ്മിബായി പൈശാചിക ബന്ധനത്തിൽ നിന്നു മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. പിന്മാറ്റത്തിലായിരിക്കുന്ന കുതുടെ ഗ്രാമത്തിലെ അനിൽബായിയും പുനെർവാസൻ ഗ്രാമത്തിലെ ജനങ്ങളും വിശ്വാസത്തിലേക്കു തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.

### മോൾഗി, നർമ്മദ & വാദഫാള്ളി

**ഭരണീധരൻ & സെൽവ റാണി**

ഡാൽപാട, ബാർക്കുണ്ട് എന്നീ ഗ്രാമങ്ങളിലെ രാത്രി യോഗത്തെ ദൈവം ആശീർവദിച്ചു. ബാർക്കുണ്ട് ഗ്രാമത്തിലെ വേദപഠനക്ലാസ്സ് ക്രമമായി നടക്കുന്നു.

ഗുജറാത്തിലേക്കു പോയ എല്ലാ കുടിയേറ്റ തൊഴിലാളികളും സുരക്ഷിതരായി തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക. മാണ്ടമ്പ പാടയിൽ ആരാധന യോഗം ആരംഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഊമയായ സ്നേഹ എന്ന പൈതലിന്റെയും ആസ്മരോഗിയായ ഉഷബായിയുടെയും ശരീരത്തിൽ പുകച്ചിൽ അനുഭവപ്പെടുന്ന അനബായിയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

## കർണ്ണാടക

### ഷീരഹാട്ടി

**അശപ്രപ്ത പാൽ & ദീന കുമാരി**

നാലു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. ഏഴു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. കഠിനമായ ഉദര വേദനയിൽ നിന്നു മുട്ടന്നയെയും ടൈഫോയ്ഡിൽ നിന്നു രൂപയെയും തലച്ചോറിലുണ്ടായ അണുബാധയിൽ നിന്നു യെല്ലപ്പയെയും കർത്താവ് സൗഖ്യമാക്കി. പൈശാചിക ബന്ധനത്തിൽ നിന്നു മീനാക്ഷി പ്രാർത്ഥനയാൽ വിടുതൽ പ്രാപിച്ചു. പത്തു വർഷത്തെ കുടുംബ ജീവതത്തിനു ശേഷം നമ്മുടെ വിശ്വാസിയായ മജ്ജുളക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

മദ്യാസക്തിയിൽ നിന്നു ശങ്കരപ്പയും ബാസവയും വിടുതൽ പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പരശുറാമും നാലു മക്കളും ത്വക്കുരോഗത്തിൽ നിന്നും കവിത തളർവാതത്തിൽ നിന്നും സൗഖ്യം പ്രാപിക്കേണ്ടതിനായി പ്രാർത്ഥിക്കുക. മജ്ജുവിനു ബിസിനസ്സ് തുടങ്ങുന്നതിനായി ബാങ്ക് ലോൺ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക. ഐ എ എസ് പരീക്ഷ എഴുതുന്ന നമ്മുടെ വിശ്വാസി പരമേശിനായി പ്രാർത്ഥിക്കുക.

**26**
**ഫെബ്രുവരി**
**ശനി**

## ജന്മദിനാശംസകൾ

സുരേഷ് ജോസഫ്

### മുന്ദഗോഡ്

**സുനിൽകുമാർ & സംഗീത**

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പത്തു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. പഴകിയ ഉദര വേദനയിൽ നിന്നു ദീപയെയും കാലിൽ നീർവീക്കമുണ്ടായ നഞ്ചപ്പയെയും കാതിനു പ്രയാസമുള്ള യെല്ലമ്മയെയും കർത്താവ് സൗഖ്യമാക്കി. നമ്മുടെ വിശ്വാസി സംഗീതക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു.

മദ്യപിച്ചു ഭാര്യയെ മർദ്ദിക്കുന്ന രാജുവിന്റെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഗർഭപാത്രത്തിൽ ട്യൂമർ ബാധിച്ച സംഗീതയുടെയും പഴകിയ പനിയാൽ കഷ്ടപ്പെടുന്ന പ്രിത്വിയുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.

### ഗജേന്ദ്രഗഡ

**മൻജിയ നായക് & രത്ന**

നാലു ഗ്രാമങ്ങളിൽ സുവിശേഷം പ്രഘോഷിച്ചു. നമ്മുടെ വിശ്വാസി യെല്ലമ്മ അയൽക്കാരനു കടമായി കൊടുത്ത പണം അനേക നാളത്തെ പ്രാർത്ഥനയുടെ ഫലമായി തിരികെ ലഭിച്ചു. രുദ്രപ്പയെ നെഞ്ചു വേദനയിൽ നിന്നും പാരമ്മയെ ശ്വസന സംബന്ധമായ പ്രയാസത്തിൽ നിന്നും ദൈവം സൗഖ്യമാക്കി. മദ്യാസക്തിയിൽ നിന്നു ഹൻമേഷ് മുക്തനായി. പാക്കിരമ്മയുടെ കുടുംബത്തിൽ സമാധാനം സ്ഥാപിതമാകേണ്ടതിനായി പ്രാർത്ഥിക്കുക.

സുവിശേഷത്തോടു എതിർപ്പു പ്രകടിപ്പിക്കുന്നവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിക്കുക. ഭവനത്തിൽ നിന്നു കാണാതെ പോയ പതിനാറു വയസ്സുള്ള രവി ചില മാസങ്ങൾക്കു ശേഷം തിരികെ വന്നു. ഉയർന്ന രക്ത സമ്മർദ്ദത്തിൽ നിന്നും ഹൊന്നാമ്മയെ കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## ആന്ധ്രപ്രദേശ്

**കലക്കാദ : വേദിയപ്പൻ & ലക്ഷ്മി**

കുമ്മാരപള്ളി ആരാധനക്കൂട്ടത്തിൽ മോബിന, അക്ബർ എന്നിവർ പുതുതായി സംബന്ധിക്കുന്നു. കോതപ്പള്ളി ഗ്രാമത്തിലെ നമ്മുടെ വിശ്വാസിയായ നാഗവേണിക്കു ഒരു പൈതലിനെ നൽകി ദൈവം അനുഗ്രഹിച്ചു. രാമരപള്ളി ഗ്രാമത്തിലെ വെങ്കിട്ടജലാപതിയെ മദ്യാസക്തിയിൽ നിന്നു ദൈവം വിടുവിച്ചു. എത്തുവതടലവവാരിപള്ളി ഗ്രാമത്തിലെ പിന്മാറ്റക്കാരായ വിശ്വാസികൾ തിരികെ വരേണ്ടതിനായി പ്രാർത്ഥിക്കുക.

ദേവനപ്പള്ളി ദൈവാലയത്തിന്റെ ചുറ്റു മതിൽ പണി വേഗത്തിൽ പൂർത്തീകരിക്കേണ്ടതിനായി പ്രാർത്ഥിക്കുക. പഴകിയ പനിയിൽ നിന്നും ബീർബായെയും തൊണ്ടക്കു അണുബാധയുണ്ടായ രത്തി ബോണാപള്ളി ഗ്രാമത്തിലെ വെങ്കിടലക്ഷ്മിയെയും കർത്താവ് സൗഖ്യമാക്കി. ഇശ്വര്യയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക.

## 27
## ഫെബ്രുവരി
## ഞായർ

### ജന്മദിനാശംസകൾ

നിയാങ് ഖാൻ മാൻ;
അനിത ശിശുപാൽ

### പാലമനെർ

**സത്യയപ്പ & ശ്യാമള**

നമ്മുടെ വിശ്വാസികൾ തങ്ങളുടെ ദാനങ്ങളാൽ ദൈവാലയത്തിന്റെ അറ്റകുറ്റ പണിയും പെയിന്റിംഗും നടത്തി. വിശ്വാസികളുടെ സഹായത്താൽ ഗജലവാരിപ്പള്ളി ദൈവാലയ നിർമ്മാണം വിജയകരമായി പൂർത്തീകരിച്ചു. കോലമാസനപള്ളി ഗ്രാമത്തിലെ സുബ്രമണ്യനെ ക്ഷയരോഗത്തിൽ നിന്നും ദൈവം വിടുവിച്ചു.

കൊലമാസനപ്പള്ളി മിഷൻ വയലിൽ ഒരു പരിശീലന കേന്ദ്രം സ്ഥാപിച്ചു. രാവണയൻ ഗരിപ്പള്ളി, ദേവലപ്പള്ളി, മിട്ടാപ്പള്ളി, അപ്പനാപ്പള്ളി, തല്ലപ്പള്ളി എന്നീ ദൈവാലയങ്ങൾക്കു ചുറ്റു മതിൽ പണിതു. സുവിശേഷീകരണ പ്രവർത്തനത്തിനു സഹായകരമായി ഗോസ്പൽ രഥത്തിനു ഒരു വാൻ ലഭിക്കേണ്ടതിനായി പ്രാർത്ഥിക്കുക.

### ഡാമലച്ചെരിവ്

**പ്രസാന്ത് മീസാല & രൂപ**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. സഭയിലെ പ്രവർത്തനത്തിലും സുവിശേഷീകരണ പ്രവർത്തനത്തിലും വിശ്വാസികൾ ആത്മാർത്ഥമായി പങ്കെടുക്കുന്നു.

സുവിശേഷീകരണ പ്രവർത്തനത്തിന്റെ വിജയത്തിനായി പ്രാർത്ഥിക്കുക. ദീക്ഷിത് കാതിലുള്ള പ്രശ്നവും ദേവികയുടെ മൂത്രാശയ സംബന്ധമായ രോഗവും സൗഖ്യമാകേണ്ടതിനായി പ്രാർത്ഥിക്കുക.

### മാദനപ്പള്ളി

**ക്രെസൻസ് വെങ്കിടേശൻ & ശശികല**

രണ്ടു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. പ്രശ്നങ്ങളൊന്നുമില്ലാതെ സുവിശേഷീകരണ പ്രവർത്തനം നടത്തി. മരണ ശയ്യയിൽ നിന്നു ഗോപിയെ ദൈവം സൗഖ്യമാക്കി.

സത്യാന്വേഷകരായ ജ്യോതി, ഭാരതി, നാരയാണമ്മ അനു എന്നിവർ തടസ്സങ്ങളെ അതിജീവിച്ച് യേശുവിലുള്ള വിശ്വാസം പരസ്യമായി ഏറ്റു പറയേണ്ടതിനായി പ്രാർത്ഥിക്കുക. ദണ്ടെലുരു ഗ്രാമത്തിൽ ഒരു ദൈവാലയം പണിയേണ്ടതിനായി പ്രാർത്ഥിക്കുക. അവലപ്പള്ളി പ്രദേശത്തെ 12 ഗ്രാമങ്ങളിൽ നടത്തുന്ന സുവിശേഷീകരണ പ്രവർത്തനത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

### പുലിവെന്ദുല

**വിജയകുമാർ & സുശീല**

മൂന്നു വ്യക്തികൾ യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചു. നമ്മുടെ സഭാ മൂപ്പൻ നവോമിയുടെ മകൾക്കു നഷ്ടമായ ജോലി തിരികെ ലഭിച്ചു. ഡെങ്കു പനിയിൽ നിന്നു ഗംഗദേവിയെയും ദിവ്യയെയും ഞരമ്പു സംബന്ധമായ രോഗങ്ങളിൽ നിന്നു രാമകൃഷ്ണനെയും കർത്താവ് സൗഖ്യമാക്കി.

നമ്മുടെ വിശ്വാസി രേണുകയുടെ കടഭാരം മാറേണ്ടതിനായി പ്രാർത്ഥിക്കുക. മൂത്രാശയ സംബന്ധമായ രോഗത്തിൽ നിന്നും കാവ്യശ്രീ, സദാശിവപ്പ എന്നിവരെയും തളർവാത്തിൽ നിന്നു മാത്തിയെയും കർത്താവ് സൗഖ്യമാക്കേണ്ടതിനായി പ്രാർത്ഥിക്കുക.

## 28
## ഫെബ്രുവരി
### തിങ്കൾ

### ജന്മദിനാശംസകൾ

വിനു പി;
ശമുവേൽ ജെ;
ഐറിൻ ലെത്തെൻമൗങ് ഹയോകിപ്

## തമിഴ് നാട്

### തിരുവള്ളൂർ

**പോൾ ആനന്ദൻ & സരൾ ജോതി**

ഗോവർദ്ദന്റെ കുടുംബത്തിലെ വിവാഹത്തെ ദൈവം ആശീർവദിച്ചു. മുത്തുകൊണപുരം, വേണുഗോപാലപുരം, കൃഷ്ണപുരം, രാമപുരം, കാകകാന്ദിഗൈ എന്നീ ഗ്രാമങ്ങളിൽ അനുധാവന പ്രവർത്തന നടത്തി. വിശ്വാസികളുടെ ആത്മീകവും ഭൗതീകവുമായ വളർച്ചക്കു അതു പ്രയോജനകരമായിരുന്നു. നമ്മുടെ വിശ്വാസി അനിതക്കു പ്രാർത്ഥനയാൽ ഒരു പൈതൽ ജനിച്ചു.

നമ്മുടെ വിശ്വാസി കവിതയുടെ സുഖ പ്രസവത്തിനായി പ്രാർത്ഥിക്കുക. പൈശാചിക ബന്ധനത്തിൽ നിന്നു സുമലത, ഗോപി എന്നിവരും മദ്യാസക്തിയിൽ നിന്നു സെൽവി, കുമാർ എന്നിവരും മുക്തരാകേണ്ടതിനായി പ്രാർത്ഥിക്കുക. വിശ്വാസികളായ ഉഷ, രാജേശ്വരി, മുനിയമ്മാൾ, കമല, രേവതി എന്നിവരുടെ കുടുംബത്തിന്റെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക.

**വിവിധ രോഗങ്ങളാൽ ഭാരപ്പെടുന്ന മിഷനറിമാരുടെയും സുവിശേഷകരുടെയും സ്പോൺസറന്മാരുടെയും പ്രാർത്ഥനക്കൂട്ട നേതാക്കന്മാരുടെയും അംഗങ്ങളുടെയും സൗഖ്യത്തിനായി പ്രാർത്ഥിക്കുക.**

## കൊല്ലുന്ന ആത്മാവ് വിട്ടു പോയി അവൻ അനുഗ്രഹിക്കപ്പെട്ടു

മദ്ധ്യപ്രദേശിൽ ഖാൽവ മിഷൻ വയലിലെ ജാംദാദ് ഗ്രാമത്തിലുള്ള 28 വയസ്സുള്ള സജ്ജു ഗുരുതര രോഗത്താൽ വലയുകയായിരുന്നു. രോഗം കഠിനമായതിനാൽ അവനു നടക്കുവാൻ കഴിയില്ല. കഴിഞ്ഞ വർഷം ഇതെ രോഗത്താൽ അവന്റെ സഹോദരൻ കൊല്ലപ്പെട്ടിരുന്നു. അനേക സ്ഥലങ്ങൾ സന്ദർശിച്ച് രോഗത്തിന്റെ കാരണം കണ്ടെത്തുവാൻ ശ്രമിച്ചു. ഒടുവിൽ ആഭിചാര ക്രീയ ചെയ്യുന്ന അവന്റെ മൂത്ത സഹോദരനാണ് ഈ രോഗത്തിന്റെ കാരണക്കാരൻ എന്നു കണ്ടെത്തി. സഹോദര കുടുംബതത്തിലുള്ള എല്ലാവരെയും കുലപ്പെടുത്തി അവരുടെ വസ്തു സ്വന്തമാക്കുവാൻ ഇയാൾ പദ്ധതിയിട്ടിരുന്നു. തുടർന്നു സാമ്പത്തികമില്ലാത്തതിനാലും ശക്തിയില്ലാത്തതിനാലും അവർ മിണ്ടാതെയിരുന്നു വേദനയനുഭവിച്ചു. അവന്റെ വയലിൽ കൃഷി ചെയ്യുവാൻ സാധിച്ചില്ല. അവന്റെ ചികിത്സക്ക് ആവശ്യമായ പണം കണ്ടെത്തുന്നതിനു വസ്തു പണയപ്പെടുത്തി. ചില നാളുകൾക്കു ശേഷം ജാംദാദിൽ നിന്നു ഒരു വിശ്വാസി മുന്നിബായി അവിടെ സുവിശേഷവുമായി കടന്നു ചെന്നു. അവൾ തന്റെ സാക്ഷ്യം അവരുമായി പങ്കുവെച്ചു അവരെ ആലയത്തിലേക്കു ക്ഷണിച്ചു. അവർ വിശ്വസിച്ചു ആ ഞായറാഴ്ച സജ്ജു ഖാൽവയിലെ ദൈവാലയത്തിൽ സംബന്ധിച്ചു. രണ്ടു മാസത്തിനുള്ളിൽ ദൈവം അവനു പൂർണ്ണ സൗഖ്യം നൽകി. ഇപ്പോൾ അവൻ ആരോഗ്യവാനായി ഭവനകാര്യങ്ങൾ ചെയ്യുവാൻ പ്രാപ്തനായി. അതുകൂടാതെ അവൻ മറ്റുള്ളവരോടു സുവിശേഷം പങ്കുവെക്കുന്നു. ദൈവത്തിനു മഹത്വം

മിഷനറി ആൽബം

368

പശ്ചിമ ബംഗാളിലെ ജമഗാട ഗ്രാമത്തിലുള്ള ഒരു അക്രൈസ്തവ കുടുംബത്തിൽ രണ്ടാമത്തെ മകനായി സഹോ. ബിമൽ ചന്ദ്ര മുർമ്മു 1979 മാർച്ച് 20 ന് ജനിച്ചു. അവനു ഒരു മൂത്ത സഹോദരിയും ഒരു ഇളയ സഹോദരനും ഉണ്ട്. അവനു അഞ്ച് വയസ്സായപ്പോൾ മാതാവ് മരിച്ചു. പിതാവാണ് അവരെ വളർത്തിയത്. ആ ഗ്രാമത്തിലെ ആദ്യ വിശ്വാസിയായ അവന്റെ അമ്മാവനിലൂടെയാണ് അവൻ യേശുവിനെ അറിഞ്ഞത്. പ്രാർത്ഥന യോഗത്തിലും ക്രിസ്തീയ പ്രോഗ്രാമുകളിലും പങ്കെടുക്കുവാൻ അമ്മാവൻ ഉത്സാഹിപ്പിച്ചു. 1996 ൽ ദൈവാലയത്തിലെ ആരാധനയിൽ പങ്കെടുക്കുമ്പോൾ ഒരു അത്മായ നേതാവ് കർത്താവിന്റെ രണ്ടാം വരവിനെ കുറിച്ചു പ്രസംഗിച്ചു. ആ സന്ദേശത്തിലൂടെ ദൈവാത്മാവ് അവനോടു ഇടപെട്ടു. അവൻ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. അവൻ പ്രാപിച്ച രക്ഷയുടെ സന്തോഷം ബന്ധുമിത്രാദികളോടു പങ്കുവെക്കുവാൻ തുടങ്ങി. വിദ്യാ സാഗർ യൂണിവേഴ്സിറ്റിയിൽ നിന്നു അവൻ ബി എ ബിരുദം കരസ്ഥമാക്കി.

പൂർണ്ണ സമയ സുവിശേഷവേലക്കു താൽപര്യമില്ലാതെ കൊൽക്കത്തയിൽ B.Th. പഠിക്കുന്ന വേളയിൽ അവൻ സംബന്ധിച്ച വിവിധ യോഗങ്ങളിലൂടെ ദൈവം അവനെ പൂർണ്ണ സമയ സുവിശേഷ വേലക്കായി വിളിച്ചു. ജാർഖണ്ഡിലെ ജംഷഡ്പൂറിലുള്ള ഗ്രേസ് ബൈബിൾ കോളജിൽ ഒരു വേദപുസ്തക അദ്ധ്യാപകനായി ജോലി ആരംഭിച്ചു. സുവിശേഷം ശ്രവിക്കാത്തവരുടെ ഇടയിൽ സുവിശേഷം അറിയിക്കണമെന്ന ഭാരം അവനെ അലട്ടി കൊണ്ടിരുന്നു. 2006 ൽ FMPB യിൽ ചേർന്നു. ഉത്തർ പ്രദേശിലുള്ള ഝാൻസിയിൽ ഒരു വർഷത്തെ മിഷനറി പരിശീലനം പൂർത്തീകരിച്ചു. 2007 ൽ പശ്ചിമ ബംഗാളിലെ സുഡാൻ മിഷൻ വയലിൽ ആദ്യമിഷനറിയായി നിയോഗിച്ചു. 2009 മുതൽ 2011 വരെ ജാർഖണ്ഡിലെ ടൊൻഡോ മിഷൻ വയലിൽ പ്രവർത്തിച്ചു.

ജാർഖണ്ഡിലെ അണാരിയ ഗ്രാമത്തിലെ ഒരു അക്രൈസ്തവ കുടുംബത്തിലെ ഏഴു മക്കളിൽ നാലാമത്തെ മകളായി സഹോദരി ചിന്താമണി കിസ്കു 1990 ഓക്ടോബർ 24 ന് ജനിച്ചു. 2005 ൽ ഒരു ആരാധന യോഗത്തിൽ സംബന്ധിക്കുന്ന വേളയിൽ അവൾ യേശുവിനെ സ്വന്ത രക്ഷിതാവായി സ്വീകരിച്ചു. 2006 ൽ അവളുടെ കുടുംബാംഗങ്ങളെല്ലാവരും യേശുവിനെ രക്ഷിതാവായി സ്വീകരിച്ചു സഭയിലെ അംഗങ്ങളായി. പിന്നീട് അവൾ സഭയിലെ പാസ്റ്ററുടെ കൂടെ സുവിശേഷീകരണ പ്രവർത്തനത്തിൽ ഏർപ്പെട്ടു. പന്ത്രണ്ടാം ക്ലാസ്സിലെ പഠനം പൂർത്തീകരിച്ച ഉടനെ അന്ത്യോക്യ ബൈബിൾ സെമിനാരിയിൽ ചേർന്നു പഠിച്ചു. സെമിനാരി പഠനം പൂർത്തീകരിച്ചു 2011 ൽ അവൾ FMPB യിൽ ചേർന്നു.

2011 മെയ് 3ന് ബിമൽ ചന്ദ്രയും ചിന്താമണിയും തമ്മിലുള്ള വിവാഹം നടന്നു. അവർ കുടുംബമായി ഝാൻസി (2011-2012); കിയോൻജുകർ, ഒഡിഷ (2012-2013), ജഗനാഥ് പൂർ, ജാർഖണ്ഡ് (2013-2014); ഗുണ (2014-2019) എന്നീ മിഷൻ വയലുകളിൽ പ്രവർത്തിച്ചു. 2019 മുതൽ ഇവർ മദ്ധ്യപ്രദേശിലെ ബിന്ദ് മിഷൻ വയലിൽ പ്രവർത്തിക്കുന്നു.

ദൈവം ഈ ദമ്പതികൾക്കു മൂന്നു പെൺമക്കളെ നൽകി അനുഗ്രഹിച്ചു. കീർത്തിക മുർമ്മു (23.6.2015), അഷിന മുർമ്മു (29.7.2017) എസ്ഥേർ മുർമ്മു (13.11.2020).

ഈ മിഷനറി കുടുംബത്തെ നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയിൽ ഓർക്കുക.



**ശ്രീ. ബിമൽ ചന്ദ്ര മുർമ്മു & ശ്രീമതി. ചിന്താമണി കുടുംബം**



# 1000 മണിക്കൂർ നിരന്തരമായ വാർഷിക പ്രാർത്ഥനയിൽ പങ്കുചേരുക

## 2022 മാർച്ച് 2 ബുധനാഴ്ച മുതൽ
## 2022 ഏപ്രിൽ 13 ബുധനാഴ്ച വരെ

**2022 നോമ്പ് നാളുകളിൽ നമ്മുടെ രാജ്യത്തിന്റെ സൗഖ്യത്തിനും സഭകളുടെ ഉണർവ്വിനും ദൈവീക ശുശ്രൂഷകളുടെയും മിഷനറിമാരുടെയും അനുഗ്രഹത്തിനുമായി ഇടിവിൽ നിന്നു പ്രാർത്ഥിക്കുവാൻ ഞങ്ങൾ നിങ്ങളെ ഹൃദയംഗമായി ക്ഷണിക്കുന്നു.**

### പ്രാർത്ഥന രീതികൾ

| | | |
|---|---|---|
| ചങ്ങല പ്രാർത്ഥനകൾ | :- | പ്രാർത്ഥനക്കൂട്ടങ്ങളിൽ, സഭകളിൽ, മൊബലൈസേഷൻ ജില്ലകളിൽ |
| 12 / 24 / 72 മണിക്കൂർ ഉപവാസ പ്രാർത്ഥനകൾ | :- | എല്ലാ മൊബലൈസേഷൻ റീജിനുകളിൽ |
| 1 / 3 മണിക്കൂർ മദ്ധ്യസ്ഥ പ്രാർത്ഥനകൾ | :- | പ്രാർത്ഥനക്കൂട്ടങ്ങളിൽ, സഭകളിൽ, പ്രാർത്ഥനക്കൂട്ട നേതാക്കന്മാരുടെയും അംഗങ്ങളുടെയും ഭവനങ്ങളിൽ |

**വ്യക്തികളായി, കുടുംബങ്ങളായി, സഭകളായി, പ്രാർത്ഥനക്കൂട്ടങ്ങളായി വലിയൊരു ഗണമായി പ്രാർത്ഥന ചങ്ങലയിൽ നമുക്കു അണിചേരാം. അങ്ങനെ നമ്മുടെ രാജ്യത്ത് ദൈവത്തിന്റെ മഹത്വം വെളിപ്പെടുന്നത് കാണാം**

പ്രാർത്ഥന വിഷയങ്ങൾ ലഭിക്കുന്നതിനായി FMPB യുടെ പ്രാർത്ഥന വിഭാഗത്തെയോ മൊബലൈസേഷൻ സെക്രട്ടറിമാരെയോ ദയവായി സമീപിക്കുക.

**prayer@fmpb.org / 044-2657 4311**

- Prayer Wing, FMPB

***Published by:*** S. Sutharsan Thomas Jeyaraj on behalf of Friends Missionary Prayer Band from 29, High School Road, Ambattur, Chennai 600 053. Tel. 044-2657 0404 E-mail: info@fmpb.org ***Printed by:*** Rasi Graphics (P) Ltd. No. 40, Peters Road, Royapettah, Chennai - 600014. ***Editor: S. Sutharsan Thomas Jeyaraj***